L. ense No. 1/1·
Dated 15—3—1117. / 31—10—1941.
Reg. C. No.
പത്രാധിപന്മാർ: പി. പോൾ, എം. എ.
കെ. ജെ. ജോസഫ് തേറാട്ടിൽ, എം. എ., ബി. എ






| പുസ്തകം 1 | 1117 വൃശ്ചികം | ലക്കം |
|---|---|---|

1 വേട്ടക്കാരൻ രാജാവ് (ഒരു മനഃശാസ്ത്രപഠനം)
മാടശ്ശേരിൽ മാധവവാരിയർ, ഹരിപ്പാട്.

2 "ശ്രീ ബുദ്ധ കശാപ്പുകട"
പുത്തൻകാവ് മാത്തൻ തരകൻ.

3 കേരളീയസാഹിത്യം അവലംബിക്കേണ്ട മാർഗ്ഗം
കെ. ശേഷയ്യർ, ബി. എ.

4 മിസിസ്സ് സരോജിനിനായിഡു
മിസ് എം. ദേവകി, ബി. എ.

5 തപ്തഹൃദയം — പി. എച്ച്. എസ്സ്.

6 സ്ത്രീവിദ്യാഭ്യാസവും അനന്തര പരിശ്രമവും
മിസ്സസ്സ് കാത്തറയിൻ കല്ലുക്കാരൻ, ബി. എ.

7 "കോവർ കഴുത" — വൈക്കം മുഹമ്മദ് ബഷീർ.

8 ഗർഭിണി — എ. കെ. ജി.

9 ഗാസ്സ്

10 കർണ്ണാടക സംഗീതം
സി. സി. എലിസബെത്ത്.

11 താരങ്ങൾ — വിദ്വാൻ അടയത്തു കൃഷ്ണപിള്ള.

12 അന്ത്യം — പെരുന്ന കെ. വി. തോമസ്സ്.

13 സമരയാത്ര — വൈദ്യൻ പി. എൻ. ദാമോദരൻനമ്പൂതിരി.

ഈ മാസികയിലുള്ള ലേഖനങ്ങൾ മാസികാ പ്രൊപ്രയിററരുടെ അനുവാദം കൂടാതെ പ്രസിദ്ധപ്പെടുത്താവുന്നതല്ല.

മാസികാ പ്രൊപ്രയിററർ.

*    *    *    *

## മാസികാബന്ധുക്കളോട്,

കുറച്ചുകാലത്തേക്കു വരിപ്പണം തന്നു വരിക്കാരായി ചേൎന്നിട്ടുള്ളവർ, ഒരു കൊല്ലത്തെ സംഖ്യയിൽ ബാക്കിയുള്ള തുക അയച്ചു തന്നു സഹായിപ്പ[illegible] വി. പി. സമ്പ്രദായം ഇരുകക്ഷികൾക്കും അസൗകൎയ്യമാകകൊണ്ടു നിവൃത്തിയുള്ളടത്തോളം അതു കൂടാതെ കഴിക്കണമെന്നുതന്നെയാണ് ആഗ്രഹം. കഴിഞ്ഞ ലക്കത്തിൽ ഒരു സ്ലിപ്പുമൂലം മാസികാബന്ധുക്കളോടു അറിയിച്ചതുകൊണ്ട് പലരും വരിസംഖ്യ അയച്ചുതന്നതിന്നു അവരോടു നന്ദിപറഞ്ഞുകൊള്ളുന്നു. തരാത്തവർ വരിസംഖ്യ അയച്ചുതരുവാൻ വീണ്ടും അഭ്യൎത്ഥിച്ചുകൊള്ളുന്നു.

---

നിങ്ങൾക്കു സുഖക്കേടുകൾ ഉണ്ടോ?
ഉണ്ടെങ്കിൽ ഇതൊന്നു വായിക്കണേ!

രാത്രിയും പകലും ഏതു സമയത്തും ഒരേ വിലക്കു മരുന്നുകൾ കൊടുക്കുന്നതിന്ന് തയ്യാറാണ്.

**ജയിംസൺ & കൊ,**
ഇംഗ്ലീഷ് മരുന്നു കച്ചടം,
ബ്രോഡ് വെ,
എറണാകുളം.

---

**T. K. MADHAVAN,**
**Timber Merchant,**
ERNAKULAM.

---

**സി. എൽ. മാത്തു,**
കെമിസ്റ്റ് ദ് റൗണ്ട്—തൃശ്ശൂർ.
രാത്രിയും പകലും ഇംഗ്ലീഷ് മരുന്നുകൾ കൊടുക്കപ്പെടുന്നു.

---

**നിങ്ങൾക്ക് എന്തു വേണം?**

ആഭരണങ്ങളോ?
സ്വൎണ്ണം വേണമോ, വെള്ളി വേണമോ?
വരുവിൻ!

**സി. കെ. ലോനപ്പൻ**
**& ബ്രദേഴ്സ്**

സ്വൎണ്ണക്കച്ചവടം ആഭരണ വ്യാപാരം
ബ്രോഡ് വെ, എറണാകുളം.

**Ornaments and Jewels as Presents,**
**a Speciality**

NEAT PROMIT & FAITHFUL
EXECCTION

C. K. LONAPPAN & BROS.,
**BROADWAY-ERNAKULAM.**

# ഉദയം

പുസ്തകം 1 | 1117 വൃശ്ചികം | ലക്കം 4


## വേട്ടക്കാരൻ രാജാവ്

(ഒരു മനഃശാസ്ത്ര പഠനം)


മാടശ്ശേരിൽ മാധവവാരിയർ, ഹരിപ്പാട്ട്.


രാജകുലത്തിൽ ജനിച്ചതുകൊണ്ട് അയാൾ രാജാവായിത്തീൎന്നു. അല്ലാതെ അതിനുവേണ്ട ലക്ഷണങ്ങളൊന്നും അയാളിൽനിന്നു സ്തുതിപാഠകന്മാരൊഴികെ ആരും പ്രതീക്ഷിച്ചിരുന്നില്ല. രാജ്യഭരണക്ലേശമെല്ലാം അയാൾ സചിവനിൽ നിക്ഷേപിച്ചു. അനവധി സുന്ദരികൾ ഉണ്ടായിരുന്ന അന്തഃപുരത്തിലും ആരെയും ഉപദ്രവിക്കാതെ കാട്ടിൽ പാൎത്ത മാൻകൂട്ടത്തിലും ശ്രദ്ധ പതിപ്പിച്ച് അയാൾ ജീവിച്ചു. ഒരു നാരിയിലും അയാൾക്കു പ്രത്യേക ആസക്തിയും ആത്ഭ്യം ഉണ്ടായിരുന്നില്ല. വണ്ടിനൊപ്പം പല പൂക്കളും മാറിമാറി നുകരുന്നതുകൊണ്ട് അവരോധത്തിലുള്ളവർ അയാളെ പഴിച്ചു പാടിയാൽ അതും ചെവിക്കു അമൃതമായി അയാൾ കരുതുമായിരുന്നു. അയാളുടെ ചങ്ങാതി അയാൾക്കു ചേൎന്ന ഒരു പമ്പരവിഡ്ഢി—എല്ലാം ഭക്ഷണത്തിൽക്കൂടെ കാണുന്ന ഒരു പെരുവയറൻ. ഒരു ഗുണംമാത്രം ആ രാജാവിനുണ്ടായിരുന്നു. സ്വന്തം മനഃസാക്ഷിയുടെ പ്രചോദനംമാത്രമേ അയാൾ സ്വീകരിച്ചിരുന്നുള്ളു. അതുകൊണ്ടുണ്ടാകുന്ന ഗുണവും ദോഷവും അയാൾ സഹിക്കുവാൻ തയ്യാറായിരുന്നുതാനും. അല്ലാതെ സൂത്രക്കാരനായ മറ്റൊരു രാജാവിനെപ്പോലെ 'വാക്കൊന്നുമാത്രമേ എന്റേതുള്ളു. കുറ്റമെല്ലാം മന്ത്രിമാരുടേതാണ്' എന്നു പറഞ്ഞൊഴിയുവാൻ അദ്ദേഹം തയ്യാറായില്ല.

ഈ രാജാവു കണ്ടുപിടിച്ച പെണ്ണോ? അവൾ ഇതിലേറെ വിചിത്രം. പാകമായി ഞെട്ടയഞ്ഞു തൊട്ടാൽവീഴാൻ തയ്യാറായി നില്ക്കുന്ന മാമ്പഴംപോലെയുള്ളവൾ. കാമപരവശയായി സ്വന്തം ആഗ്രഹം പുരുഷനെ അറിയിക്കുവാൻ വലിഞ്ഞുകയറി തയ്യാറായവൾ. അവളുടെ തോഴികളും ഈ തൊഴിലിനു ചേൎന്നവർ. കാമുകൻ രണ്ടു പ്രാവശ്യം ഇവരുടെ സല്ലാപം ഒളിഞ്ഞുനിന്നു കേൾക്കുന്നു. ദൂതനെ അന്വേഷിക്കുന്നതിനുമുമ്പ് 'അഞ്ജനൗഷധിതേടുമളവിലപാരദൈവയോ

ഗാൽ നിധി കണ്ടുനേർമിഴി കാലിലണയ്യുതു കളയുന്നവരുണ്ടോ?' എന്നു പാടി പെണ്ണിന്റെ മുന്നിൽ പ്രത്യക്ഷപ്പെടുന്നു സഖികൾ ചില ഒഴികഴിവു പറഞ്ഞു പിരിയുന്നു. ശേഷം ചിന്ത്യം.........

ഗർഭിണിയായ ഭാര്യ ഭർത്താവിനെ തേടി കൊട്ടാരത്തിൽ ചെന്നപ്പോൾ പണ്ടത്തെ കഥ എല്ലാം അയാൾ മറന്നിരിക്കുന്നു................

II

ശാകുന്തളം കഥയാണ് മുകളിൽ കുറിച്ചതു്. എന്തുകൊണ്ടാണ് ആദർശലോകത്തിന് അത്ര ഹിതമാകാത്ത ഈ കഥ കാളിദാസൻ അത്യുത്തമമായ തന്റെ നാടകത്തിനു തിരഞ്ഞെടുത്തതു് എന്നു ഞാൻ ഏറെ നാളായി ചിന്തിച്ചു വരികയാണ്. ഡി. എൽ. റായി എന്ന വംഗസാഹിത്യകാരൻ 'കാളിദാസനും ഭവഭൂതിയും' എന്ന വിമർശത്തിൽ കാളിദാസനുള്ളതും ഭവഭൂതിക്കില്ലാത്തതുമായ പല ദൂഷ്യങ്ങളെയും ചൂണ്ടിക്കാണിക്കുന്നുണ്ട്. അവ ഇവിടെ ആവർത്തിക്കണമെന്നു വിചാരിക്കുന്നില്ല. ഉത്തരരാമചരിതത്തിന്റെ കർത്താവു ഭാവനയിലും ജ്ഞാനത്തിലും കാളിദാസനേക്കാൾ മികച്ചവനായിരിക്കാം. അദ്ദേഹത്തിന്റെ നായകനും നായികയും ആദർശകോടിയുടെ അത്യുത്തമസ്ഥാനത്തു നിൽക്കുന്നവരായിരിക്കാം. എന്നാൽ വിശ്വമഹാകവികൾക്കുമാത്രം ലഭ്യമാകുന്ന 'മഹാരീതി' (Grand Style) കാളിദാസനു ലഭ്യമായിരുന്നു. അതാണ് ഉത്തരരാമചരിതത്തേക്കാൾ മെച്ചം ശാകുന്തളത്തിനുണ്ടാക്കിക്കൊടുത്തതു്. 'ഏതു വിഷയവും പുതുമയോടുകൂടെ പ്രതിപാദിച്ചു ആനന്ദത്തിന്റെ പരമകോടിയിൽ കൊണ്ടെത്തിക്കുവാനുള്ള പ്രത്യേക സാമർത്ഥ്യമാണി'തെന്നു ചുരുക്കിപ്പറയാം. മനുഷ്യജീവിതത്തിൽ ധാരാളം ഉണ്ടാകുന്ന ഒരു സംഭവം തന്മയത്വത്തോടെ പ്രതിപാദിക്കുന്നതായിരിക്കും ആയിരക്കണക്കിന് ആദർശപ്രസംഗങ്ങൾ കേൾക്കുന്നതിലും ഏവർക്കും ഇഷ്ടം. ശാകുന്തളത്തിലെ കഥ മനുഷ്യന്റെ ജീവിതത്തിലെ ഒരു സംഭവമാണെന്നും അതിനെ എങ്ങനെ കാവ്യരൂപ[illegible] പ്രതി[illegible] എന്നും ഒന്നു വിശദമാക്കുകയാണ് ഇവിടെ ഞാൻ ചെയ്യുന്നതു്.

III

നമ്മുടെ പൂർവ്വപിതാമഹന്മാരുടെ 'നായാട്ടി'ലുള്ള ഭ്രമം ഇന്നും പുരുഷന്മാരെ വിട്ടുമാറിയിട്ടില്ല. സുന്ദരവസ്തുക്കളെ സ്വായത്തമാക്കുവാനുള്ള ആസക്തിയും 'ഭൂരികളത്ര'ങ്ങളിലുള്ള ആസക്തിയും ഇതുപോലെതന്നെ. മുകളിൽപറഞ്ഞതു രണ്ടും സംവദിക്കുന്നവരും മൂന്നാമത്തെ കാര്യത്തിൽ എന്നോടു വിയോജിച്ചേക്കാം. എന്നാൽ അല്പം ആലോചിക്കുന്നവരും, സ്വന്തം മനസ്സിന്റെ കണ്ണുമൂടുവാൻ മടിയുള്ളവരും ഇതും പരമാർത്ഥമാണെന്നു സമ്മതിക്കും. നിയമത്തിനെ പേടിച്ചിട്ടോ മററു വല്ല കാരണംകൊണ്ടോ ദേഹസംബന്ധമായ വ്യഭിചാരം നടത്തുവാൻ പലർക്കും പേടിയുണ്ടെങ്കിലും മനസ്സുകൊണ്ടും കണ്ണുകൊണ്ടും അതിനു തുനിയാത്തവരെ കണ്ടുകിട്ടുവാൻ പ്രയാസമാണ്. അല്ലെങ്കിൽ സാമൂഹ്യസമ്മേളനങ്ങൾക്കും, ഉത്സവങ്ങൾക്കും, സിനിമായിക്കും ആയിരക്കണക്കു ആളുകൾ വന്നു ചേരുന്നതു് എന്തിനാണ്?

അതുപോലെയാണ് ഒളിച്ചിരുന്നു പെണ്ണുങ്ങളുടെ സംഭാഷണം കേൾക്കുന്നതും. ഇന്നും ഇതിനു തുനിയുന്നവർ അനവധിയുണ്ടെന്നതു് ഒരു പച്ചപ്പരമാർത്ഥം മാത്രമാണ്.

മുകളിൽ ഉപചിപ്പിച്ചതു് എൻെറ അഭിപ്രായംമാത്രമല്ല. സുപ്രസിദ്ധയായ ഡോക്ടർമേരിസ്റ്റോപ്സ് 'Married Love' എന്ന ഗ്രന്ഥത്തിൽ പറയുന്നതു നോക്കുക. 'പുരുഷൻ ഇന്നും സ്വഭാവത്തിൽ ഒരു വേട്ടക്കാരൻതന്നെ. അനുധാവനം ചെയ്യുമ്പോഴുണ്ടാകുന്ന ആശകളും ആനന്ദവും അയാൾ ... കാണുന്നു. എന്നുമാത്രമല്ല അയാൾ നിനച്ചിരിക്കാതെ കാട്ടിൻ നടുവിൽ സൗന്ദര്യദേവതയെ കണ്ടുമുട്ടമെന്നും കിനാവു കാണുക പതിവാണു്.'

ഇനിയും ആലോചിക്കാനുള്ളതു് ശകുന്തളയുടെ കൊട്ടാരത്തിലെത്തിയ രംഗമാണു്. കവി ശപിക്കുവാൻ ദുർവ്വാസാവിനെ ഈ കഥയിൽ വലിച്ചിഴച്ചുകൊണ്ടു വരുന്നുണ്ടു്. അതില്ലാതെതന്നെ ജീവിതമാകുന്ന ശാകുന്തളത്തിൽ വിവാഹിതർ തങ്ങൾ വിവാഹം ചെയ്തതാണെന്ന കഥ പലപ്പോഴും മറക്കാറുണ്ടു്. കഥകളിൽ മാത്രമല്ല ജീവിതത്തിലും ഉണ്ടാകുന്ന 'ജീവിത ത്രികോണങ്ങൾ' (Marriage Triangle) ഇതുകൊണ്ടു വന്നുകൂടുന്നതാണു്. മൂന്നാമതു് ഒരു വേഷം വാസ്തവത്തിൽ ഇവിടെ ചിലപ്പോഴില്ലെങ്കിലും ഈ അവസ്ഥ വന്നുചേരാറുണ്ടു്. അതിനുള്ള കാരണങ്ങളെന്തെല്ലാമാണെന്നു് ഇനിയും നമുക്കു നോക്കാം.

'അല്പം വിദഗ്ദ്ധിത്തവും, അനല്പം കൗതുകവും' പ്രകൃതിയുടെ പ്രചോദനവുമാണു് യുവാക്കൾക്കു പ്രേമത്തിനു വഴികൊടുക്കുന്നതു്. കാമുകന്മാരുടെ അവസ്ഥയിൽ ഒരുങ്ങി നല്ല വേഷത്തിലേ അന്യോന്യം കാണാറുള്ളു. അപ്പോൾ ബന്ധുക്കളെ ഒളിച്ചു അന്യോന്യ പരിലാളനത്തിനു കിട്ടുന്ന സൗകര്യങ്ങളും കുറയും. അതുകൊണ്ടു മിക്കവാറും ആശയിൽമാത്രം നില്ക്കുന്ന ദാമ്പത്യജീവിതം സഫലമാക്കുവാൻ ഉള്ള ആഗ്രഹം വർദ്ധിക്കുന്നു. എന്നാൽ വിവാഹം കഴിഞ്ഞു് തലമറന്നെണ്ണതേച്ചു കഴിഞ്ഞ 'മധുവിധു'വും ഇങ്ങിനിവരാത്തവണ്ണം കഴിഞ്ഞു എന്നു വിചാരിക്കുക. അപ്പോഴേക്കും പ്രണയിനി ഭാര്യയായും കന്യക ഗർഭിണിയായും പരിണമിച്ചുകാണും. ആരാദ്ധ്യദേവത അനാവശ്യമായി പണം ചെലവു ചെയ്യുന്ന ഒരു മനുഷ്യസ്ത്രീയാണെന്നും അവൾ പെണ്ണിൽ പെണ്ണുമാത്രമല്ല മണ്ണിലും മണ്ണുകൂടെയാണെന്നും അയാൾ ധരിച്ചുവെക്കും; അതുമാത്രമല്ല, ദേഹത്തിനു വന്ന രൂപപരിണാമംകൊണ്ടു ഭാര്യാഭർതൃബന്ധം മിക്കവാറും അസാദ്ധ്യമാകയും ചെയ്യും. അപ്പോഴാണു് ആദ്യത്തെ അസ്വാരസ്യവും പ്രണയകലഹവും ഒക്കെ ഉണ്ടാകുന്നതു്. പോരെങ്കിൽ 'അമ്മായിഅമ്മ' എന്നൊരു പിശാചും ഇടക്കുചാടും. ഈ വയ്യാവേലി വേണ്ടായിരുന്നു എന്നു, തനിക്കെതിരായും മകളെ താങ്ങിയും ഇവർ നാഴികക്കു നൂറുവട്ടം അഭിപ്രായവും പറഞ്ഞുതുടങ്ങുമ്പോൾ, യുവാവിനു തോന്നുന്നതിൽ അത്ഭുതപ്പെടുവാനുണ്ടോ? അപ്പോൾ ദുർവ്വാസാവിൻെറ ശാപംകൊണ്ടു പഴയ കഥയെല്ലാം മറന്നുകളഞ്ഞിരുന്നെങ്കിൽ നന്നായിരുന്നെന്നു ഇന്നത്തെ ദുഷ്ഷന്തന്മാരും വിചാരിക്കാതിരിക്കയില്ല.

## IV

അഞ്ചാമങ്കത്തിൽ കാളിദാസൻ ശകുന്തളയെ നല്ല തൻേറടക്കാരിയായി കാണിക്കുന്നുണ്ടു്. എന്നാൽ ഒന്നാമങ്കത്തിൽ കാമപരവശയായി മിക്കവാറും രാജാവിനെ വലിച്ചിഴച്ചു തൻെറ സമീപത്തേക്കു കൊണ്ടുവരുവാൻ ശ്രമിക്കുന്ന ഈ പെണ്ണിൽ പെണ്ണു് എങ്ങനെ ഇത്ര തൻേറടക്കാരിയായിതീൎന്നു? അവൾക്കു കൂടുതൽ ലോകപരിചയമൊന്നും ഇതിനിട

ക്കണ്ടായിട്ടില്ല. അതിന്നു മറുപടി കാളിദാസൻ മനുഷ്യസ്വഭാവം നല്ലവണ്ണം മനസ്സിലാക്കിയ ഒരു മഹാനായിരുന്നു എന്നുള്ളതുമാത്രമാണ്.

സ്ത്രീകളുടെ ജീവിതവും ചന്ദ്രമാസവും തമ്മിൽ വലിയ ബന്ധമുണ്ട്. 27 ദിവസമനുസരിച്ച് അവരുടെ ആരോഗ്യവും കാമവികാരവുമെല്ലാം വർദ്ധിക്കയും വളരുകയും ചെയ്യാറുണ്ട്. ആർത്തവമട്ടത്തും അതു കഴിഞ്ഞും ഉള്ള ദിവസങ്ങളിലാണ് സ്ത്രീകളാകുന്ന കടലിന് വേലിയേററംകൂടുതലുണ്ടാകുന്നത് * ദുഷ്ഷന്തൻ ഈ കാലത്താണ് ശകുന്തളയെ കാണുന്നത്. രാജാവു് ഇവളെ കാണുന്ന സന്ദർഭത്തിൽതന്നെ അവൾക്കു യുവസഹജമായ വികാരങ്ങൾ ഉണ്ടായിരുന്നെന്നു സംഭാഷണത്തിൽനിന്നു നമുക്കു മനസ്സിലാക്കാം. വേലിയേററ സമയത്തു കപ്പൽ കരക്കടുപ്പിക്കുവാൻ സാധിച്ച നാവികനു യത്നം അധികം ചെയ്യേണ്ടിവരുകയില്ല. സംസ്കൃത കവികളുടെ പ്രേമവും ബർനാഡ്ഷായുടെ 'ലൈഫ് ഫോർസ്' (Life-Force), ആശാൻെറ 'സ്നേഹം' ഇവയെല്ലാം പുരുഷനു സ്ത്രീയോടും നാരിക്കു നരനോടും പ്രകൃതിയുടെ പ്രചോദനംകൊണ്ടുണ്ടാകുന്ന ആകർഷണത്തിന്നു അവർ സൃഷ്ടിച്ച വാക്കുകളാണ്. ഈ ആകർഷണം ചന്ദ്രമാസമനുസരിച്ച് കടലിലെ വേലിയേററത്തിനൊപ്പമാണു വർത്തിക്കുന്നതെന്ന ശാസ്ത്രജ്ഞാനം നമ്മുടെ പ്രാചീനാചാര്യന്മാർക്കും പരിചിതമായിരുന്നു. കാളിദാസൻ ഒന്നും മൂന്നും അങ്കത്തിൽ ഇതിനെ കാവ്യമാധുരികൊണ്ടു പൊതിഞ്ഞു വർണ്ണിക്കമാത്രമാണ് ചെയ്തതു്.

അതേവരെ അനുഭവിച്ചിട്ടില്ലാത്തതും ദേഹത്തിന്നു ക്ലേശകരവുമായ പ്രഥമഗർഭം നാരിയുടെ മനസ്സിൻെറ കരുത്തിനെ വല്ലാതെ പരീക്ഷിക്കുന്നുണ്ട്. അപ്പോൾ താൻ ഏററവും സ്നേഹിക്കുന്ന ആൾ തന്നോടു വിപ്രതിപത്തി കാണിക്കുമ്പോൾ അതു സഹിക്കുവാൻ വയ്യാതായിത്തീന്നു അവൾ പരുഷം പറയുന്ന[illegible]സ്വാഭാവികംതന്നെ. 'ദേഷ്യംവരുമ്പോൾ ഒന്നും മനസ്സിൽ വച്ചുകൊണ്ടിരിക്കുവാൻ ഈ സമയത്തു നാരികൾക്കു സാധിക്കയില്ല. മിതഭാഷിണിയും അപ്പോൾ വാദകോലാഹലത്തിന്നു തയ്യാറാകും' എന്ന അഭിപ്രായം എൻെറ ഊഹത്തിന്നു ബലം നൽകുന്നു.

V

പിന്നീട് നമ്മൾ ദമ്പതിമാരെ ഒരുമിച്ചു കാണുന്നതു് ഏഴാമങ്കത്തിലാണ്. പരിത്യക്തയായ ശകുന്തളയെക്കുറിച്ചു വിഷാദിച്ചു മനസ്സിന്നു പാകത സിദ്ധിച്ച നായകനും ആദ്യരംഗത്തിൽ നാം കണ്ട വേട്ടക്കാരൻ രാജാവും തമ്മിൽ സ്വഭാവത്തിനു വലിയ വ്യത്യാസമുണ്ട്. പുത്രൻെറ ജനനത്താൽ ശകുന്തളക്കു ജീവിതത്തിൽ കൂടുതൽ ആസക്തി വന്നുചേരുകയും ചെയ്തു. ഇടക്കു പൊട്ടിയ പ്രണയശൃംഖലയെ യോജിപ്പിക്കാൻ പുത്രനാകുന്ന 'തങ്കം' ലഭിക്കയും ചെയ്തു. രണ്ടുപേക്കും ഒന്നുപോലെ പ്രത്യേകതയുള്ള പുത്രൻ രംഗസ്ഥനായപ്പോൾ ആദ്യം സൗന്ദര്യത്തിൽനിന്നു ജനിച്ച കാമം പ്രണയമായി പരിണമിച്ചു. അവരുടെ സമാഗമവും സുഗമമായിത്തീന്നു ...... .....

ഇങ്ങനെ മഹാകവി, ആദ്യം കണ്ടപ്പോൾ ഉണ്ടാകുന്ന കൊതിയിൽ ഉദിച്ച കാമിനി ഭാര്യയാകുമ്പോൾ വന്നുചേരുന്ന വിരതിയെ വളത്തി ഭാര്യാഭത്താക്കന്മാരെ

* ഈ സംഗതിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ കല്യാണമല്ലൻെറ അനംഗരംഗം (അദ്ധ്യായം രണ്ട്) Stopes, 'Married Love' ഇവയിൽ പ്രതിപാദിച്ചിട്ടുണ്ട്.

തമ്മിൽ പിരിച്ച് പിന്നീട പുത്രമുഖദർനത്തിൽ ഉണ്ടാകുന്ന 'പൊതു ഉടമ'യിൽക്കൂടെ ദമ്പതികളെ ഒന്നാക്കിതീൎക്കുന്ന, ഒരു സാധാരണ സംഭവത്തെ തനിക്കു വശംവദമായ 'മഹാരീതി' മുഖേന പ്രതിപാദിച്ചു വിശ്വമോഹനമാക്കിതീൎത്തു. മിക്ക ദമ്പതികളുടെയും ജീവിതത്തിൽ ഉണ്ടാകുന്ന അവസ്ഥകളാണ് ഇവയെല്ലാം. എന്നാൽ കാളിദാസന്റെ നിസ്തുല്യമായ ഭാവനയിൽ ഈ സംഭവം വളൎന്നു പടൎന്നു ഒരു 'സാഹിത്യകോഹിനൂറാ'യി. 'കവിത വിമൎശന'മാണെന്ന നിർവചനം കവി ഇവിടെ എത്രമാത്രം വിശദീകരിച്ചുഎന്നു പരിശോധിച്ചാൽ മതിയാകും. വേട്ടക്കാരൻ രാജാവും അയാളുടെ കുട്ടിത്തരുണിയും, പല്ലെണ്ണുന്ന വികൃതിച്ചെക്കനും എല്ലാ ഗൃഹങ്ങളിലുമുണ്ട്. ലോകമൊട്ടങ്ങുംവരെ അവർ ഭൂമിയെ വിട്ടുപിരിയുകയില്ല.

സ്ത്രീകൾ എന്താണ് ചിലപ്പോൾ കാരണംകൂടാതെ കരയുന്നതെന്ന് ഒരു ലേഖകൻ ചോദിയ്ക്കുന്നു.

പരിചയംതന്നെ.

* * * * *

അമേരിക്കയിലെ ജോസഫ് വിഗിൻസ് എന്നയാൾ 673 രാവും പകലും തുടച്ചയായി ഉറങ്ങിക്കൊണ്ടിരിക്കയാണു പോലും!

നമുക്ക് അയാളെ നമ്മുടെ നിയമസഭയിലേയ്ക്കയയ്ക്കണം.

* * * * *

ഭാൎയ്യ: "നിങ്ങൾ എനിക്കു പണ്ടത്തേപ്പോലെ സമ്മാനങ്ങളൊന്നും വാങ്ങിച്ചു തരുന്നില്ലല്ലൊ."

ഭൎത്താവു: "അതിനെന്താ. നീ നിനക്കുതന്നെ സമ്മാനിക്കുന്നതിനൊക്കെ ഞാനല്ലേ പണം കൊടുക്കുന്നത്?"

* * * * *

"എന്റെ പെണ്ണുകെട്ടൽ രണ്ടും ഭാഗ്യക്കേടായിപ്പോയി."

"അതെങ്ങനെ?"

"ആദ്യത്തവൾ ഒളിച്ചുപോയി."

"രണ്ടാമത്തവളോ?"

"ഒളിച്ചുപോയില്ല."

* * * * *

സിനിമാതാരം: "വിവാഹജീവിതം ഞാൻ മടുത്തു.

സ്നേഹിത: "എന്നാൽ വിവാഹമോചനത്തിനു ആവശ്യപ്പെടാമല്ലോ."

സിനിമാതാരം: "അതും മടുത്തു."

* * * * *

അദ്ധ്യാപകൻ കുട്ടികളോട് ഒരു മത്സ്യത്തിന്റെ ചിത്രം വീട്ടിൽവച്ച് വരച്ചുകൊണ്ടുവരാൻ പറഞ്ഞു. പിറേറദിവസം എല്ലാവരും സ്ലേററിൽ ചിത്രവും വരച്ചുകൊണ്ടുവന്നു. ഒരു കുട്ടിയുടെ സ്ലേററിൽ ഒന്നുമുണ്ടായിരുന്നില്ല.

"എന്തെടാ നീ വരയ്ക്കാഞ്ഞത്?"

"ഞാൻ ഒന്നാംതരം ഒരു മത്സ്യത്തിന്റെ പടം വരച്ചു സാറേ! പക്ഷേ ഇന്നു കാലത്ത് വീട്ടിലെ പൂച്ച അത് നക്കിത്തിന്നുകളഞ്ഞു."

# "ശ്രീ ബുദ്ധ കശാപ്പുകട"

പുത്തൻകാവ് മാത്തൻതരകൻ.

ആദിയിൽ വികല്പോപാധിവിരഹിതനായ ലോകകാരണനുണ്ടായി. ആ ലോകകാരണൻ മായയെ ആശ്രയഭൂതയാക്കിക്കൊണ്ട് സ്വരൂപത്തെ പരസ്യപ്പെടുത്തുന്നതിനു നടത്തിയ പരിശ്രമത്തിന്റെ ഫലമാണ് ആകാശവും ഭൂമിയും. അപ്പോൾ തലയ്ക്കുമീതെയുള്ള ആകാശവും കാലിനടിയിലുള്ള ഭൂമിയും പരബ്രഹ്മത്തിന്റെ പരസ്യപ്പലകകളാണെന്നുവന്നു. ആകാശപ്പരസ്യപ്പലകയിലെ അക്ഷരങ്ങൾ സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളുമാണ്. ബ്രഹ്മാണ്ഡമാകുന്ന പരസ്യപ്പലകയിലെ സജീവവും സാർത്ഥകവുമായ അക്ഷരങ്ങളത്രെ മനുഷ്യർ. അവർ മനസ്സിൽ കണ്ടു, ഈശ്വരൻ തന്നെത്തന്നെ പരസ്യപ്പെടുത്തിയ സ്ഥിതിക്കു തങ്ങൾക്കും സ്വയം പരസ്യപ്പെടുത്താൻ അവകാശമുണ്ടെന്ന്. അന്നുമുതലാണ് ലോകത്തിൽ പരസ്യവിദ്യ നടപ്പായത്.

അധികാരമുള്ളവരുടെ തലക്കെട്ടും വേഷഭൂഷണാദികളും അവരുടെ പരസ്യങ്ങൾതന്നെയാണ്. മുൻകുടുമയും, പിൻകുടുമയും, പൂണൂലും, കടുക്കനും, ക്രോപ്പും മീശയും, കോട്ടും കുപ്പായവുമൊക്കെ അവയുടെ ഉടമസ്ഥന്മാരെ പരസ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. കാറിൽക്കയറി ഹോണിരപ്പിച്ചു രാജവീഥിയിലെ കാൽനടക്കാരെ ബുദ്ധിമുട്ടിക്കുന്നവർ തങ്ങളുടെ സ്ഥാനമാനങ്ങളേയും ധനപ്രതാപത്തേയും ലോകത്തിന്റെമുമ്പാകെ വിളംബരപ്പെടുത്തുന്നു. വെള്ളച്ചട്ടയും ഞൊറിമുണ്ടും കരയൺ കവണിയും ധരിച്ച് നാലുമണിക്കു റോഡിലിറങ്ങി കുണുങ്ങിക്കുണുങ്ങി നടക്കുന്ന പെൺപിറന്നവരും, മുടിയുംപിന്നി, പൂവും ചൂടി, പൊട്ടുംതൊട്ട് പൂമ്പുള്ളികളുള്ള ബ്ലൗസുമിട്ട് അന്തിമേഘംപോലെയുള്ള സാരിയുംപുതച്ച് വള്ളിച്ചെരിപ്പിൽ കയറി പട്ടണംചുററുന്ന കുട്ടിക്കുരംഗമിഴിമാരും തങ്ങൾ ഇന്നാരൊക്കെയാണെന്നും, ഇന്നേടത്തു താമസിക്കുന്നു എന്നും പൊതുജനങ്ങളെ അറിയിക്കുന്നു. അരയടി പൊക്കമുള്ള ഷൂസിൽ ചാടിക്കടന്ന്, അരയിഞ്ചു കനത്തിൽ അധരചൂർണ്ണം പുരട്ടി മുഖമണ്ഡലത്തിൽ തത്തച്ചുണ്ട് സൃഷ്ടിച്ച്, കാററടിച്ചുലഞ്ഞു ശരീരവർണ്ണം കാണിക്കുന്ന പട്ടുകഞ്ചുകവും ധരിച്ച്, ക്ലോക്കിന്റെ ടിക്ടിക്കടിയുടെ താളത്തിൽ, മുന്നോട്ടു മുന്നോട്ടു ചാഞ്ഞുനടക്കുന്ന ചട്ടക്കാരികളും, മനുഷ്യരെ വശീകരിച്ച് ചെലവുകഴിക്കാൻ പടിഞ്ഞാറുള്ളവർ കണ്ടുപിടിച്ച സ്നോയും പൗഡറും കൊണ്ട് മുഖം വെളുപ്പിച്ച്. മുടിയും ചീകി, ശുഭ്രവസ്ത്രങ്ങളും ധരിച്ച്, വാക്കിംഗ് സ്റ്റിക്കും കറക്കി, സിഗരററും പിടിച്ച് കാററുകൊള്ളാനിറങ്ങുന്ന പുരുഷന്മാരും വാസ്തവത്തിൽ തങ്ങളെത്തന്നെ പരസ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. ഈ പരസ്യപ്പെടുത്തലിന്റെ രഹസ്യമെന്താണെന്ന് മനുഷ്യന്റെ അഹങ്കാരത്തോടു ചോദിച്ചാൽ ഒരുപക്ഷേ ഉത്തരം കിട്ടിയേക്കും.

പക്ഷേ എന്തായാലും ഉത്തരം കിട്ടാത്തതായ ചില പരസ്യങ്ങൾ പ്രപഞ്ചത്തിൽ

എല്ലായിടത്തുമുണ്ട്. അവയ്ക്കു മനുഷ്യരാൽ സൃഷ്ടിക്കപ്പെടുന്ന അചേതന പരസ്യങ്ങളെന്നു പേരുകൊടുക്കാം. കമ്പനികളുടേയും കടകളുടേയും മുൻഭാഗങ്ങളിലാണ് ഈ അചേതനപരസ്യങ്ങൾ കാണപ്പെടുന്നതു്. ഇവയിലാണ് മനുഷ്യന്റെ കാപട്യവും ബുദ്ധിശൂന്യതയും ശരിയായി പ്രത്യക്ഷപ്പെടുന്നതു്. മനുഷ്യനാൽ സൃഷ്ടിക്കപ്പെടുന്ന ഈ ഓരോ പരസ്യവും അവനവനെത്തന്നെ അപഹസിക്കുകയാണ് ചെയ്യുന്നതെന്ന് അവൻ അറിയുന്നില്ല.

ഒരിക്കൽ ഒരുൾനാട്ടിൽക്കൂടെ ഞാൻ സഞ്ചരിക്കുമ്പോൾ റോഡരികിലുള്ള ഒരു ചെറിയ കുടിലിന്റെ മുമ്പിൽ കണ്ടതു് "മഹാത്മാഗാന്ധിവിലാസം ചാരായഷാപ്പ്" എന്നാണ്. ഭാരതീയരെ സമുദ്ധരിക്കുന്നതിനും, ജനങ്ങളെ നീതിപഥത്തിലേക്കു പ്രവേശിപ്പിക്കുന്നതിനും അശ്രാന്തപരിശ്രമംചെയ്തു കഴിഞ്ഞിരിക്കുന്ന പരിത്യാഗിയായ മഹാത്മാഗാന്ധിയുടെ വിലാസമുണ്ടുപോലും ആ ചാരായഷാപ്പിന്. പാവം ഗാന്ധിജി ഇതറിയുന്നോ! അറിഞ്ഞാൽതന്നെ ആ ഷാപ്പുകാരനോടു മത്സരിക്കുമൊ? ഇല്ല. ആവശ്യംപോലെ ചാരായവും കുടിച്ചു് കുടിച്ചേടത്തുതന്നെയിരുന്ന് തമ്മിൽത്തല്ലുനടത്തുന്ന പുരുഷന്മാർ വിഹരിക്കുന്ന ആ ഷാപ്പിൽ അക്രമരാഹിത്യത്തിന്റെ വിജയപതാകയായ ഗാന്ധിജിയുടെ പ്രകാശമുണ്ടെന്നു വന്നാൽ തരക്കേടില്ല. ഈ കാര്യത്തിൽ ഗാന്ധിജി വഴക്കുണ്ടാക്കിയാൽ "ശ്രീ ബുദ്ധ കശാപ്പുകട" സ്ഥാപിച്ചതു പ്രമാണിച്ചു് ശ്രീബുദ്ധൻ യുദ്ധം നടത്തേണ്ടതായിവരും. രാപ്പകൽ കന്നുകാലികളുടെ കൊമ്പൊടിച്ചു് കഴുത്തു കാച്ചുന്ന കശാപ്പുകട ശ്രീബുദ്ധന്റെ സ്മാരകമായിട്ടാണ് കടയുടമസ്ഥൻ സ്ഥാപിച്ചിരിക്കുന്നതു്. "അഹിംസാ പരമോ ധർമ്മഃ" എന്ന് ആദ്യമായി ഉപദേശിക്കുന്നതിന് കൊട്ടാരം വിട്ട് ഭിക്ഷാടനം നടത്തിയ ശ്രീബുദ്ധന്റെ പേരിൽ ഒരു കശാപ്പുകട തുറക്കാൻ ക്രൂരനായ മനുഷ്യനു മടിയില്ല. ഈ നിലയ്ക്കു "ശ്രീയേശുവിലാസം പണയബാങ്കു" സ്ഥാപിക്കുവാൻ ഒരു ക്രിസ്ത്യാനി ധൈര്യപ്പെടുന്നതിൽ അതിശയിക്കാനില്ല. കറക്കിയുരച്ചും, തൂക്കത്തിൽ കുറച്ചും, വട്ടം പിടിച്ചും, പലിശയെടുത്തും പണയംവാങ്ങി പണംകൊടുക്കുന്ന ബാങ്കിനോടു ക്രിസ്തുദേവന്റെ മഹനീയ നാമധേയം ചേർത്താൽ കൊള്ളാം. "ഒട്ടകം സൂചിക്കുഴയുടെ ഇടയിൽക്കൂടി കടന്നാലും ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല" എന്ന് ലോകത്തെ ധരിപ്പിക്കുകയും, യരുശലേം ദേവാലയത്തിൽനിന്ന് പണവ്യാപാരികളെ ആദ്യവും അന്ത്യവുമായി തല്ലിയിറക്കുകയുംചെയ്ത ക്രിസ്തുനാഥനോടുള്ള വിരോധം അദ്ദേഹത്തിന്റെ പേരിൽ ഒരു ബാങ്കു സ്ഥാപിച്ചു് തീർത്തുകളയാമെന്നായിരിക്കാം നമ്മുടെ പണക്കൊതിയൻ കരുതുന്നതു്.

കർത്താവിന്റെ "തിരുഹൃദയം" നമ്മുടെ നാട്ടിലെ ഒരു മീൻചന്തയിലുണ്ട്. കഷ്ടം! മിശിഹാതമ്പുരാന്റെ കല്പനയനുസരിച്ചു വലയിട്ടതിനാൽ അദ്ദേഹത്തിന്റെ ശിഷ്യന്മാൎക്കു വളരെയധികം മത്സ്യം കിട്ടിയെന്നുള്ളതു് നേരാണ്. അതു കരുതി ചീഞ്ഞ മത്സ്യങ്ങൾ കുന്നുപോലെ കൂട്ടിയിടുന്ന മീൻചന്തയ്ക്കു "തിരുഹൃദയ മീൻചന്ത" എന്നു പേരുകൊടുത്ത കച്ചവടക്കാരനെ എന്താണു ചെയ്യേണ്ടതു്?

ലോകത്തിലെവിടെയും ക്ഷുരകഷാപ്പുകൾക്കു് ഒരു ഭംഗിയും മേന്മയും പിടിപ്പിക്കാറുണ്ടെന്നുതന്നെയല്ല നല്ല പേരുകളും അവയ്ക്കു കല്പിക്കാറുണ്ട്. ആ കൂട്ടത്തിലും

പ്പെട്ടഒന്നാണ് "വല്ലഭായ് പട്ടേൽ ഹെയർ കട്ടിംഗ് സലൂൺ." ഭാരത നേതാക്കന്മാരിൽ ഒരാളായ ശ്രീയുത് പട്ടേലിൻെറ പേരിട്ടാൽ വേല ധാരാളം കിട്ടുമെന്നേ ക്ഷുരകൻ കരുതിയിട്ടുള്ളു. പക്ഷേ ശ്രീയുത് പട്ടേലിനു സഹാറാ പോലെ ശൂന്യമായ ഒരു കഷണ്ടിത്തലയാണുള്ളതെന്നു ക്ഷുരകനറിഞ്ഞുകൂടാ. ഒരു പക്ഷേ എൻെറ ഊഹം തെററിയെന്നുവരാം. കഷണ്ടിക്കാക്കുമാത്രം മുടിവെട്ടാനായിരിക്കുമൊ ക്ഷുരകൻ ആ ഷാപ്പു തുറന്നതു്? ക്ഷുരകന്മാർ പറഞ്ഞു കേട്ടിട്ടുണ്ട്, കഷണ്ടിക്കാരുടെ മുടിവെട്ടാൻ വളരെ പ്രയാസമാണെന്ന്. അതുകൊണ്ട് കഷണ്ടിത്തലയിലെ മുടിവെട്ടുന്നതിൽ വൈദഗ്ധ്യം നേടിയിട്ടു കഷണ്ടിപ്രധാനനായ ഒരു മഹാൻെറ പേരിൽ സലൂൺ സ്ഥാപിച്ചതായിരിക്കാമെന്നും അനുമാനിക്കരുതോ? "മുഖത്തിനു യോജിച്ച തരത്തിൽ ക്ഷൗരം ചെയ്യുന്ന സ്ഥലം" എന്ന് മറെറാരു ക്ഷുരകൻ എഴുതി പരസ്യപ്പെടുത്തിയിട്ടുണ്ട്. ഇയാൾ മുഖത്തിനു യോജിച്ച തരത്തിൽ ക്ഷൗരം ചെയ്യുന്നതിലാണ് നൈപുണ്യം സമ്പാദിച്ചിട്ടുള്ളതു്. മററു ക്ഷുരകന്മാർ ഇതിനു പ്രാപ്തിയുള്ളവരല്ലെന്നാണ് ഇയാളുടെ അഭിപ്രായം. എന്നുതന്നെയല്ല ലോകരുടെ മുഖങ്ങൾ ഭിന്നരൂപത്തിലുള്ളവയാണെന്നും ഇയാൾക്കു നല്ലതുപോലെ അറിയാം.

ക്ഷുരകപ്പരസ്യങ്ങൾ പോകട്ടെ ഈ "വയററാട്ടി"പ്പരസ്യം കൊന്നത്തെങ്ങിൻെറ നടുക്കെങ്ങനെ വന്നുവെന്നാണ് ഞാൻ അത്ഭുതപ്പെടുന്നതു്. സാധുവായ വയററാട്ടിക്ക് പരസ്യപ്പലക തറയ്ക്കാൻ ഒരു തൂണു കിട്ടാതിരുന്നതുകൊണ്ടായിരിക്കാം ആ സാധനം അങ്ങനെ തെങ്ങിൽ കയറിയതു്. പക്ഷേ വീട്ടിലുള്ള പെണ്ണുങ്ങൾക്ക് പ്രസവവേദന മുറുകുമ്പോൾ ബന്ധുമിത്രാദികൾ വയററാട്ടിയെ തെങ്ങിൻ മുകളിൽ അന്വേഷിക്കേണ്ടിവന്നാൽ കാര്യത്തിനെളുപ്പമുണ്ട്.

എറണാകുളത്തുനിന്നും കടത്തു കടന്നു കൊച്ചിയിൽചെന്ന് ഒന്നു ചുററിനടന്നാൽ ആനത്തലയുടെ വലിപ്പത്തിലുള്ള അക്ഷരത്തിൽ "കള്ളു" എന്ന് എഴുതിവച്ചിരിക്കുന്ന പല പലകകൾ കാണാം. വാസ്തവത്തിൽ 'കള്ളി'നു ഇത്രമാത്രം വലിപ്പമുണ്ടോ? ഉണ്ടായിരിക്കാം. ഇല്ലെങ്കിൽ ഇതു് ഇത്രമാത്രം ജനങ്ങളെ വശീകരിച്ച് വട്ടത്തിൽ കറക്കുമായിരുന്നോ? പരമാത്ഥത്തിൽ "കള്ളു" പരസ്യങ്ങൾ കണ്ടാൽ ലോകത്തിലുള്ളതിലേക്കും വലിയതു കള്ളാണെന്നും കള്ളില്ലെങ്കിൽ ലോകം തന്നെ ഇല്ലാതെ വരുമെന്നും തോന്നിപ്പോകും.

ഒരിക്കൽ ഞാനും എൻെറ സ്നേഹിതന്മാരുംകൂടി എവിടെയോ പോയി വരും വഴി നേരം ഉച്ചയായി. വിശപ്പുതുടങ്ങി. വിശന്നൊടുത്തുവച്ചതന്നെ ഒരു ഹോട്ടൽ കണ്ടു. "വേണുഗാനം ഹോട്ടൽ" ഹാ! എത്ര മനോമോഹനമായ പേരു്! ഞങ്ങൾ അകത്തു കയറി. മുക്കാലൻ മേശ. കാലിളകിയ ഒരു ബഞ്ച്. "ഇലയിടട്ടേ" എന്നു പറഞ്ഞു ഒരു ചെറുക്കൻ. കാലിൻെറ മുട്ടിന് ഒന്നാംതരം ഒരു വ്രണം മുഷിഞ്ഞ പഴന്തുണിയിൽ മൂടിവച്ചിരുന്നു. അവൻെറപിന്നാലെ വിളമ്പുകാരൻ. സാമ്പാറിലും ചമ്മന്തിയിലും മുക്കിയുണക്കിയെടുത്ത ഒരു തോത്താണ് അയാൾ ഉടുത്തിരുന്നതു്. വിശപ്പിൻെറ ആധിക്യം കൊണ്ട് ഞങ്ങൾ ഇല വയ്പിച്ച് ചോറും വിളമ്പിച്ചു. പെട്ടെന്ന് ഒന്നുരണ്ടുരുളപിടിച്ചു. അപ്പോഴേക്കും ഹോട്ടൽ മാനേജരുടെ രണ്ടു മൂത്ത കൊച്ചുങ്ങൾ മൂക്കിൽക്കൂ

ടെ കൊമ്പും ഒലിപ്പിച്ച് അടുക്കളയിൽനിന്നും ഓടി. "ഞങ്ങൾക്കു നേരമായി; തീവണ്ടിയിൽ പോകേണ്ടതാണ്" എന്നു പറഞ്ഞു ഞങ്ങൾ ചക്രവും കൊട്ടത്തിട്ട് ഹോട്ടലിൽനിന്നും പുറത്തു ചാടി. ഈശ്വരാ! എത്ര സുന്ദരമായ നാമധേയം! "വേണുഗാനം ഹോട്ടൽ!" ഇങ്ങനെ ലോകത്തെ പരസ്യമായി ആക്ഷേപിക്കുന്ന അനേകം പരസ്യങ്ങൾ ഗ്രാമങ്ങളിലും പട്ടണങ്ങളിലും, മാസികകളിലും പത്രങ്ങളിലുമുണ്ട്. തങ്ങളെത്തന്നെ ലോകത്തിനു പരസ്യപ്പെടുത്തിക്കൊടുക്കാൻ കൃത്രിമമാർഗ്ഗം തേടിനടക്കുന്ന മനുഷ്യരുണ്ടോ പരസ്യങ്ങളിലെ കളവും കൊള്ളയും കണ്ടുപിടിക്കാൻ നോക്കുന്നു.

"കള്ള"ത്തിൽനിന്നുദിക്കുന്നു-ലോകം
"കള്ള"ത്താൽ വൃദ്ധിതേടുന്നു
"കള്ളം" താൻ ശക്തിജഗത്തിൽ-സ്വയം
"കള്ളം" താനാനന്ദമാക്കും
"കള്ളം" താൻ ജീവിതം മന്നിൽ"കള്ള"
"വ്യാഹതിതന്നെ മരണം"—

എന്നല്ലേ, ഇതിന്റെയൊക്കെ രഹസ്യം?

# കേരളീയസാഹിത്യം അവലംബിക്കേണ്ട മാർഗ്ഗം

കെ. ശേഷയ്യർ, ബി. ഏ.

കേരളത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ ആവശ്യങ്ങളെ വിഗണിച്ചുള്ള സാഹിത്യപ്രവർത്തനങ്ങൾ മാത്രമേ ഇന്നു കാണപ്പെടുന്നുള്ളൂ. ജീവിതമത്സരത്തിന്റെ കാർക്കശ്യവും ഭിന്നാദർശങ്ങളുള്ള രാഷ്ട്രങ്ങളുടെ പരസ്പരവേഴ്ചകളും വർദ്ധിച്ചിട്ടുള്ള ഇക്കാലത്ത്, സാധാരണജനങ്ങൾപോലും സാമ്പത്തികവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ നല്ല പരിജ്ഞാനമുള്ളവരാകേണ്ടിയിരിക്കുന്നു. ഓരോ രാജ്യത്തിന്റേയും നന്മ അതതു രാജ്യത്തുള്ള ആളുകളുടെ സഹകൃതപ്രവർത്തനങ്ങൾ കൊണ്ടല്ലാതെ കൈവരുത്താവതല്ലെന്നുള്ള വാസ്തവം സകലരും നല്ലപോലെ മനസ്സിലാക്കണം. ഈ ലക്ഷ്യങ്ങൾ മുൻനിറുത്തിയുള്ള സാഹിത്യശ്രമം അപരിത്യാജ്യമാണെന്നുള്ളതിന് ആംഗലഭാഷാ സാഹിത്യം സാക്ഷ്യം വഹിക്കുന്നു.

നമ്മുടെ സാമൂഹ്യ ജീവിതത്തേയും തന്മൂലം സമ്പത്തിനേയും നശിപ്പിക്കുന്നതു നിരർത്ഥകമായ ഭിന്നതയാണ്. കുലമഹിമയും ആഭിജാത്യവും തനിക്കുണ്ടെന്ന് ഒരുവൻ മററുള്ളവരെ മനസ്സിലാക്കുന്നതു് രാഷ്ട്രീയകാര്യങ്ങൾവഴിയാണ്. "എന്റെ സമുദായ"മെന്നുള്ള മുറവിളികൊണ്ട് ഭാരതത്തിലെ ഓരോ വ്യക്തിയും

ജനതതിയെ ആകമാനം ഇളക്കിമറിക്കുന്നുണ്ടെങ്കിലും അതുകൊണ്ട് സ്വസമുദായവും, അന്യസമുദായവും, സ്വരാജ്യവും ഒന്നുപോലെ ആപത്തിലാഴുന്നതേയുള്ളെന്ന്, ഭാരതത്തിന്റെ ഇന്നത്തെ അസ്വതന്ത്രതയും അതിന് ഹേതുഭൂതമായ സംഗതികളും വെളിവാക്കുന്നു. അന്യരാജ്യവാസികൾ രാജ്യസ്നേഹത്താൽ ഏകോപിച്ച് അപരഭിന്നതകൾ മറന്ന് പ്രവർത്തിക്കുമ്പോൾ, നാം വിനാശകരമായ സമുദായഭക്തിയെത്തന്നെ തഴപ്പിച്ചുവരുന്നു. ഈ പരിതഃസ്ഥിതികൾ ഒരു നിമിഷംകൊണ്ട് വ്യത്യാസപ്പെടുന്നതല്ല. നിരന്തരമായ പ്രചാരണംകൊണ്ടാണ് ഇമ്മാതിരി ദോഷങ്ങൾ നീങ്ങുന്നത്. ഒരു വനിതയെഴുതിയ കഥകൊണ്ട് വളരെക്കാലം നിലവിലിരുന്ന അടിമവ്യാപാരം നിലച്ചാനിടയായെങ്കിൽ, നമ്മുടെ സാമൂഹ്യദൂഷ്യങ്ങളും തൂലികാപ്രവർത്തനംകൊണ്ടുതന്നെ വേണ്ടത്ര പരിഹരിക്കാം.


പക്ഷെ, കേരളത്തിൽ അതിന് ശരിയായ സൗകര്യങ്ങളില്ല. പത്രങ്ങളും മാസികകളുമുള്ളത് സമുദായങ്ങൾക്കാണ്. രാജ്യവാസികൾക്ക് യാതൊന്നുമില്ല. അതുകൊണ്ട്, സമുദായങ്ങൾക്ക് മുറവിളികൂട്ടി തമ്മിൽ തല്ലാൻ വളരെയധികം സൗകര്യങ്ങളുണ്ടെങ്കിലും, രാജ്യവാസികളാകെ മൂകന്മാരാണ്. രാജ്യത്തിന്റെ ആവശ്യങ്ങളോ, അവ നിറവേററാനുള്ള മാർഗ്ഗങ്ങളോ അറിയാത്ത നമ്മുടെ കർഷകർ നാൾക്കുനാൾ ക്ഷയിക്കുന്നു. അവരുടെ ചുമതലയിന്നതെന്ന് അവരെ വേണ്ടപോലെ അറിയിക്കാൻ ആരും തയ്യാറില്ല, സൗകര്യമില്ല. അങ്ങനെ ചെയ്യുന്നതുകൊണ്ട് ഒരു പ്രയോജനവുമുണ്ടാകയില്ലെന്ന് പറഞ്ഞു കേൾക്കുന്നുണ്ട്! വിദ്യാസമ്പന്നരെന്ന് സ്വയം അഭിമാനിക്കുന്ന നമ്മുടെ അജ്ഞത അളവററതുതന്നെ!

സാമ്പത്തിക കാര്യങ്ങൾ പ്രതിപാദിക്കുന്ന പത്രങ്ങളും മാസികകളും നമുക്ക് വേണ്ടിടത്തോളമുണ്ടായിരുന്നെങ്കിൽ, പന്ത്രണ്ടു കൊല്ലക്കാലമായി കേരളീയരനുഭവിച്ചുകൊണ്ടിരിക്കുന്ന ദാരിദ്ര്യം നമ്മെ തീണ്ടുകപോലുമില്ലായിരുന്നു. നിലവിലിരിക്കുന്ന ഭയങ്കരയുദ്ധത്തിന്റെ പ്രത്യാഘാതങ്ങളേററു നട്ടംതിരിയുന്ന ആളുകൾക്ക് വേണ്ട ഉപദേശം നൽകാൻ പത്രങ്ങൾക്ക് സ്ഥലമില്ലെങ്കിലും, സമുദായവഴക്കുകൾ മുഴപ്പിക്കാനും പ്രണയകാവ്യങ്ങൾ പ്രസിദ്ധപ്പെടുത്താനും അവയ്ക്ക് ഒരസൗകര്യവുമില്ല. രസാത്മകമായ കാവ്യത്തിന് അഭൗമമായ പ്രാധാന്യമുണ്ടെങ്കിൽതന്നെയും പ്രായോഗികവിജ്ഞാനം നൽകുന്ന സാഹിത്യത്തിന് കൂടുതൽ പ്രാധാന്യം കല്പിക്കേണ്ടതാണ്. വിദ്യാസമ്പന്നർ ഈ ലക്ഷ്യം മുൻനിറുത്തി സാഹിത്യവ്യാപാരം ചെയ്താൽ സ്ഥിതിഗതികൾ അനുകൂലമായി പരിണമിക്കും. സാമ്പത്തികവും രാഷ്ട്രീയവുമായ കാര്യങ്ങൾ പ്രതിപാദിക്കുന്ന മാസികാഗ്രന്ഥങ്ങൾ വർദ്ധിപ്പിക്കാനും അവ മുഖാന്തിരം നമ്മുടെ അജ്ഞത പരിഹരിക്കാനും ശ്രമിക്കേണ്ടതു് രാജ്യഭക്തരും അഭ്യസ്തവിദ്യരുമായ ഏവരുടേയും കടമയാണ്. അതു് ഉടൻ നിറവേറുമെന്ന് നമുക്കാശിക്കാം; അതിനായി പരിശ്രമിക്കാം.

# മിസിസ്സ് സരോജിനി നായിഡു

മിസ് എം. ദേവകി, ബി. എ.

**അ**നിതരസാധാരണമായ വചോവിലാസചാതുൎയ്യത്തോടുകൂടി, സാമുദായറാണിയായി, ഭാരതീയവനിതകൾക്കാകമാനമൊരാദർശദീപമായി, ഒരുത്തമകവയിത്രിയായി പ്രശോഭിക്കുന്ന മിസസ്സ് സരോജിനി നായിഡുവിന്റെ ജീവിതം മഹനീയ സംഭവങ്ങളടങ്ങിയ ഒരു വിലപിടിച്ച റിക്കാൎഡാണ്. സമ്പന്നരായ മാതാപിതാക്കന്മാരുടെ സന്താനവല്ലിയായ കഥാനായിക, 1879 ഫെബ്രുവരി 13-ാംനു- ഹൈദ്രബാദിൽ ഭൂജാതയായി. ബ്രഹ്മനഗരത്തിലെ ഒരു പുരാതന ബ്രാഹ്മണ കുലത്തിൽ ജാതനും, ജ്ഞാനസാഗരവും, ഹൈദ്രബാദ് നൈസാം കോളേജിന്റെ സ്ഥാപകനും, ആജീവനാന്തം വിദ്യാഭ്യാസാഭിവൃദ്ധിക്കായി അക്ഷീണ പരിശ്രമം ചെയ്തുകൊണ്ടിരുന്ന ഒരു മാന്യദേഹവും ആയ അഘോരനാഥചതോപാദ്ധ്യായയായിരുന്നു, സരോജിനീദേവിയുടെ വാത്സല്യ പിതാവ്. ജന്മസിദ്ധമായ കവിതാവാസനയുള്ളവരും, ബങ്കാളി ഭാഷയിൽ നിരവധി പദ്യങ്ങൾ രചിച്ചിട്ടുള്ളവരുമായിരുന്ന അവരുടെ പ്രിയമാതാവ്.



മററു കുടുംബാംഗങ്ങളെപ്പോലെ സരോജിനീദേവിയും പിതാവിന്റെ പ്രത്യേക ശ്രദ്ധയിൽ വിദ്യാഭ്യാസമാരംഭിച്ചു. ഒരു ബാലികയായിരുന്നപ്പോൾകൂടി അവർ കവിതാരചനയിൽ. ഔൽസുക്യം പ്രദർശിപ്പിച്ചിരുന്നു. അക്കാലത്തെ കണക്കപുസ്തകങ്ങളിലും മററും അവിടവിടെയായി കാണപ്പെടുന്ന പദ്യശകലങ്ങൾ, അതിന്നു ഇന്നും സാക്ഷ്യം വഹിക്കുന്നുണ്ട്. പന്ത്രണ്ടാം വയസ്സിൽ മട്രിക്കലേഷൻ പരീക്ഷയിൽ വിജയിയായ സരോജിനീ ചതോപാദ്ധ്യായ, പ്രായം പതിനഞ്ചാകുന്നതിനുമുമ്പുതന്നെ, ഉപരി വിദ്യാഭ്യാസത്തിന്നായി ഇംഗ്ലണ്ടിലേക്കു കപ്പൽ കയറി. ലണ്ടൻ കേംബ്രിഡ്ജ്, മുതലായ സൎവ്വകലാശാലകളിലെ പഠനം അവരെ അനാരോഗ്യവതിയാക്കിയെങ്കിലും കൎത്തവ്യാനുഷ്ഠാനത്തിന്നു അതൊന്നും ഒരു പ്രതിബന്ധമായില്ല.

ഇംഗ്ലണ്ടിൽ നിന്നും സരോജിനീദേവി ഇററലി സന്ദർശിക്കുകയും, ഡാൻററി, പെട്രാൿ, വെർജിൽ മുതലായ മഹാത്മാക്കളുടെ ജന്മഭൂമിയും, പുരാതനകലകൾ,

പരിഷ്കാരങ്ങൾ തുടങ്ങിയവയുടെ കേന്ദ്രസ്ഥാനവും, പ്രകൃതിരമണീയതത്തിന്റെ നൃത്തരംഗവും ആയ ആ രാജ്യം ചില വികാരവിശേഷങ്ങളെയും ആശയങ്ങളേയും അവളിൽ പകർത്തുവാൻ പര്യാപ്തമാകയുംചെയ്തു. അവക്കു നാലു സന്താനങ്ങൾ—രണ്ടു പുത്രന്മാരും രണ്ടു പുത്രികളും—ഉണ്ട്.

ഹൈദ്രബാദിലെ വിവിധജാതി മതസ്ഥർ തമ്മിലുള്ള ഐക്യത്തിന്നായി നിരന്തരം യത്നിച്ചുകൊണ്ടിരിക്കുന്ന ഒരു സാമുദായികശക്തിയാണ് മിസിസ്സ് നായിഡു. അവരെ പരിചയമുള്ളവരെല്ലാം അവരുടെ സ്നേഹമുറുന്ന വാഗ്വിലാസത്തേയും ആകർഷകമായ സൽസ്വഭാവത്തേയും പററി പ്രത്യേകം പ്രസ്താവിക്കാറുണ്ട്. കുറെ വർഷങ്ങൾക്കുമുമ്പെ ഹൈദ്രബാദിൽ ഭയങ്കരമായ വെള്ളപ്പൊക്കംമൂലമുണ്ടായ ദുരിതത്തെ നിവാരണം ചെയ്യുന്നതിനായി അവർ ചെയ്തുപോന്ന നാനാ യത്നങ്ങളിൽനിന്നും എത്രത്തോളം സഹജീവിസ്നേഹവും സേവനസന്നദ്ധതയും നായിഡുവിന്നുണ്ടെന്ന് വ്യക്തമാക്കുന്നുണ്ട്.

ഒരു വാസനാകവയിത്രിയാണ് മിസിസ്സ് സരോജിനിനായിഡു. പ്രകൃതിസൗന്ദര്യത്തിന്റെ പ്രതിബിംബമായ അവരുടെ പദ്യങ്ങൾ സരോജിനീദേവിയുടെ സൗന്ദര്യാസ്വാദനാസക്തി, പൂർണ്ണമായി, വെളിവാക്കുന്നുണ്ട്. പ്രകൃതിയുടെ മനോഹാരിത അവരുടെ ഹൃദയത്തിൽ സമുൽഭൂതമാക്കുന്ന ആനന്ദവീചികൾ അനശ്വരങ്ങളാണ്. ആംഗ്ലേയ മഹാകവികളിൽ ഒരാളായ ടെനിസനെപ്പോലെ, ഭാരത കവികോകിലമായ സരോജിനീദേവിക്ക് മനുഷ്യവികാരങ്ങളെ ചിത്രീകരിക്കുവാനുള്ള ഒരു ഉപകരണമാണ്, പ്രകൃതി. സ്വാഭാവികത, സ്വാതന്ത്ര്യവാഞ്ഛ, രസപ്രവാഹം മുതലായ ഗുണവിശേഷങ്ങളിണങ്ങുന്ന അവരുടെ പദ്യങ്ങൾ, മാതൃഭൂമിയോട്ട് അവക്കുള്ള അതിയായ ഭക്തിബഹുമാനങ്ങളെ പരിപൂർണ്ണമായും വിശദമാക്കുന്നുണ്ട്. അവരുടെ പദ്യരചനാരീതിക്കുതന്നെ ഒരു പ്രത്യേകതയുണ്ട്. സാഹിത്യാരാമത്തിലെ സുരഭിലസൂനങ്ങളായ ആ കവനങ്ങൾ, ഒരിക്കൽ വായിച്ചാൽ ഒരിക്കലും മനസ്സിൽനിന്നു മാഞ്ഞുപോകാത്തവിധം അവിടെ സ്ഥലംപിടിക്കുന്നവയായിരിക്കും. ഇംഗ്ലീഷുഭാഷയിലാണ് അവർ അധികവും പദ്യങ്ങൾ രചിച്ചിട്ടുള്ളതെങ്കിലും, അവയിൽ അധികവും ഭാരതീയാദർശങ്ങളും ആശയങ്ങളും നിറഞ്ഞവയാണ്. ഇംഗ്ലണ്ടിലെ റോയൽ സാഹിത്യ സമാജത്തിലെ ഒരംഗമായി, സരോജിനീദേവിയെ, തിരഞ്ഞെടുത്തതിൽനിന്ന് ആംഗ്ലേയ സാഹിത്യകാരന്മാർ, ഏതുവിധത്തിലാണ് ആ മഹതിയുടെ കാവ്യതല്ലജങ്ങളെ പരിഗണിക്കുന്നതെന്ന് ഏറെക്കുറെ അനുമാനിക്കാവുന്നതാണല്ലോ. പാശ്ചാത്യരും പൗരസ്ത്യരുമായ സഹൃദയലോകത്തിന്റെ ഒരുപോലെയുള്ള സ്നേഹബഹുമാനാദരങ്ങൾക്ക് പാത്രീഭൂതയാണ് ശ്രീമതി സരോജിനിനായിഡു.

രാഷ്ട്രീയരംഗത്തിൽ അവക്കുള്ള സ്ഥാനം ഉത്തുംഗവും സുസ്ഥിരവും ആകുന്നു. ഭാരതമൊട്ടാകെ ചുററി സഞ്ചരിച്ച് ജനതതിയിൽ രാഷ്ട്രീയബോധവും ദേശാഭിമാനവും ഉജ്ജീവിപ്പിക്കുവാൻ ഉതകുന്ന ആഹ്വാനങ്ങൾ അവർ ആയിരക്കണക്കിന് പ്രസംഗപീഠങ്ങളിൽനിന്നുകൊണ്ട് ചൊരിഞ്ഞിട്ടുണ്ട്. മാതൃഭൂമിയുടെ സ്വാതന്ത്ര്യലബ്ധിക്കായി പലവട്ടം കാരാഗാരവാസവും, കഥാനായിക, കൈവരിച്ചിട്ടുണ്ട്. കഴിഞ്ഞ ഉപ്പുസത്യാഗ്രഹകാലത്ത് രണ്ടായിരത്തോളം സന്നദ്ധഭടന്മാരു

ടെ നേതൃത്വം വഹിച്ചുകൊണ്ട് സരോജിനീദേവി ഉപ്പു ഡെപ്പോ പൊളിപ്പാൻ പുറപ്പെട്ട ജൈത്രയാത്ര സുപ്രസിദ്ധമാണല്ലൊ. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ അദ്ധ്യക്ഷപദവിയെ അലംകരിച്ച ആദ്യത്തെ വനിതാരത്നവും അവർതന്നെയാണ്. ഹിന്ദുമുസ്ലിം മൈത്രിക്കുവേണ്ടി, തനിക്കു ലഭിക്കുന്ന ഓരോ സന്ദർഭവും അവർ സഫലമാക്കുംവണ്ണം പ്രയോഗിക്കാറുണ്ട്. ഭാരതീയവനിതകളുടെ വോട്ടവകാശത്തിന്നായി, ഒരു കാലത്ത് അവർ നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നു. മഹാത്മജിയെ തൻെറ ആത്മീയ ഗുരുവായി സ്വീകരിച്ച സരോജിനി, ആ ഗുരുദേവൻെറ ആദർശങ്ങളേയും തത്വങ്ങളേയും വെളിപ്പെടുത്തുവാനുള്ള ഒരു ആയുധം മാത്രമാണ് തൻെറ ശബ്ദം, എന്ന് ഒരിടത്തു പ്രസ്താവിച്ചിരിക്കുന്നു.

ദേഹത്തിൻെറ അനാരോഗ്യാവസ്ഥയെ അവഗണിച്ചുകൊണ്ട് ഉൽകൃഷ്ടങ്ങളും, വിജ്ഞേയങ്ങളും, പരമാനന്ദപ്രദങ്ങളുമായ അനവധി കവനസുമങ്ങൾ നിർമ്മിച്ചു ഭാരതാംബയുടെ തിരുമാറിടത്തിലർപ്പിച്ച്, ഭാരതീയ സ്വാതന്ത്ര്യ സംരംഭങ്ങളിൽ നേതൃത്വം വഹിച്ചുകൊണ്ട്, മാതൃഭൂമിയുടെ മണിവിളക്കായി പ്രശോഭിക്കുന്ന ഈ ധീരനായിക, ഭാരതീയക്കു പൊതുവിലും, മഹിളമാക്ക് പ്രത്യേകിച്ചും, അഭിമാനഹേതുകമായ ഒരു മാതൃകാവനിതയായി സമുല്ലസിക്കുന്നു.

---


# "മുസ്ലീം വനിത"

കേരളമുസ്ലിം സ്ത്രീ സമുദായത്തിലെ ഏക മാസിക.

പത്രാധിപ സമിതി:

വി. എം. അബ്ദുൽ അസീസ്, B. A. B. L.,

എം. ബാവാഖാൻ, B. A. B. L.,

എം. ഹബീബാബീവി (മാനേജിംഗ് എഡിററർ.)

ആദർശപരമായ ചെറുകഥകൾ, സരസകവനങ്ങൾ, തൂലികാചിത്രങ്ങൾ, വിനോദങ്ങൾ, മുതലായവകൾക്കു പുറമെ സ്ത്രീകൾ അറിഞ്ഞിരിക്കേണ്ട അനവധി വിഷയങ്ങൾ എല്ലാ ലക്കത്തിലും ഉണ്ടായിരിക്കും. വരിസംഖ്യ

അഞ്ചലിൽ 2-0-0. തപാലിൽ 2-8-0.

117 മീനത്തിൽ പ്രസിദ്ധീകരിക്കുന്ന നബിദിനം വിശേഷാൽപ്രതിക്ക് ഇന്നുതന്നെ പരസ്യങ്ങൾ അയക്കുക.

മാനേജർ, മുസ്ലിം വനിത, തിരുവല്ലാ,

# യാന്ത്രികയുദ്ധം ചെയ്യാൻ ഭയമുണ്ടോ?

## ഉം—എന്തിനു ഭയം?

യന്ത്രങ്ങൾക്കാവശ്യമായ വാപ്പുകൾ, കടച്ചൽ, പ്ലെയിനിംഗ്, ഓയിൽ ടാങ്കുകൾ ഉണ്ടാക്കൽ, ബോയിലറുകൾ, സ്റ്റീം, പാറഫിൻ യന്ത്രങ്ങൾ നന്നാക്കൽ മുതലായവകൾ ചെയ്യുന്നുണ്ട്. ഒരേ—ഒരു പരീക്ഷണം!!! സമർത്ഥരായ ജോലിക്കാർ. മിതമായ നിരക്കു.

ദ് സ്റ്റാൻഡേർഡ്

എഞ്ചിനീയറിംഗ് വർക്ക്സ്

ആലുംകടവ്, എറണാകുളം.

# തപ്തഹൃദയം

പി. എച്ച്. എസ്സ്.

വാതിൽക്കൽ ഭാര്യ നിന്നിരുന്നതു പോലും ഗോപാലൻ കണ്ടില്ല. അകത്തു കടന്ന ഉടൻതന്നെ ചാരുകസേരയിൽ കണ്ണുമടച്ചു ചാരിക്കിടന്നു. ഒന്നും മിണ്ടിയില്ല.

രാത്രി പത്തുമണി സമയം. കൂരിരുട്ട്. മഴ പെയ്യുന്നുണ്ടായിരുന്നു. വിളക്കിന്റെ തിരി താഴ്ത്തി, രണ്ടു വയസ്സുമാത്രം പ്രായമുള്ള കുഞ്ഞിനെ തൊട്ടിലിൽ കിടത്തിയുറക്കി, ഭർത്താവിന്റെ വരവും നോക്കി ജാനകി കാത്തുനില്ക്കുകയായിരുന്നു. നെററിയിൽ പൊട്ടുതൊട്ട്, തലയിൽ മല്ലികപ്പൂവുചൂടി, നല്ല ഒരു ഡോറിയാസാരിയുടുത്തു നിന്നിരുന്ന ജാനകിയുടെ മുഖം വിളറിയിരുന്നു. ദുഃഖമടക്കിക്കൊണ്ടു് ഒരു ചെറുപുഞ്ചിരിയോടുകൂടി ജാനകി കസേരയോടടുത്തു. താഴെ ഇരുന്നു് പതുക്കെ ഗോപാലന്റെ കൈയിൽ തന്റെ കൈ വച്ചു:

"എന്താ ഇതു്? വലിയ ക്ഷീണം തോന്നുന്നു, അല്ലെ? രാവിലെ ഏഴുമണിക്കു് കച്ചേരിയിലേക്കുപോയി ഇതുവരെ ജോലി ചെയ്തുകൊണ്ടായിരിക്കാം. എഴുന്നേല്ക്കു. കുപ്പായമഴിച്ചു് ഇങ്ങോട്ടുതരൂ. വെള്ളം ചൂടാക്കിയിട്ടുണ്ടു്. മേലൊന്നു കഴുകിയിട്ടു് ഊണുകഴിക്കാം. നല്ല ഉറക്കംവരും. രാവിലെ ക്ഷീണമൊന്നുംതോന്നുകയില്ല."

ഗോപാലൻ കണ്ണു തുറന്നു. മുഖം വിളറിയും കണ്ണു കുഴിഞ്ഞുമിരുന്നു. കണ്ണിനു ചുററും കറുത്ത ചാലുകൾ കാണ്മാനുണ്ടായിരുന്നു. അത്യധികം ക്ഷീണത്തോടുകൂടി ജാനകിയുടെ കൈപിടിച്ചു മാററുവച്ചുകൊണ്ടു വളരെ താഴ്ന്ന സ്വരത്തിൽ പറഞ്ഞു:

"ജാനു, നീ എന്തറിയുന്നു! ഊണു്, വിശ്രമം, ഉറക്കം, സന്തോഷം ഇതൊന്നും എനിക്കില്ല. കച്ചേരിയിൽ ജോലി തീർന്നിട്ടില്ല. നാളെ നേരം വെളുക്കുന്നതിനുമുൻപു കണക്കുകളെല്ലാം പരിശോധിച്ചു ശരിയാക്കി പകർത്തി വീട്ടിൽ എത്തിക്കണമെന്നാണു് യജമാനന്റെ ഉത്തരവ്. ചെയ്തുതീർക്കാത്തപക്ഷം നാളെത്തുടങ്ങി ഉദ്യോഗമില്ല. പകുതിയോളം ആയി. ഇപ്പോൾതന്നെ മടങ്ങി ബാക്കിയും ചെയ്തുതീർത്തിട്ടുവരാം. കുറച്ചു ചൂടുകാപ്പി മാത്രംമതി എനിക്കു്. ജാനു ഊണുകഴിച്ചു കിടന്നുറങ്ങൂ. ഉറക്കമിളച്ചാൽ ദേഹം ചടച്ചുപോകും."

ജാനകി ഒന്നും മറുപടി പറഞ്ഞില്ല. കുറച്ചുനേരം ഗോപുവിന്റെ മുഖത്തുതന്നെ നോക്കി. പിന്നെ എഴുന്നേററു് അടുക്കളയിലേക്കുപോയി. ഒരു ടംബ്ലർ നിറച്ചു കാപ്പിയും ഒരു തട്ടിൽ കുറെ പലഹാരങ്ങളുമായി ജാനകി വന്നു. ഒരു സ്ററൂളെടുത്തു കസേരയ്ക്കരികിലിട്ടു് കാപ്പിയും പലഹാരങ്ങളും അതിന്മേൽവച്ചു. കണ്ണുമടച്ചുതന്നെ കിടന്ന ഗോപുവിനെ അവൾ വിളിച്ചു. ഗോപു എഴുന്നേററിരുന്നു് തുവാലകൊണ്ടു മുഖം തുടച്ചു.

"എനിക്കു് കാപ്പിമാത്രം മതി. പലഹാരമൊന്നും വേണ്ട", എന്നുപറഞ്ഞു കാപ്പിമാത്രം കുടിച്ചു. വെററിലയിൽ ചു

ണ്ണാമ്പുതടവി പാക്കംചേൎത്തു ജാനകി കൊടുത്തു.

"ബുദ്ധിയില്ലാത്ത ഞാൻ എന്തൊക്കെയൊ പറയുന്നുവെന്നു വിചാരിക്കരുതെ. ഊണും ഉറക്കവുമില്ലാതെ ഇങ്ങനെ ജോലിചെയ്തു നിങ്ങൾക്കു വല്ലതും വന്നുപോയാൽ എൻെറയും നമ്മുടെ തങ്കത്തിൻെറയും ഗതിയെന്തു? ഞങ്ങൾക്കു വേറെ എന്താശ്രയമുണ്ട്? സുന്ദരമായ നിങ്ങളുടെ മുഖം വിളറിക്കാണുമ്പോൾ എൻെറ ഉള്ളു പൊള്ളുന്നു. എങ്ങനെയിരുന്ന ദേഹം! ഇന്നു കാലത്തു കച്ചേരിക്കുപോകുമ്പോൾ പടിക്കൽചെന്നു തൂണുംപിടിച്ചു നില്ക്കുന്നതു ഞാൻ കണ്ടു. ക്ഷീണംകൊണ്ടല്ലയൊ അങ്ങനെചെയ്തതു്? ഞാൻ കാണരുതെന്നുവിചാരിച്ചല്ലെ അവിടെ പോയി നിന്നതു്? നമ്മുടെ തങ്കത്തിനെ എടുത്തു് മുൻപൊക്കെ അമ്മാനമാടുന്നതുപോലെ പൊക്കിയിട്ടു പിടിക്കുമായിരുന്നല്ലൊ! ഇന്നലെ അവളെ തലോടിക്കൊണ്ടുനിന്നപ്പോൾ അവളെ എടുക്കുന്നതിനു പോലും ബലമില്ല! ഞാൻ ഒററയ്ക്കിരുന്നു കരഞ്ഞുകൊണ്ടിരിക്കുന്നതിലെന്തു ലാഭം? വല്ലതും മൂന്നുമാസത്തെ അവധിയെടുത്തു് ആലുവായിലൊ മറെറാ പോയി താമസിക്കാം. ചുമരുണ്ടെങ്കിലല്ലെ ചിത്രമെഴുതാവൂ! ഞാനീപറഞ്ഞതു ചെയ്യുമൊ? നമ്മുടെ തങ്കമ്മയെ ഓൎത്തെങ്കിലും ദേഹം സൂക്ഷിക്കണെ. ഞങ്ങളെ ചതിക്കല്ലെ."

ഇത്രയും പറഞ്ഞതിനുശേഷം അവളുടെ തൊണ്ടയിടറി. പിന്നെ പറയാൻ വയ്യാതെയായി. കണ്ണുനീർ ചൊരിഞ്ഞു കൊണ്ടു് ഗോപുവിൻെറ നെഞ്ചിൽ തല ചായ്ച്ചുകിടന്ന അവളുടെ കേശഭാരത്തെ തലോടിക്കൊണ്ടു് ഗോപു പറഞ്ഞു:

"ഓമനെ! ഇങ്ങനെ ദുഃഖിക്കരുതു്. ഞാനെന്തുചെയ്യട്ടെ. പതിന്നാലുമാസം ഉദ്യോഗമില്ലാതെ കഷ്ടപ്പെട്ടതിനുശേഷം കിട്ടിയ ജോലിയല്ലെ ഇതു്? ഇതു കളയാനെളുപ്പം കഴിയും. വലിയ വലിയ എം. എ. ക്കാരും മററും ഇരുപതുരൂപയ്ക്കും ഇരുപത്തഞ്ചുരൂപയ്ക്കും വല്ലജോലിയും കിട്ടിയാൽമതി എന്നുകരുതി അലഞ്ഞുനടക്കുന്ന ഈകാലത്തു് ഈ അൻപതുരൂപാ എനിക്കാരുതരും? ജോലി അധികംതന്നെ. മുൻപൊക്കെ നാലുപേരുചെയ്തു കൊണ്ടിരുന്ന ജോലി ഇപ്പോൾ ഞാനൊരുവൻതന്നെ ചെയ്യണം. അവധിചോദിച്ചാൽ തരികയില്ല. നിർബന്ധമായിട്ടു ചോദിച്ചാൽ ഉദ്യോഗത്തിൽനിന്നു തള്ളിക്കളയും. എന്താ ചെയ്ക! ഈ ജോലി രണ്ടുദിവസത്തേക്കുകൂടിയെ ഉണ്ടാകയുള്ളു. പിന്നീടു സ്വല്പം വിശ്രമിക്കാം. ജാനു, നിനക്കായിട്ടും തങ്കത്തിനായിട്ടുമല്ലെ ഞാനിങ്ങനെ കഷ്ടപ്പെടുന്നതു്! നീ ദുഃഖിക്കരുതു്. അനാഥൎക്കു ദൈവം തുണ. നമുക്കു് ഒന്നും വരികയില്ല. ദൈവം നമ്മെ കാത്തുകൊള്ളും."

അശ്രുനിറഞ്ഞ ജാനകിയുടെ കണ്ണുകൾ തുടച്ചു് അവളുടെ അധരങ്ങൾ ഗോപാലൻ ചുംബിച്ചു.

"മനസ്സമാധാനത്തോടെ പോയി കിടന്നുറങ്ങ. ഞാൻ എളുപ്പം മടങ്ങാം."

ഗോപാലൻ പുറപ്പെട്ടു. അപ്പോൾ തൊട്ടിലിൽനിന്നു "അപ്പാ, അപ്പാ" എന്നൊരുവിളി. ജാനകി തൊട്ടിലിനുസമീപം ഓടി. തങ്കം ചിരിച്ചുകൊണ്ടു കിടക്കുന്നു. "കള്ളി ഉറങ്ങിയിട്ടില്ല" എന്നു പറഞ്ഞു മകളെ എടുത്തു മുത്തമിട്ടു. രണ്ടു കൈയും നീട്ടി അച്ഛൻെറ നേൎക്കു് തങ്കം ഒരു ചാട്ടം. ഗോപാലൻ അവളെ പിടിച്ചില്ലായിരുന്നെങ്കിൽ അവൾ താഴെ വീഴുമായിരുന്നു. തങ്കവുമായി വീണ്ടും ഗോപാലൻ കസേരയിലേക്കുമടങ്ങി. അ

വളുടെ അഴകം കളിയും ചിരിയും കണ്ടു് ഗോപാലനു സന്തോഷംതോന്നി. വിളക്കിൻെറ വെളിച്ചത്തിൽ തങ്കം തങ്കവിഗ്രഹംപോലെ പ്രകാശിച്ചു. ചിരിക്കുമ്പോൾ കവിൾത്തടങ്ങളിൽ കാണാമായിരുന്ന രണ്ടു ചുഴികൾ അവളുടെ അഴകിനെ വൎദ്ധിപ്പിച്ചു. ചെറുപല്ലുകൾ മുത്തുകൾപോലെ തോന്നി. അററം സ്വല്പം വളഞ്ഞ ആ മൂക്കിൻെറ അഴക് കാണേണ്ടതുതന്നെയായിരുന്നു. വിശാലമായ നെററിയിൽ തൊട്ടിരുന്ന ചാന്തുപൊട്ടും, നീളംകുറഞ്ഞതെങ്കിലും ചീകി മിനുക്കിയിരുന്ന ചുരുണ്ട തലമുടിയും മനോഹരമായിരുന്നു. ഗോപാലൻ മകളെ തൻെറ മുൻപുനിറുത്തി കുറച്ചുനേരം നോക്കിക്കൊണ്ടിരുന്നു. പിന്നീട് അവളെ കെട്ടിയണച്ചു തെരുതെരെ ചുംബിച്ചു. അയാളുടെ കണ്ണുകൾ നിറഞ്ഞു. "മകളെ! പോയികിടന്നുറങ്ങ. നേരം അധികമായി" എന്നു പറഞ്ഞു് അവളെ ഭാൎയ്യയുടെ അടുക്കൽ ഏല്പിച്ചു. പിന്നീടൊരക്ഷരംപോലും മിണ്ടാതെ അയാളവിടെനിന്നും കച്ചേരിയിലേക്കുപോയി.

ജാനകി ഉണ്ടുമില്ല, ഉറങ്ങിയുമില്ല. തങ്കത്തിനെ തൊട്ടിലിൽ കിടത്തിയാട്ടി ഉറക്കി. വിളക്കിൻെറ വെളിച്ചം കുറച്ചു്, പടിക്കൽവന്നിരിപ്പായി. ഇരുട്ടും മഴയുമായിരുന്നിട്ടും അവൾക്ക് ഒരു ഭയവും തോന്നിയില്ല. വലത്തേക്കൈകൊണ്ടു് കവിൾത്തടം താങ്ങി അവൾ ചിന്താക്രാന്തയായി ഇരുന്നു. അവളുടെ ചിന്താവിഷയം ഗോപാലൻതന്നെയായിരുന്നു. പക്ഷേ വിചാരങ്ങളെന്തെല്ലാമായിരുന്നുവെന്നു പറയുവാൻ സാദ്ധ്യമല്ല. വെളുപ്പിനു മണി മൂന്നടിക്കുന്നതിനു സ്വല്പം മുൻപു് ആണു് ഗോപാലൻ മടങ്ങിവന്നതു്. നേരംപോയതവൾ അറിഞ്ഞില്ല. ഗോപാലനെ കണ്ടപ്പോൾ അവൾ പരിഭ്രമിച്ചു. ഉറച്ചുനടക്കാൻവയ്യായിരുന്നു. കുരുടനെപ്പോലെ അങ്ങുമിങ്ങും പിടിച്ചുപിടിച്ചാണു് നടന്നതു്. രണ്ടുമൂന്നുപ്രാവശ്യം വീഴവാൻഭാവിച്ചതുപോലെ ജാനകിക്കുതോന്നി. അവളെ കണ്ടതായിട്ടുപോലും തോന്നിയില്ല. പടികടക്കുമ്പോൾ കതകിൽമുട്ടി. അവൾ പിടിച്ചിരുന്നില്ലെങ്കിൽ വീഴുമായിരുന്നു. ചാരുകസേരയിൽപോയി കിടന്നു. ജാനകികോട്ടുഴിച്ചു. പിന്നെ ഷട്ടഴിക്കുവാൻഭാവിച്ചപ്പോൾ, "വേണ്ട. കളിയ്. തല—ഛലനം" എന്നു ഗോപു പറഞ്ഞു. ജാനകി അയാളുടെ നെററിയിലും മാറത്തും കൈവച്ചുനോക്കി. തീപോലെ പൊള്ളുന്നു. നെററി ഇരുവശത്തും പിടയ്ക്കുന്നു. കണ്ണുകൾ തുറന്നിരുന്നു; പക്ഷേ ഒന്നും കാണുന്നില്ലായിരുന്നു.

"പനി. വരു. കട്ടിലിൽകൊണ്ടുപോയി പുതയ്ക്കാം. അനങ്ങാതെ കിടന്നാൽ കുറെകഴിഞ്ഞു സുഖംതോന്നും."

അവൾ ഗോപാലനെ എഴുന്നേല്പിച്ചു് താങ്ങിപ്പിടിച്ചു് കട്ടിലിൽകൊണ്ടുപോയി കിടത്തി, പുതപ്പെടുത്തു പുതച്ചു. ഗോപാലൻ അനങ്ങിയില്ല. ഒരക്ഷരം മിണ്ടിയുമില്ല. ജാനകി എന്തു ചെയ്യും? ജഗദീശ്വരിയുടെ പടത്തിനുമുൻപു് അവൾ പ്രാൎത്ഥിക്കുക പതിവായിരുന്നു. ഇപ്പോഴും അവിടെചെന്നു നമസ്കരിച്ചു് ഭൎത്താവിനെ സംരക്ഷിക്കണമെന്നപേക്ഷിച്ചു. കട്ടിലിൻെറ അററത്തിരുന്നു് ഭൎത്താവിൻെറ കാലുപിടിച്ചുകൊണ്ടു് ഒച്ചയുണ്ടാക്കാതെ കരഞ്ഞു് നേരം വെളുപ്പിച്ചു.

നേരം വെളുത്തു. ഗോപാലൻ ശവംപോലെ കിടക്കുകയായിരുന്നു. പനിക്കു കുറവൊട്ടുമില്ല. വേലക്കാരി വന്ന ഉടനെ അവളെ ഡോക്ടരുടെ അടുക്കലേക്കു അ

യച്ചു. ഒൻപതു മണിക്ക് ഡോക്ടർ കുപ്പുസ്വാമി വന്നുചേൎന്നു. ഗോപാലനെ പരീക്ഷിച്ചുനോക്കി. ആളെ അയച്ചാൽ മരുന്നുകൊടുത്തയയ്ക്കാമെന്നു പറഞ്ഞ് അദ്ദേഹം യാത്രയായി. അപ്പോൾ ജാനകി:

"ഡോക്ടർ, ഒന്നും പറയാതെ പോകരുതെ. ഞാനെന്താണ് വിചാരിക്കേണ്ടതു്? ചെയ്യേണ്ടതു്? എനിക്ക് അദ്ദേഹമല്ലാതെ ആരുമില്ല. അദ്ദേഹത്തിൻെറ ദീനം സുഖമാകുന്നതിന് എന്തുവേണമെങ്കിലും ചെയ്യാം. ഞങ്ങൾ ദരിദ്രരാണ്. എന്നാലും വേണമെങ്കിൽ അദ്ദേഹം എൻെറ കഴുത്തിൽ കെട്ടിയ താലികൂടെ വിററു ചെലവു ചെയ്യാം. അപായം വല്ലതുമുണ്ടോ, ഡോക്ടർ?"

"ഇപ്പോൾ ഒന്നും പറഞ്ഞുകൂടാ. പനി 105 ഡിഗ്രി ഉണ്ട്. കുറച്ചു പിച്ചൊക്കെ പറയും. അതുകേട്ട് പേടിക്കേണ്ട. ഒരുപക്ഷേ ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ സ്വബോധം വന്നേക്കാം. സ്വബോധം വന്നാൽപിന്നെ സോഡാമാത്രം കൊടുത്താൽമതി. നാളെ രാവിലെ വരുമ്പോൾ വല്ലതും പറയുവാൻ സാധിക്കും."

ഡോക്ടർ പോയി. പകൽ മുഴുവനും ജാനകി കട്ടിലിൻെറ സമീപംതന്നെ കഴിച്ചുകൂട്ടി. കുഞ്ഞിനെ നോക്കിക്കൊള്ളുന്നതിനു വേലക്കാരിയെ ഏല്പിച്ചു. വൈകുന്നേരം ആറു മണിയായപ്പോൾ വേലക്കാരി വന്നു പറഞ്ഞു:

"അമ്മാ! കുഞ്ഞിനും പനിയുണ്ട്. വല്ലാണ്ട് പല്ലു കടിക്കുന്നു. വിറയ്ക്കുന്നു. എനിക്കു പേടിയാകുന്നു. ഞാൻ വീട്ടിലേക്കു പോകുന്നു."

വേലക്കാരി യാത്രയായി. പാവം ജാനകി എന്തുചെയ്യും? തങ്കത്തിനെ തൊട്ടിലിൽ കിടത്തി മാറിമാറി അപ്പനേയും കുഞ്ഞിനേയും നോക്കും. എന്തെന്നറിയാത്ത ദുഃഖം നെഞ്ചടയ്ക്കും. കണ്ണുനീർ ചൊരിഞ്ഞുകരയും. "എൻെറ ഈശ്വരാ! ഞങ്ങളുടെ പരദേവതേ! പാപിയായ എന്നെ കൈവിടല്ലെ" എന്നു പറയും അപ്പനും മകളും ശ്വാസോച്ഛ്വാസം ചെയ്യുന്ന ശബ്ദമല്ലാതെ ആ വീട്ടിൽ കേട്ടില്ല. അടുത്ത് വേറെ വീടുകളൊന്നുമില്ലതാനും. രാത്രിമുഴുവനും എങ്ങനെയോ കഴിച്ചുകൂട്ടി.

രാവിലെ ഗോപാലൻെറ കച്ചേരിയിലെ ഒരു ഉദ്യോഗസ്ഥൻ തലേദിവസം കച്ചേരിക്കു പോകാഞ്ഞതിനുള്ള കാരണമന്വേഷിച്ച് അവിടെ വന്നു. അവിടത്തെ സ്ഥിതി കണ്ടപ്പോൾ അയാൾക്കും വളരെ സഹതാപം തോന്നി. ഡോക്ടർ വന്നു പരിശോധിച്ചപ്പോൾ അയാളും അവിടെ ഉണ്ടായിരുന്നു. ഗോപാലന് നെഞ്ചിൽ കഫം കെട്ടിയിട്ടുണ്ടെന്നും ന്യുമോണിയാ രോഗമാണെന്നും, വളരെ ജാഗ്രതയോടുകൂടി ശുശ്രൂഷിക്കാത്തപക്ഷം അപായകരമാണെന്നും പറഞ്ഞു. തങ്കത്തിനെ പരീക്ഷിച്ചപ്പോൾ ഡോക്ടറുടെ മുഖഭാവം മാറി. വിഷമജ്വരമാണെന്നും പകരുന്നതാണെന്നും അടുത്തു ചെല്ലുന്നതു അപായകരമാണെന്നും പറഞ്ഞു. മരുന്നു കൊടുത്തയയ്ക്കാമെന്നു പറഞ്ഞ് അദ്ദേഹവും പോയി. ഗോപാലൻെറ സ്നേഹിതൻെറ സഹായത്തോടുകൂടി ജാനകി, തിരുവനന്തപുരത്തു ഒരു വൈദ്യശാലയിൽ ജോലിചെയ്തു വന്നിരുന്ന അവളുടെ സഹോദരനായ രാമനാഥനു കമ്പികൊടുത്തു. ജാനകിക്കു സഹായത്തിന് ഒരു സ്ത്രീയെ നിയമിച്ച്, മരുന്നുകൾ വാങ്ങിച്ചുകൊണ്ടുവന്നു കൊടുത്തതിനുശേഷം സ്നേഹിതൻ പോയി. ഡോക്ടറുടെ വാക്കുകളും തങ്കത്തിൻെറ അപായനിലയും പ്രാണനാഥൻ ബോധമില്ലാതെകിടക്കുന്ന അവസ്ഥയും ഓൎത്തോൎത്ത് രണ്ടു ദിവസമായി ഭക്ഷണം കഴിക്കാ

തെയും ഉറക്കമിളച്ചും കഴിച്ചുകൂട്ടിയ ജാനകി സഹോദരൻെറ വരവുംകാത്തു് സമയം നയിച്ചു.

രാത്രി പതിനൊന്നു മണിക്കാണു് രാമനാഥൻ വന്നുചേൎന്നതു്. അയാളെ കണ്ട ഉടനെ ഇതുവരെ അടക്കിവച്ചിരുന്ന ജാനകിയുടെ ദുഃഖമെല്ലാം പൊട്ടിത്തുറന്നു.

"അയ്യോ ചേട്ടാ! ഞാനൊരു മഹാപാപി! എൻെറ തങ്കം പോയപോക്കു കണ്ടോ? നാലു മാസത്തിനുമുൻപു് ചേട്ടൻ കണ്ടതാണല്ലൊ. എൻെറ തങ്കക്കട്ടേ! കറുത്തു് എല്ലുംപൊങ്ങി! എൻെറ ചേട്ടാ, എനിക്കാരുണ്ടു്? വിഷമജ്വരം ആണു്. എൻെറ തങ്കത്തിനെ നോക്കൂ. അവളുടെ മുഖം! ഹാ, എനിക്കു കാണാൻ സഹിക്കുന്നില്ല. കട്ടിന്മേൽ കണ്ടോ! നശിച്ചുപോയ കച്ചേരി! എന്തൊരുദ്യോഗം! അന്നുരാത്രി പത്തു മണിക്കു വന്നു. കാപ്പി മതിയെന്നു്—ഉണ്ടില്ല. പച്ചപ്പുളിശേരിയും മെഴുക്കുപുരട്ടിയും ഞാനുണ്ടാക്കിവച്ചിരുന്നു. തൊട്ടില്ല. ഉടനെ തിരിയെപോയി. എന്നെ തെണ്ടിക്കാൻ വന്ന കച്ചേരി! വെളുപ്പിനു മൂന്നു മണിക്കുവന്നു. പനി പിടിച്ചു വിറച്ചുകൊണ്ടു്. അതുമുതൽ ഈ നിമിഷംവരെ ബോധമില്ലാണ്ടാണു്. എന്താണ്ടൊക്കെ പുലമ്പുന്നുണ്ടു്. 'തങ്കം!' 'തങ്കം!' ഈ ഒരൊററ വാക്കല്ലാതെ ഒരക്ഷരം മിണ്ടിയിട്ടില്ല. മററതു് എപ്പോഴും നോക്കിയാലും 'ജാനു', 'ജാനു'. ചേട്ടനറിഞ്ഞുകൂടെ? ചേട്ടൻതന്നെ എത്ര പ്രാവശ്യം കളിയാക്കിയിട്ടുണ്ടു്! അയ്യോ ചേട്ടാ, എനിക്കു വയ്യാ. എൻെറ ദൈവമെ, എന്നെ ചതിക്കുമോ?"

വാവിട്ടു കരഞ്ഞുകൊണ്ടു് ഇങ്ങനെയെല്ലാം പറഞ്ഞ സഹോദരിയെ രാമനാഥൻ എങ്ങനെ സമാധാനപ്പെടുത്തും?

"ജാനു കരയല്ലെ. ഒന്നും സാരമില്ല. എല്ലാം ശരിയാകും. ഞാനില്ലെ ഇവിടെ. അധൈൎയ്യപ്പെടാതെ. കാലത്തു ഡോക്ടർ വന്നാൽ ഉടൻ ചോദിക്കാം. വേണ്ടതൊക്കെ ചെയ്യാം."

ഇങ്ങനെ അവളെ ശാന്തപ്പെടുത്തുവാൻ ശ്രമിച്ചു എങ്കിലും അയാളുടെ മനസ്സും വല്ലാതെ കുഴങ്ങി. കുഞ്ഞിനേയും അച്ഛനേയും മാറിമാറി നോക്കി. "തങ്കം" എന്നു പല പ്രാവശ്യവും വിളിച്ചുനോക്കി. കുഞ്ഞു കണ്ണു തുറന്നതേയില്ല.

"ഗോപൂ! ഗോപൂ! ഞാനിതാ വന്നിരിക്കുന്നു. ഇങ്ങോട്ടു നോക്കു. ജാനു കരയുന്നതു കാണുന്നില്ലെ? എന്താ, വേദനയുണ്ടോ?"

ഒന്നിനും മറുപടിയില്ല. വല്ലപ്പോഴും ഒരിക്കൽ "തങ്കം, തങ്കം" എന്നു പറഞ്ഞു കൈയൊന്നു പതുക്കെ നീട്ടും.

നേരവും വെളുത്തു. ഡോക്ടർ വന്നു. രണ്ടു മിനിട്ടേ അവിടെ നിന്നുള്ളു. രാമനാഥൻ അദ്ദേഹത്തിൻെറകൂടെ കുറച്ചുദൂരം പോയിട്ടു മടങ്ങിവന്നു. വന്നഉടനെ

"ജാനു, ജാനു, കേട്ടോ, ധൈൎയ്യമായിരിക്കണം. കേട്ടോ, അധൈൎയ്യപ്പെടരുതു്," എന്നു പറഞ്ഞു തീരുന്നതിനുമുൻപു ജാനകി:

"എന്താ? ഡോക്ടർ വല്ലതും പറഞ്ഞുവോ? എന്നോടൊന്നും പറഞ്ഞില്ലല്ലോ" എന്നു ചോദിച്ചു. ഇതിനു മറുപടിയായി രാമനാഥൻ ജന്നലിൽകൂടി പുറത്തേക്കു നോക്കിക്കൊണ്ടു് ആരോടോ പറയുന്നതുപോലെ അതിദീനസ്വരത്തിൽ പറഞ്ഞു:

"തങ്കം. ങ്ഹൂ! ഇനിയും......ഒരു മണിക്കൂറിനകം......നമ്മുടേതല്ല."

"അയ്യോ! എൻെറ തങ്കമൊ? ഞാൻ വിടുകയില്ല......ഹാ! തങ്കം!......ഹാ!" എന്നുപറഞ്ഞുകൊണ്ടു നിന്നേടത്തുതന്നെ ജാനകി താഴെ വീണു.

*　　*　　*　　*　　*

പനി തുടങ്ങിയ എട്ടാം പക്കമാണ് ഗോപാലനു സുബോധം വന്നത്. ഇനി ആപത്തില്ലെന്നാണ ഡോക്ടരനു പറഞ്ഞത്. ജാനകിയും രാമനാഥനും മാറി മാറി കട്ടിലിൻെറ സമീപത്തിൽനിന്നു മാറാതെ വേണ്ട ശുശ്രൂഷകളെല്ലാം ചെയ്തുവന്നു. പനി കുറഞ്ഞിട്ടുണ്ട്. അന്നു സന്ധ്യയ്ക്കു ഗോപു "ജാനു" എന്നു വിളിച്ചു. ജാനകി അടുത്തു ചെന്നിരുന്നു. അവളുടെ വലത്തേ കൈ പിടിച്ചു മാറത്തു വച്ചുകൊണ്ട്,

"ജാനു! ഇങ്ങോട്ടു നോക്കു. നിൻെറ മുഖം ഇങ്ങോട്ടു തിരിയ്ക്കൂ." ജാനകി മുഖം തിരിച്ചു ഭർത്താവിൻെറ മുഖത്തേക്കു നോക്കി. "ജാനു! നീ വല്ലാതെ ചടച്ചുപോയല്ലോ. കവിളെല്ലാം ഒട്ടിപ്പോയി. കണ്ണു രണ്ടും കുഴിഞ്ഞു.........ആകട്ടെ, ജാനു, തങ്കത്തിനെ ഒന്നു കാണിക്കു. അവളുടെ മുഖം, ആ ചിരി, ഒന്നു കാണണം."

ജാനകി സാരിയുടെ തുമ്പുകൊണ്ടു മുഖം മറച്ചു. "അടുപ്പിൽ പാലു്" എന്നോ മറേറാ പറഞ്ഞുകൊണ്ട് അവൾ അവിടെ നിന്നോടി. അടുക്കളയിൽപോയി കുറെനേരം കരഞ്ഞു. കണ്ണുനീർ തുടച്ച്, മുഖം കഴുകി വീണ്ടും ഭർത്താവിൻെറ അടുക്കൽ ചെന്നിരുന്നു. അന്നു ഡോക്ടർ വന്നപ്പോൾ,

"ഇപ്പോൾ പനിയില്ല. ആപൽഘട്ടങ്ങളെല്ലാം കടന്നുകഴിഞ്ഞു. ക്ഷീണംമാത്രമെയുള്ളു. നല്ല ആഹാരം വേണ്ടുവോളം കൊടുക്കണം. ദേഹത്തിനു നല്ല ബലം വരണം. ഇനിയും ഞാൻ ദിവസവും വരേണ്ട ആവശ്യമില്ല. വിശേഷം വല്ലതുമുണ്ടെങ്കിൽ പറഞ്ഞയക്കണം. ഞാൻ ഉടനെ വരാം", എന്നാണ പറഞ്ഞതു്.

*　　*　　*　　*　　*

ജാനകിയും അവളുടെ സഹോദരനും തങ്കത്തിനെ തിരുവനന്തപുരത്തേക്ക് രാമുവിൻെറ വീട്ടിലയച്ചിരിക്കുകയാണെന്നു ഗോപുവിനോടു പറഞ്ഞിരുന്നു. ഉടനെ കമ്പിയടിച്ചു വരുത്തണമെന്നും അവളെ കാണാത്തപക്ഷം തൻെറ സുഖക്കേട് ഭേദമാവുകയില്ലെന്നും ഗോപു അവരോടു പറഞ്ഞു. അവളെ കൊണ്ടുവരുന്നതിനു കമ്പിയടിച്ചിട്ടുണ്ടെന്നാണ ഗോപുവിനെ അറിയിച്ചിരുന്നതു്. ഗോപാലൻ വളരെ പരിഭവിച്ചു.

"ജാനു! നീ ചെയ്തതു് ഒട്ടും ശരിയായില്ല. എന്തുതന്നെയായാലും തങ്കത്തിനെ അയക്കുവാൻ പാടില്ലായിരുന്നു. നീ ചെയ്തതു വലിയ തെറവുതന്നെയാണ്." പിന്നെ രാമനാഥനെ നോക്കി, "അവനവൻെറ കുട്ടികളായാലറിയാം. നിൻെറ മകളായിരുന്നാൽ നീ അവളെ അയക്കുമൊ? കമ്പിയടിച്ചിട്ടും, ഇത്ര ദിവസമായിട്ടും തങ്കത്തിനെ കൊണ്ടുവരാത്തതെന്തു്? നിങ്ങൾ രണ്ടുപേരും ചേൎന്ന് ഇപ്പോഴത്തെ ദേഹസ്ഥിതിയിൽ എന്നെ ദണ്ഡിപ്പിക്കരുതു്. എന്താ ഒന്നും പറയാത്തതു്?" രണ്ടുപേരും മിണ്ടിയില്ല.

ആ സമയം തെരുവിൽക്കൂടി കളിസാമാനങ്ങൾ വിററുകൊണ്ട് ഒരുവൻ പോയിരുന്നു. "കളിസാമാനങ്ങൾ, പാവകൾ, എയ്റോപ്ലേൻ" എന്നു വിളിച്ചുപറയുന്നതുകേട്ട്, കിടന്നയിടത്തുനിന്നുതന്നെ ഗോപാലൻ അവനെ വിളിച്ചു. അവൻ വന്നു. ഓരൊ സാമാനങ്ങളും എടുത്തു നോക്കി വിലയെക്കുറിച്ചു ഗോപാലൻ തക്കിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്ക്, രാമനാഥൻ ജാനകിയെ വിളിച്ചു സ്വകാൎയ്യമായി

"ജാനു! ഇനിയും ഒളിച്ചുവയ്ക്കുവാൻ നിവൃത്തിയില്ല. പറയുകതന്നെവേണം."

"അയ്യൊ! ഞാനെങ്ങിനെ പറയും?" എന്ന് ജാനകി മനസ്സിൽ പൊങ്ങിനിന്ന വേദനയോടുകൂടി പറഞ്ഞു.

ഈ സന്ദർഭത്തിലാണ് ഗോപാലൻ ജാനകിയെ വിളിച്ചത്. ഒരു ഈറൻതുവാലയെടുത്ത് മുഖംതുടച്ച് മുഖത്തു പുഞ്ചിരിയും വരുത്തിക്കൂട്ടിക്കൊണ്ട് ജാനകി അടുത്തുചെന്നു. താൻ വില നിശ്ചയിച്ചു വാങ്ങിച്ച സാമാനങ്ങളെ ജാനകിയുടെ കൈയിൽ കൊടുത്തു. അവൾ അവയെസ്വീകരിച്ചു. അപ്പോൾ ഗോപാലൻ:

"ജാനു! അന്നൊരു ദിവസം ഇതുപോലെ ഒരുത്തൻ വന്നപ്പോൾ ഏയ് റോപ്പേൻ വേണമെന്നു തങ്കം കരഞ്ഞതോൎക്കുന്നില്ലേ? ചില്ലറയില്ലാതിരുന്നതുകൊണ്ട് അന്ന് വാങ്ങിച്ചില്ല. പിന്നെ അതങ്ങു മറന്നുംപോയി. ഇതുവച്ചുകൊണ്ടു കളിക്കുമ്പോൾ വേണം അവളുടെ മുഖം കാണുന്നതു്! മററുള്ള പാവകളും അവൾക്കിഷ്ടപ്പെടും. ഇതെല്ലാററിനുംകൂടെ വില എട്ടണയാണ്. ചില്ലറ കൊടുത്തു അയാളെ പറഞ്ഞയയ്ക്കൂ!"

ജാനകി എട്ടണയെടുത്തുകൊടുത്തു. അയാൾ പോയ ഉടനെ ജാനകി സാമാനങ്ങൾ അടുക്കളയിലേക്കു കൊണ്ടുപോയി. അവയെനോക്കി കണ്ണുനീർ ചൊരിഞ്ഞു. "ഈശ്വരാ! ഞാൻ എങ്ങിനെ പറയും!!" ഈ വിചാരംതന്നെയായിരുന്നു അവൾക്ക്. വീണ്ടും ഗോപാലൻ വിളിക്കുന്നു. കണ്ണുതുടച്ചുകൊണ്ട് ജാനകി ഗോപാലന്റെ സമീപംചെന്നുനിന്നു. ഗോപാലൻ:

"ജാനു! നീ ദുഃഖിക്കരുതു്. എന്റെ മനസ്സു വല്ലാതെ നീറുന്നു. നീ ചെയ്തതു് ഒട്ടും ശരിയായില്ല. നിനക്കെങ്ങിനെ മനസ്സുവന്നു അവളെ വേറൊരിടത്തേക്ക് അയയ്ക്കുവാൻ. ഉറക്കത്തിൽപോലും "തങ്കം! തങ്കം!" എന്ന് ഉരുവിടുന്ന നീ! അവളെ പിരിഞ്ഞു് നീ കാലംകഴിക്കുന്നതോൎത്താൽ......എനിക്കെന്തൊക്കെയൊ തോന്നിപ്പോകുന്നു."

ജാനകി ഒന്നും മറുപടി പറഞ്ഞില്ല. നമ്രമുഖിയായി നിന്നതേയുള്ളു. ചുണ്ടുകൾ വിറച്ചുകൊണ്ടിരുന്നു. കണ്ണുനീർ ചൊരിയുന്നുണ്ട്. എന്തൊ പറയുവാൻ ഭാവിച്ചു. ശബ്ദമൊന്നും പുറത്തു വന്നില്ല. പിന്നെയും ഗോപാലൻ:

"ജാനു! തങ്കം നമ്മുടെ കണ്ണിലുണ്ണിയല്ലെ? നമ്മുടെ കുഞ്ഞിന്റെ ഭംഗി നമുക്കല്ലേ അറിയാവൂ! എന്തു ബന്ധുബലം! അവർ ബന്ധുക്കളാണൊ? എഴുത്തും കമ്പികളുമെല്ലാം എന്തിന്? ഞാൻ ഇന്നുതന്നെ പോയി തങ്കത്തിനെ കൊണ്ടുവരണമെന്നു നിശ്ചയിച്ചുകഴിഞ്ഞു." രാമനാഥൻ തടഞ്ഞു: "നീയോ? നീ പോവുകയോ? ഒരിക്കലും പാടില്ല."

ഗോപാലൻ: "രാമു! നീ ചെയ്തതു ക്ഷന്തവ്യമല്ല. വേണമെങ്കിൽ നീ ചെന്നു തങ്കത്തിനെ കൊണ്ടുവരാമായിരുന്നല്ലൊ. എന്തെഴുത്ത്, എന്തു കമ്പി? നിന്റെ മകളായിരുന്നാൽ നീ വേറൊരിടത്ത് അവളെ അയയ്ക്കുമായിരുന്നൊ? അല്ലെങ്കിൽ നിന്നെ എന്തിനു പഴിക്കുന്നു! ജാനു, എന്റെഭാൎയ്യ, ഞാൻ തങ്കത്തിനെ എങ്ങിനെ സ്നേഹിക്കുന്നുവെന്നു കണ്ടറിഞ്ഞവൾ, തങ്കം എന്റെ ജീവനു സമം എന്നറിയുന്നവൾ, അവളിങ്ങനെ ചെയ്തപ്പോൾ........."

"അയ്യൊ, ഈശ്വരാ! തങ്കം രാമുവിന്റെ വീട്ടിലില്ല" എന്നു ജാനകി ദേഹമാസകലം വിറച്ചുകൊണ്ടു പറഞ്ഞു. ഉടനെ ഗോപാലൻ:

"ഇല്ലെ? പിന്നെ എവിടെ?" എന്നു ചോദിച്ചുകൊണ്ട് എഴുനേററുനിന്നു. ജാനകിയുടെ കൈരണ്ടും പിടിച്ചു കുലുക്കി, അവളുടെ മുഖത്തേക്കു തുറിച്ചുനോക്കി

(ശേഷം 149-ാം പേജിൽ)

# സ്ത്രീവിദ്യാഭ്യാസവും അനന്തര പരിശ്രമവും

മിസ്സസ്സ് കാത്തറയിൻ കല്ലക്കാരൻ, ബി. എ.

സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ചുള്ള വിമൎശനം മനുഷ്യസഞ്ചയത്തെ ഒട്ടാകെ, വിശിഷ്യ, മാഡം ചിയാങ്ങ് കയ്ഷക്ക് (Madame Chiang Kai Shek) തുടങ്ങി കാളിപ്പുലക്കള്ളിവരെയുള്ള വനിതാലോകത്തെ, ബാധിക്കുന്ന ഒന്നാണെങ്കിലും, ഈ ലേഖനം ചുരുക്കം ചില മലയാളികളല്ലാതെ മററാരും വായിക്കാനിടയില്ലാത്തതുകൊണ്ട് പ്രതിപാദനരീതിയിൽ അല്പം കേരളപക്ഷപാതം അസ്ഥാനത്തായിപ്പോകയില്ലല്ലൊ.

ജനസംഖ്യാവിവരപ്പട്ടികകളിൽ നിന്നും, ഭാരതത്തിൻെറ ഇതരഭാഗങ്ങളിൽ നിന്നു് കേരളം സന്ദൎശിക്കുന്ന മാന്യന്മാരുടെ പ്രശംസാപ്രസംഗങ്ങളിൽ നിന്നും, കേരളം സ്ത്രീവിദ്യാഭ്യാസത്തിൽ ഭാരതത്തിൻെറ മകുടസ്ഥാനം അൎഹിക്കുന്നുണ്ടെന്നറിയുന്നതു് കേരളീയരായ നമുക്കേവൎക്കും ഏററം അഭിമാനകരംതന്നെ. ധനാഢ്യന്മാരുടെ കേന്ദ്രവും ജനനിബിഡവുമായ പട്ടണങ്ങളിലെന്നുവേണ്ട, വൎഷാകാരുണ്യത്താൽ നീലവൎണ്ണാഞ്ചിതമായിട്ടുള്ള നാട്ടുപുറങ്ങളിൽക്കൂടി, മുല്ലപ്പൂവെണ്മയൊത്ത വസ്ത്രങ്ങളാൽ അലംകൃതരായി പ്രസന്നമുഖത്തോടുകൂടി നമ്മുടെ ബാലികാമുകുളങ്ങൾ സല്ലാപകളനാദവും പുഞ്ചിരിമാധുൎയ്യവും മാലകോൎത്തു് അണിനിരന്നു് വിദ്യാലയത്തിലേയ്ക്കു് പോകുന്ന കാഴ്ച ആരുടെയാണ് ഉള്ളം കുളൎപ്പിക്കാതിരിക്കുക? ഇവരുടെ സംഖ്യ പ്രതിവൎഷം വൎദ്ധിച്ചുകാണുന്നതിന്നും, തദ്വാരാ അനന്തരജീവിതം ശ്രേയസ്കരമാകുന്നതിന്നുമാണ് സഹൃദയന്മാരേവരുടെയും ആകാംക്ഷ എന്നു പ്രത്യേകം പറയേണ്ടതില്ല. എന്നാൽ ഇവൎക്കുവേണ്ടിയുള്ള വിദ്യാഭ്യാസം ഏതുവിധത്തിലുള്ളതായിരിക്കണം; ഇവരുടെ അനന്തര പരിശ്രമം ഏതുവിധമായിരിക്കണം എന്നെല്ലാമുള്ള സംഗതികളിലാണ് പക്ഷാന്തരമുള്ളതു്.

പ്രത്യേക വിദ്യാഭ്യാസരീതി നടപ്പിലില്ലാത്തതിനാൽ ബാലികാബാലന്മാർ ഒരേ തരത്തിലാണല്ലൊ ഇന്നു അദ്ധ്യയനം നടത്തിവരുന്നതു്. "ഇതു സ്ത്രീകളുടെ മാനസിക ശാരീരിക സ്ഥിതികൾക്കു് ഒട്ടും യോജിച്ചതല്ല; തന്മൂലം വിദ്യാഭ്യാസകാലത്തു് അവരുടെ ചൈതന്യം നശിച്ചുപോകുന്നു; അനന്തരജീവിതത്തിൽ ആധുനികരീതി പ്രായേണ പ്രയോജനശൂന്യമായിട്ടാണ് കാണുന്നതു്; സ്ത്രീകളുടെ കൎത്തവ്യം പുരുഷന്മാരുടേതിൽ നിന്നും വ്യത്യസ്തമാണ്; ഗൃഹഭരണം, സന്താനപരിപാലനം എന്നിവയ്ക്കു പററിയ വിഷയങ്ങളാണ് ബാലികമാർ ശീലിക്കേണ്ടതു്; അതോടുകൂടി കുറച്ചു് തുന്നൽ, പ്രഥമ ചികിത്സാക്രമം, രോഗശുശ്രൂഷ, അതിഥിസൽക്കാരം, പാചകവൃത്തി, സംഗീതം, നൃത്തം എന്നിവയുംകൂടി ഉണ്ടായിരുന്നാൽ ഏററം മോടിയായി; രസതന്ത്രം, ക്ഷേ-

ത്രഗണിതം, അങ്കഗണിതം, തക്കശാസ്ത്രം, മുതലായതുകൊണ്ട് വീട്ടിലിരിക്കവാനുള്ളവക്ക് എന്താണു പ്രയോജനം?" എന്നിങ്ങനെ ഒരു പ്രബലമായ അഭിപ്രായമുണ്ട്. നേരെമറിച്ച്, "ഇന്നു നമ്മുടെ ഇടയിലുള്ള വിദ്യാഭ്യാസംകൊണ്ട് പുരുഷന്മാർ ചെയ്യുന്ന കാൎയ്യങ്ങളെല്ലാം സ്ത്രീകൾക്കും സുകരമായിട്ടുള്ളതാണ്; സൗകൎയ്യം സിദ്ധിച്ചിട്ടുള്ള അനേകം വനിതകൾ ചാതുൎയ്യം പ്രകടിപ്പിച്ചിട്ടുണ്ട്; സ്വാതന്ത്ര്യത്തിൻെറ ആവശ്യം നാൾക്കുനാൾ വൎദ്ധിച്ചാണ് വരുന്നതു്; ആകയാൽ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസം പൂൎവ്വാധികം ഔൽസുക്യത്തോടുകൂടി സ്ത്രീകൾ സ്വാധീനമാക്കേണ്ടതാണ്", എന്നിങ്ങനെയുള്ള എതിരഭിപ്രായവും ഒട്ടും അപ്രധാനമല്ല.

ഉത്തര പക്ഷക്കാരോട് പൂൎവ്വാഭിമതക്കാർ പറഞ്ഞുകേട്ടിട്ടുള്ള ഒരു അവശസാന്ത്വനം പ്രത്യേകം ശ്രദ്ധേയമാണ്. അതായതു്, ഇന്നു വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള യുവാക്കളിൽ അധികംപേരും അവരവൎക്കു പററിയ ജോലിയില്ലാതെ, അഥവാ, ഉദ്യോഗം കിട്ടാതെ, അലഞ്ഞു നടക്കുമ്പോൾ എന്തിനാണ് കുടുംബത്തിലിരിക്കേണ്ട യുവതികളുംകൂടി ഇതിന്നു കച്ചകെട്ടുന്നതു്?" എന്നാണ് അവരുടെ യുക്തി. അവർ പറയുന്നതിൻെറ തത്വം, "പാശ്ചാത്യ ഭരണകൎത്താക്കൾ ചുരുങ്ങിയ ശമ്പളത്തിനു കുറെ ഗുമസ്തന്മാരെ കിട്ടുന്നതിന്നുവേണ്ടി നടപ്പിൽവരുത്തി തുടൎന്നുകൊണ്ടിരിക്കുന്ന ഈ വിദ്യാഭ്യാസം കൊണ്ട് ബലവാന്മാരായ ഞങ്ങൾക്കുതന്നെ വേണ്ടത്ര സ്കൂൾമാസ്റ്ററുദ്യോഗവും ഗുമസ്തജോലിയും കിട്ടാതെ നട്ടംതിരിയുന്നതിനാൽ അബലകളായ നിങ്ങൾ സ്ഥലമൊഴിച്ചു തരണം" എന്നാണെന്നു് എനിക്ക് തോന്നുന്നു. ജീവിതാശയം ഇത്ര ശുഷ്കമായിത്തീൎന്നോ? എൻെറ വീരപുരുഷലോകമെ! ഈ മുറവിളി നിങ്ങൾ അഭിമാനിക്കുന്ന, അഥവാ ഞങ്ങൾ ആരോപിക്കുന്ന, നിങ്ങളുടെ പൗരുഷത്തിനുകൂടി ഹാനികരമാകുന്നു. കൂടാതെ നിങ്ങളുടെ ശാഠ്യം പൂൎവ്വാപരവിരുദ്ധവും യുക്തിവിഹീനവുമാണ്. നിങ്ങളുടെ വിദ്യാഭ്യാസം പ്രയോജനശൂന്യമായിട്ടുള്ളതാണെങ്കിൽ എന്തിനാണ് ഇത്രപേർ ഇതിന്നു കെട്ടിച്ചമഞ്ഞു നടക്കുന്നതു്? ഒന്നുകിൽ നിങ്ങൾ അഭ്യസിച്ച വിദ്യ ഫലശൂന്യമായിട്ടുള്ളതാണ്; അല്ലെങ്കിൽ സ്വാധീനമായിട്ടുള്ള ജ്ഞാനം പ്രവൃത്തിപഥത്തിൽ വരുത്താൻ വേണ്ട ചാതുൎയ്യമില്ലെന്നു വരുന്നു. ഏതുവിധമായാലും സുസ്ഥാപിതവും ശാന്തവുമായ ഗുമസ്തജോലിയും, ബാലികാബാലന്മാരുടെ അദ്ധ്യയനവും ബലിഷ്ഠരായ നിങ്ങൾക്കല്ല, അബലകളായ സ്ത്രീകൾക്കാണ് കൂടുതൽ യോജിച്ചതെന്നു പറയേണ്ടിയിരിക്കുന്നു. ഈ അവകാശവാദം സ്വീകരിക്കുന്നതിന്നുള്ള വിശാലമനസ്കത നിങ്ങൾക്കുണ്ടായി കാണ്മാൻ ആഗ്രഹിക്കുന്നു. ദാൎഢ്യമുള്ള നിങ്ങളുടെ മനസ്സിന്നും മാംസപേശികൾക്കും യോജിച്ചതും മികച്ച ഐശ്വൎയ്യത്തിന്നു സമവാപ്തവുമായ ജീവിതപദ്ധതികൾ വേറെ അനേകമുണ്ട്. അവ ഇന്നു നിങ്ങൾ അശ്രദ്ധകൊണ്ടോ, ഭീതിമൂലമോ തൊട്ടുനോക്കാതെ ഉപേക്ഷിച്ചിട്ടിരിക്കയാണ്. നിങ്ങൾ ആ വഴിയ്ക്കു പ്രവൎത്തിക്കുകയും ലഘുവായ വരുമാനംമാത്രമുള്ള പ്രസ്തുത കൃത്യങ്ങൾ നിങ്ങളുടെ സഹോദരിമാൎക്ക് വിട്ടുകൊടുക്കുകയും ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

കുലസ്ത്രീകൾ സ്കൂളുകളിലും ആഫീസുകളിലും പോയി ജോലിചെയ്യുന്നതു് അവരുടെ ജീവിതകൎത്തവ്യത്തിന്നും സമുദാ

യനിലയ്ക്കും യോജിച്ചതല്ലെന്നുള്ള അഭിപ്രായക്കാരും ധാരാളമുണ്ട്. പുരുഷന്മാരുടെ ആദായത്തിൽ പങ്കുകൊണ്ട് സംതൃപ്തരായി വീട്ടുവേല ചെയ്തിരിക്കേണ്ടവരാണ് സ്ത്രീകൾ എന്നാണ് ഇവരുടെ നിർബ്ബന്ധപക്ഷം. പ്രകൃത്യാരോപിതമായ പുരുഷകർത്തവ്യങ്ങളും അതിൻെറ അനുബന്ധവ്യവസ്ഥകളും ഉടച്ചുവാക്കാൻ ആരും ഇവിടെ ഉപദേശിക്കുന്നില്ല എന്നു പറഞ്ഞുകൊള്ളട്ടെ. പക്ഷേ, രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്ന സമുദായസ്ഥിതി സ്ത്രീകളെ പൂർവ്വാധികം സ്വാശ്രയശീലകളാക്കുന്നു എന്നുള്ള വാസ്തവം മറന്നുകളയുവാനു തരമില്ല. ജീവിതശ്രമം കാലഗതിക്കും, പരിതസ്ഥിതികൾക്കും, ആവശ്യാദികൾക്കും അനുരൂപമായിരിക്കേണ്ടതാണ്.

വനിതാലോകത്തെ എന്നല്ല, മനുഷ്യസഞ്ചയത്തെ ഒട്ടാകെ ഏറെക്കുറെ മൂന്നു വമ്പിച്ച വിഭാഗങ്ങളായി തിരിക്കാം:— അതായതു്, ധനാഢ്യകുടുംബങ്ങളിലെ അംഗമായിത്തീരുവാനുള്ള ജന്മഭാഗ്യം കൊണ്ടോ, ഉന്നത വിദ്യാഭ്യാസഫലമായോ, വാണിജ്യാദിപരിശ്രമത്താലോ ഉയന്ന നിലയെത്തിയിരിക്കുന്ന ഒന്നാംവകുപ്പുകാർ; ഏററവും പരിമിതമായ പരമ്പരാവകാശത്താലോ, സാധാരണ തരത്തിലുള്ള ശ്രമംകൊണ്ടോ ഒരുവിധം 'പുറമോടിയും അകവലിവു'മായി ദിനചര്യ കഴിച്ചുപോകുന്ന ഇടത്തരക്കാർ; ഓമർകായമിൻെറ ഉപദേശമനുസരിച്ചെന്നപോലെ 'നാളത്തെ'പ്പററിയുള്ള വ്യഥയില്ലാതെ, 'അന്നന്നേപ്പം'നേടുന്ന നിത്യവൃത്തിക്കാർ. ഒടുവിൽ പറഞ്ഞ വകുപ്പുകാർ സ്ത്രീപുരുഷവ്യത്യാസമെന്യേ ജോലിചെയ്താണ് ഉപജീവനം കഴിക്കുന്നതു്. ഈ വർഗ്ഗത്തിലുള്ള സ്ത്രീകൾ ഗൃഹത്തിൽതന്നെ ഇരുന്നുകൊള്ളണം എന്നുപദേശിക്കുന്ന സദാചാരനിരതന്മാരെ കാണ്മാൻതന്നെയില്ല. ഉഴവു, കിള, മരംവെട്ട്, ഭാരവണ്ടിവലി- മുതലായതിന് ഭർത്താവു പുറപ്പെടുമ്പോൾ, ചവറടിക്കൽ, കളപറിക്കൽ, കൊയ്ത്ത്, ചുമടെടുപ്പ്, മുതലായതിന്ന് അവൻെറ വൈദേഹിയും പാദവ്യഥ ഗണിക്കാതെ സാഗ്രഹം വിടുന്നതിനു നിർബ്ബന്ധിതയാകുന്നു. വിദ്യാഭാസ്കരൻ ഇക്കൂട്ടരെ കാര്യമായി തപിപ്പിക്കുന്നില്ല. പ്രാഥമിക വിദ്യാഭ്യാസം ഇവരിൽ വല്ലവക്കും കിട്ടിയാൽതന്നെ അതു് അവരെ പരമ്പരാ പരിശ്രമങ്ങളിൽനിന്നും വ്യതിചലിപ്പിക്കുന്നതിന്ന് പര്യാപ്തമാകുന്നതുമില്ല.

കാലക്ഷേപക്ലേശം ഒന്നാം തരക്കാരായ വനിതകളെ കാര്യമായി ബാധിക്കുന്നില്ലെങ്കിലും വീട്ടിൽതന്നെ ഇരിക്കണമെന്ന നിബന്ധന ഇവക്കില്ലെന്നുതോന്നുന്നു. സമ്മേളനം, ചലനചിത്രം, ക്ലബ്ബ്, എന്നിവയ്ക്ക് ഏറെക്കുറെ രണ്ടുപേരും ഒരുമിച്ചും, മിക്കവാറും വ്യത്യസ്ത സ്ഥലങ്ങളിലേക്കുമാണ് പുറപ്പാട്. രസതന്ത്രം, അങ്കഗണിതം, ക്ഷേത്രഗണിതം, തുടങ്ങിയ ക്ലിഷ്ടവിഷയങ്ങളെക്കാൾ ഗൃഹഭരണം, ശിശുപരിപാലനം, പ്രഥമചികിത്സ, അതിഥിസൽക്കാരം എന്നിവയ്ക്ക് പററിയതായ ജ്ഞാനവും, ചിത്രമെഴുത്ത്, സംഗീതം, നൃത്തം എന്നീവിധം സുകുമാരകലകളുമാണ് ഇവക്കു മികച്ച ഭൂഷണമായിത്തീരുന്നതു്.

മദ്ധ്യവകുപ്പിൽതന്നെ അവാന്തരവിഭാഗങ്ങൾക്ക് സ്ഥാനമുണ്ടെങ്കിലും പൊതുവെ പറഞ്ഞാൽ ഇവരുടെ സ്ഥിതിയാണ് ഏററം ക്ലേശകരവും, പ്രതിപാദനത്തിനു പ്രയാസമുള്ളതും. നമ്മുടെ ഇടയിലുള്ള കൃഷിക്കാരും ചുരുങ്ങിയ ശമ്പളക്കാരും ചില്ലറക്കച്ചവടക്കാരും ഈ നിലയിലുള്ളവരാണ്. കൃഷിക്കാരാണ്

ഇതിലെ വമ്പിച്ച ശതമാനം. "നാടൻ കൃഷിക്കാരുടെ നാളികേരപാകം" കവിതാശയത്തിൽ ഏററം ഹൃദ്യമായിട്ടുള്ളതാണെങ്കിലും, പൂർവ്വാജ്ജിതമായ നിലം പകുത്തുപകുത്തു കിട്ടിയ മുറിപ്പുരയിടംതന്നെ ആലംബമായി കഷ്ടകന്മാർ ആശ്ലേഷിച്ചുകൊണ്ടിരിക്കുന്നതിനാലും, കാലാവസ്ഥയുടെ പ്രാതികൂല്യംകൊണ്ടും, പുരാതനരീതിയിൽ കൃഷിചെയ്യുന്നതിന്നുള്ള സാഹചര്യങ്ങളുടേയും നൂതനരീതിയിലുള്ള സാമഗ്രികളുടേയും അഭാവംനിമിത്തവും, നമ്മുടെഇടയിലുള്ള കൃഷിക്കാരന്റെ നില നാൾക്കുനാൾ അധഃപതിച്ചുകൊണ്ടാണിരിക്കുന്നതു്. ദാരിദ്ര്യദേവതയാണു് ഇവരിൽ മിക്കപേരുടേയും ഭവനങ്ങളിൽ ഇന്നു കുടിയിരിക്കുന്നതും.

ഈ വിധം അവശതയിൽ വളൎന്നുകൊണ്ടു് വിദ്യാഭ്യാസംചെയ്യുന്ന യുവാക്കൾ—നൂതനരീതിയിലുള്ള വമ്പിച്ച പ്രവത്തനങ്ങളെപ്പററി പാഠ്യപുസ്തകങ്ങളിൽ വായിക്കുന്നവർ—ശുഷ്കമായ പൈതൃകവൃത്തിയിൽ വിമുഖരായി, മുക്തിമാൎഗ്ഗമായി കാണുന്ന ഉദ്യോഗം തേടുന്നതിൽ ആശ്ചര്യപ്പെടുവാനില്ല. പക്ഷേ, അവിടെയും അഭയമില്ലാതെ വന്നാലുള്ള സ്ഥിതിയെന്താണു്? പിന്നെ ആകെയുള്ള ശരണം ഭാഗ്യക്കുറിപോലെ ഒരു കൊഴുത്ത സ്ത്രീധനം കിട്ടുന്നതിലാണു്. അതിനു ഭാഗ്യമില്ലാത്ത യുവതികൾക്കു വിവാഹത്തിനുംകൂടി നിവൃത്തിയില്ലെന്നായിട്ടുണ്ടു്. ഇവരെന്താണു ചെയ്യേണ്ടതു്? ഫീസില്ലവുള്ളതുകൊണ്ടു് കഷ്ടപ്പെട്ടു് വല്ലവിധത്തിലും വിദ്യാഭ്യാസം കഴിച്ചുകൂട്ടി ഉപജീവനമാൎഗ്ഗം തേടുന്ന ഇവരെ തടയുവാൻ തക്ക ഹൃദയകാഠിന്യം ആൎക്കാണുള്ളതു്? ഈ വിധത്തിൽ കഷ്ടപ്പെടുന്ന യുവതികൾക്കാണു് അദ്ധ്യാപികാവൃത്തി, കണക്കെഴുത്തു് എന്നിങ്ങനെയുള്ള ജോലികൾക്കു് കൂടുതൽ അൎഹതയും ആവശ്യവും. നിത്യവൃത്തിക്കു മാൎഗ്ഗമുണ്ടാകുന്നതോടുകൂടി അനുരൂപനായ ഒരു വരനും ഉണ്ടാകും. രണ്ടുപേരുടെയും സമ്പാദ്യം കൂട്ടിച്ചേൎത്താൽ ഒരു കുടുംബം കഴിഞ്ഞുപോകും.

സ്കൂളുകളിലും ആഫീസുകളിലും ഉപജീവനാൎത്ഥം ജോലിചെയ്യുന്നതിനാൽ കുടുംബസ്ത്രീകൾ അധഃപതിച്ചുപോകുമെന്നുള്ള ആപല്ശങ്കയോടുകൂടി വല്ലവരും അതിന്നു പ്രതികൂലിക്കുന്നുണ്ടെങ്കിൽ അതു് അവരുടെ നികൃഷ്ട മനസ്ഥിതികൊണ്ടാണെന്നുമാത്രമേ പറയേണ്ടതുള്ളു. ദുഷ്ക്രിയക്കു പ്രേരിപ്പിക്കുന്നപുരുഷനെപ്പററി എന്താണു് ഇവരുടെ വ്യവസ്ഥ? അങ്ങനെയുള്ളവരെയല്ലേ പൊതുസ്ഥലങ്ങളിൽ നിന്നു് ആദ്യംതന്നെ ഭ്രഷ്ടരാക്കേണ്ടതു്? കാക്കക്കൂട്ടത്തിൽ ഒന്നുരണ്ടു അരയന്നങ്ങൾമാത്രം ചെന്നുപെട്ടാൽ അല്പം സങ്കോചത്തിനു വഴിയുണ്ടെന്നു പറഞ്ഞേക്കാം. പക്ഷേ ഭൂരിപക്ഷം അരയന്നങ്ങൾക്കായെന്നുകണ്ടാൽ കാക്കകൾ പാട്ടനോക്കി പൊയ്ക്കൊള്ളും. കാകനല്ല, അരയന്നത്തിനാണു് ശാന്തമായ പൊയ്കക്കു് അവകാശമുള്ളതു്. ജനപ്രതിനിധിസഭകളുടെ പ്രേരണകൊണ്ടു നമ്മുടെ ഭരണസ്ഥാനങ്ങൾ ഈവിധ വ്യവസ്ഥകൾചെയ്തുകാണുവാൻ ഈയുള്ളവർ നാളെണ്ണിക്കൊണ്ടുതന്നെയിരിക്കുന്നു.

യുവാക്കൾക്കുതന്നെ വേണ്ടത്രയില്ലാത്ത ഉദ്യോഗസ്ഥാനങ്ങൾ ഒന്നൊഴിയാതെ യുവതികൾക്കു വിട്ടുകൊടുക്കുവാൻ വേണ്ടിയുള്ള എന്റെ അഭ്യൎത്ഥന കടുംകൂരതയുടെ ലക്ഷ്യമായി വല്ലവരും വ്യാഖ്യാനിക്കുന്നുണ്ടോ? ഒരു വിപ്ലവകാരിയായി എന്നെ ആരും തെററിദ്ധരിക്കേണ്ട. വാസ്തവത്തിൽ ആൾ യാഥാസ്ഥിതിക

തപത്തിൽ ജന്മവാസനക്കാരിയാണ്. ആവശ്യം കാണുന്നതുകൊണ്ട് ഇത്രത്തോളം പറഞ്ഞെന്നേയുള്ളു. കൂടാതെ, യുവതികളുടേതുപോലെതന്നെ, അഥവാ, അതിൽക്കൂടുതലായി, ജനസഞ്ചയത്തിൻെറ നട്ടെല്ലായ യുവജനപരമ്പരയുടെ പരിശ്രമം കാലോചിതമായിക്കാണ്മാനുള്ള ആഗ്രഹത്താലാണ് ഇപ്രകാരം പറയുന്നത്. സ്വാധീനത്തിലിരിക്കുന്നതു വിട്ടുകൊടുക്കുവാൻ ഉപദേശിക്കുന്ന ഞാൻ അവൾക്കു പററിയ ഭൂരിശ്രേയോമാർഗ്ഗങ്ങൾ ചൂണ്ടിക്കാണിച്ചുകൊടുക്കേണ്ടതായിട്ടാണു വന്നിരിക്കുന്നത്. ആകയാൽ ആ ഭാഗത്തെപ്പററിയും സംക്ഷിപ്തമായി അല്പം പറയാതെ തരമില്ല.

പതാകാദൃഷ്ഷന്തൻ വാണിജ്യശകുന്തളയെ പിൻചെന്നാലും, അഥവാ, അനുലോമപ്രതിലോമമായിരുന്നാലും വേണ്ടതില്ല, രണ്ടും വാണിജ്യശകുന്തളാകാമ്യതയെയാണ് ഉൽഘോഷിക്കുന്നത്. സാമ്രാജ്യം, സംസ്ഥാനം, സമുദായം, കുടുംബം എന്നുവേണ്ട, വ്യക്തിതന്നെ ഉന്നതനിലയിൽ എത്തീട്ടുള്ളതു് വാണിജ്യം വ്യവസായം എന്നിവകൊണ്ടാണെന്നുള്ളതു് ലോകചരിത്രവും ഇന്നത്തെ വൃത്താന്തപത്രങ്ങളും വിശദമാക്കുന്നുണ്ട്. ഭാരതത്തിൻെറ ഇന്നത്തെ വിദേശഭരണകർത്താക്കളുടെ ആവിർഭാവത്തിൽ കൂടുതൽ മറെറന്തു തെളിവാണ് ഇതിനു വേണ്ടതു്? ചുരുങ്ങിയ നൂററാണ്ടുകൾക്കുമുമ്പു് ആറായിരംനാഴിക ദൂരത്തുനിന്നും കേവലം വാണിജ്യത്തിന്നായി വന്ന ഒരു കച്ചവടക്കമ്പനിയാണ് ഭാരതവമ്പനെ കൊമ്പുകുത്തിച്ചതു് എന്നുള്ളതിൽ കൂടുതൽ വാണിജ്യബീജശക്തിക്കു് എന്തു ദൃഷ്ടാന്തം വേണം? ലോകത്തിൽ ഏററം പരിഷ്കൃതനിലയെത്തിയതെന്നും, ജനാധിപത്യഭരണത്തിൻെറ മാതൃകാസ്ഥാനമെന്നും, ഒരു പക്ഷേ, ഇഹത്തിലെ, "ഐശ്വര്യ പറുദീസ" എന്നുതന്നെയും വാഴ്ത്തപ്പെടുന്ന ഐക്യനാടുകളുടെ ഉച്ചൈശ്വര്യമൂർത്തികളായ ഫോർഡു്, റോക്ഫെല്ലർ, കാർണിജി തുടങ്ങിയ കുബേരചക്രവർത്തിമാർ സേവിക്കുന്നതുവാണിജ്യവ്യവസായങ്ങളെയാണ്. ഇന്നത്തെ ലോകമഹായുദ്ധഹേതുക്കളും ഇവയ്ക്കുവേണ്ടിയുള്ള മത്സരംതന്നെയത്രെ. ദൂരസ്ഥമായ വൻകരകളിലെ സ്ഥിതി അറബിക്കഥപോലെ പറഞ്ഞു് എന്തിനു നാട്ടുകാരെ വിഭ്രമിപ്പിക്കുന്നു? നമ്മുടെ ഭാരതംതന്നെ ഇതിന്നു ധാരാളം ദൃഷ്ടാന്തം തരുന്നുണ്ട്.

വാണിജ്യം, വ്യവസായം എന്നിവ ജാതിത്തൊഴിലായി ചെയ്യുന്ന പാർസികൾ, ബനിയാന്മാർ, മാർവാറികൾ, നാട്ടുകോട്ടച്ചെട്ടികൾ എന്നിവരല്ലേ ഭാരതത്തിലെ സമ്പത്സമൃദ്ധസമുദായക്കാർ? ചുരുക്കം ചില കിരീടഭോഗക്കാരെ ഒഴിച്ചാൽപിന്നെ ടാററാ, ബിർളാ, മുംജിജെയ്താ, ഡാംമിയാ, തുടങ്ങിയ വാണിജ്യവ്യവസായപ്രസക്തകുടുംബങ്ങളേയും, വാംചണ്ട് ഹിരാചണ്ട്, രാജാ സർ അണ്ണാമലൈ ചെട്ടിയാർ തുടങ്ങിയ വ്യക്തികളേയും ഐശ്വര്യത്തിൽ കിടപിടിക്കുവാൻ പോരുന്ന മറെറന്തു പ്രവർത്തനക്കാരാണ് ഭാരതത്തിലുള്ളതു്?

എന്തിന്നേറെ? കേരളത്തിൻെറ ശ്രീലാന്ത്യഹൃദയമായി അറബിക്കടലിൻെറ രാജ്ഞിയെന്നനിലയിൽ വിളങ്ങുന്ന കൊച്ചീപ്പട്ടണം ഇന്നു ആരുടെ അധീനസ്ഥാനമാണ്? കൊച്ചി സന്ദർശിച്ചു് വിസ്മയഭരിതരായി മടങ്ങിവരുന്ന നമ്മുടെ നാട്ടാർ വർണ്ണിക്കാറുള്ള 'സേട്ടു'മാരുടെ ധനത്തിൻെറ ഭീമതമോ, കൈലാസം അമ്മാനമാടിയ രാവണൻെറ ഭുജവീര്യമോ

ഏതാണ് കൂടുതൽ ഭീതിജനകം എന്ന് സംശയം തോന്നിപ്പോകുന്നു. പക്ഷേ ഇവരിൽ ചിലർ ചായക്കടകളിൽ പാത്രം കഴുകിയും മററുമാണ് ചെറുപ്പകാലം കഴിച്ചിരുന്നതെന്നറിയുമ്പോൾ, മൂലധനമില്ലെന്നു പിറുപിറുക്കുന്ന നമ്മുടെ യുവാക്കൾക്ക് ധൈര്യത്തിന്നും ഉൽബോധനത്തിന്നും അവകാശമില്ലേ? ഈ പട്ടണത്തിലെ വമ്പിച്ച കച്ചവടക്കാരിൽ എത്ര കേരളീയരുണ്ട്?

മദിരാശിപ്പട്ടണത്തിലെ വാണിജ്യകേന്ദ്രമെന്ന നിലയിലെത്തിയിരിക്കുന്ന സൌകാർപ്പെട്ടും പരിസരങ്ങളും, മുപ്പതുറുപ്പികയോളം വണ്ടിക്കൂലികൊടുത്തു ബോംബെ സംസ്ഥാനത്തുനിന്നും വാണിജ്യം പുരസ്കരിച്ചുവന്ന ബനിയാന്മാരുടെ നിവാസകേന്ദ്രമാണെന്നറിയുമ്പോൾ, എട്ടുറുപ്പികമാത്രം വണ്ടിക്കൂലികൊടുത്ത് കേരളത്തിൽനിന്നും വരുവാനെളുപ്പമുള്ള കച്ചവടക്കാരുടെ "മലബാർപ്പേട്ട" എവിടെയാണെന്നന്വേഷിച്ച് വല്ലവരും വിഡ്ഢിയായിട്ടുണ്ടെങ്കിൽ ആ മനോമോഹനമായ പട്ടണാംശം അടുത്തഭാവിയിൽ അവതരിക്കുമെന്ന് സമാധാനപ്പെടട്ടെ!

ദാരിദ്ര്യം നാൾക്കുനാൾ വർദ്ധിച്ചുവരുന്ന കേരളത്തിൽ ജോലിയില്ലെന്നു പറഞ്ഞു നടക്കുന്ന യുവാക്കൾക്ക് ഈ വിഷയം ചിന്താപഥത്തിൽ പെടുന്നില്ലെന്നുണ്ടോ? പ്രഥമദശയിൽ ഈവിധപരിശ്രമങ്ങൾ ഗുമസ്തജോലിയും സ്കൂളുദ്യോഗവും പോലെ അത്ര എളുപ്പമല്ല. ഇവിടെയാണ് അവരുടെ ചാതുര്യവും, നാഡീബലവും, ബുദ്ധിവിലാസവും, സഹനശക്തിയും പ്രകടിപ്പിക്കേണ്ടത്. ഒരിക്കൽ അഭിരുചിപററിയാൽ പിന്നെ നമ്മുടെ യുവാക്കളുടെ ഉദ്യോഗഭ്രമം പമ്പകടക്കുമെന്നല്ല, അവർ ഉദ്യോഗവിമുഖന്മാർതന്നെ ആയിത്തീരും. ഇന്നു ദാരിദ്ര്യനിവാരണത്തിന്നു സ്വഗൃഹംവിട്ടു പ്രവൃത്തി തേടേണ്ട ബാലികമാർ അന്നു സുകുമാരകലാവൈദഗ്ദ്ധ്യത്തോടെ നിങ്ങളുടെ ശ്രീവാഴും ഗൃഹസോപാനങ്ങളെത്തന്നെ അലങ്കരിച്ചിരിക്കും. ഇതാണ് ഇരുകൂട്ടർക്കും ഉത്തമം.


# ശ്രീ ചിത്രയുഗം

**തിരുവനന്തപുരം.**

വിവിധവിഷയങ്ങളെപ്പററി പ്രതിപാദിക്കുന്ന ഒരു ഇംഗ്ലീഷ് മലയാള പ്രതിവാരപത്രം.

വരിസംഖ്യ അഞ്ചലിൽ 4—0—0.
,, പോസ്റ്റിൽ 5—0—0.

(പരസ്യക്കാർക്ക് പററിയ പത്രം)

## Swaraj!

*If you want it, first learn Hindi, your National Language. All Hindi Books are stocked here. Write for a Catalogue.*

**The Bharat Stores,**
Book Sellers
and Stationers,
BROADWAY.
ERNAKULAM.

# "കോവർ കഴുത"

വൈക്കം മുഹമ്മദ് ബഷീർ

**അ**പ്പോൾ നിങ്ങളുടെ മനസ്സിന് ഏതാണ്ടൊരു ലഘുതക്കുറവുണ്ട്. ഊണും കഴിഞ്ഞു് നിങ്ങൾ ചാരുകസാരയിൽ മലന്നു കിടക്കുകയാണ്. സംതൃപ്തി! അതാണ് നിങ്ങളുടെ ആ മന്ദഹാസത്തിന്റെ അർത്ഥം! ഇങ്ങനെ ഇരിക്കുന്ന വേളയിലാണ് നിങ്ങളുടെ സ്നേഹിതനായ യുവകവിയുടെ കത്തു് വരുന്നതു്.

'ആത്മസുഹൃത്തേ', അങ്ങനെ കഠിനമായ ദുഃഖത്തോടെ ടി. യാൻ നിങ്ങൾക്ക് എഴുതുകയാണ്, 'നിങ്ങൾ മരിച്ചുപോയതായി ഞാൻ ഒരു കിനാവു കണ്ടു. മൂടിപ്പൊതിഞ്ഞ നിങ്ങളുടെ ശവശരീരം നാലഞ്ചുപേർകൂടി ചുമലിൽ വഹിച്ചുകൊണ്ട് ശ്മശാനത്തിലേയ്ക്കു പോകുന്നതായും അവിടെ തയാറുണ്ടായിരുന്ന പുതിയ ഒരു കുഴിയിൽകിടത്തി, പച്ചമണ്ണിട്ട് മൂടിയതിനുശേഷം അവരൊക്കെ സങ്കടത്തോടെ തിരിച്ചുപോരുന്നതായും ഞാൻ സ്പഷ്ടമായിക്കണ്ടു.

'സുഹൃത്തേ! ആകാശം കറുത്തിരുണ്ട് മ്ലാനമായിരുന്നു. ആകപ്പാടെ എനിക്കു വല്ലായ്മ തോന്നി. പിറേറദിവസം മുഴുവനും ഞാൻ നിങ്ങളുടെ ഗുണഗണങ്ങളെപ്പററി വിചാരിച്ചു. നിങ്ങൾ എനിക്കയച്ചിട്ടുള്ള കത്തുകളൊക്കെ ഞാൻ പല ആവത്തി വായിച്ചു. അങ്ങനെ ഇരിക്കുമ്പോഴാണ് നിങ്ങളുടെ ഒരു എഴുത്തു വന്നതു്! തീരെ സുഖമില്ലെന്നും ദീനശയ്യയിൽ കിടന്നുകൊണ്ടാണ് അതെഴുതുന്നതെന്നും വായിച്ചപ്പോൾ ഞാൻ പൊട്ടിക്കരഞ്ഞുപോയി. എന്റെ സ്വപ്നവും നിങ്ങളുടെ എഴുത്തും ഞാൻ തുലനംചെയ്തു. നിങ്ങൾ മരിച്ചുപോയി എന്നുതന്നെ ഞാൻ വിശ്വസിച്ചു. ദിവസങ്ങൾ കഴിയുന്തോറും എന്റെ ദുഃഖത്തിന് അതിരില്ലെന്നായി. ഒരു പ്രകാരത്തിലും വ്യസനം അടക്കാൻ കഴിഞ്ഞില്ല. നിങ്ങളെപ്പററി ഞാൻ ഒരു കവിത എഴുതി: "ദിവംഗതനായ എന്റെ സുഹൃത്തു്." വിഷാദനിർഭരമായ ഒരു മധുരകാവ്യം! ഞാൻ ഇതു് പലരെയും വായിച്ചു കേൾപ്പിച്ചു. കണ്ണുനീരോടെ എല്ലാവരും പറഞ്ഞു വളരെ നന്നായിട്ടുണ്ടെന്ന്. ഇതെന്റെ 'മാസ്റ്റർപീസ്' ആണെന്ന് അവരൊക്കെ സമ്മതിച്ചു. ഇതിന്റെ പ്രസിദ്ധീകരണത്തോടെ എനിയ്ക്കു കേരളത്തിലേ മഹാകവികളുടെ ഇടയിൽ പ്രമുഖമായ സ്ഥാനം ലഭിക്കുമെന്ന് അവരൊക്കെ ഏററുപറഞ്ഞു. ഞാൻ ഒരു മഹാകവി തന്നെ എന്ന് എനിയ്ക്കും ബോദ്ധ്യം വന്നു. 'മഹാകവി അതിരമ്പുഴ' എന്ന് ഞാൻ പലവുരു ഉരുവിട്ടു. ഞാനിതു പത്രത്തിലേയ്ക്കു അയക്കാൻ പോസ്റ്റാഫീസിൽചെന്നു. അപ്പോഴാണ് നിങ്ങളുടെ കത്തു്! നിങ്ങൾ സുഖമായി, ജീവിച്ചിരിക്കുന്നു എന്നറിയുന്നതിൽ ഞാൻ വളരെ .........സന്തോഷിക്കുന്നു.'

* * * * *

അതുകൊണ്ടും പോരെങ്കിൽ വേറൊരു സുഹൃത്തിന്റെ കല്യാണക്കുറി:

'ഹേ, സാഹിത്യകാരാ!' അങ്ങനെയാണ് നിങ്ങളെ സംബോധന ചെയ്യുന്നത്, 'നിങ്ങൾ എന്തുചെയ്യുകയാണിപ്പോൾ? ശൂന്യമായ ആകാശത്തേയ്ക്കു നോക്കി അങ്ങനെ ചാരിക്കിടക്കുകയാണോ, അതോ, വേമ്പനാട്ടുകായലിന്റെ നീലനീരാളപ്പരപ്പുകണ്ട് അത്ഭുതപ്പെടുകയാണോ? ഏതായാലും നിങ്ങളുടെ പ്രണയലേഖനങ്ങളൊക്കെ ഞാൻ വായിച്ചു. അല്ല, അവൾ തന്നെ എന്നെ വായിച്ചു കേൾപ്പിച്ചു! "എങ്ങിനെ ഇരിക്കുന്നു?" എന്ന് അവൾ അഭിമാനത്തോടെ എന്നോടു ചോദിച്ചു. പരമാർത്ഥത്തിൽ നിങ്ങൾ അവൾക്കെഴുതിയ പ്രേമലേഖനങ്ങൾ ഒക്കെ നന്നായിട്ടുണ്ട്. ഓരോ വരിയിലും നിങ്ങളുടെ പ്രേമം നിറഞ്ഞു തുളുമ്പുന്നുണ്ട്. തന്മൂലം ഞാൻ സത്യം പറഞ്ഞു, വളരെ നന്നായിട്ടുണ്ടെന്ന്. അവൾക്ക് തൃപ്തിയായി.

'സ്നേഹിതാ! നിങ്ങൾ ഞങ്ങളെ അനുഗ്രഹിക്കണേ. ഈ മാസം 10-ാംനു- ഉച്ചതിരിഞ്ഞുള്ള ശുഭമുഹൂർത്തത്തിൽ ഞങ്ങളുടെ വിവാഹമാണ്. നേരത്തേ നിങ്ങൾ വന്നുചേരണം. അവളുടെ ആഗ്രഹമാണ്. നിങ്ങളുടെ വകയായി ഒരു വിവാഹമംഗളാശംസ ഉണ്ടാവണം. ഗദ്യകവിതയിൽ ആയാൽ നന്ന്. ഞങ്ങൾക്കൊക്കെ സുഖംതന്നെ. നിങ്ങൾക്കും അപ്രകാരമെന്നു വിശ്വസിക്കുന്നു. അവൾ നിങ്ങളുടെ കാര്യം പ്രത്യേകം ചോദിച്ചിട്ടുണ്ട്. നിങ്ങൾ വന്നുചേരുമെന്നുള്ള പ്രതീക്ഷയോടെ,

'നിങ്ങളുടെ പ്രാണസുഹൃത്ത് ......'

* * * * *

അങ്ങനെ നിങ്ങൾ എന്തെങ്കിലും ഒരു ജോലിക്ക് അപേക്ഷിച്ചുകൊണ്ട് നിങ്ങളുടെ പഴയ സ്നേഹിതനായ കമ്പനിമാനേജർക്ക് എഴുതി അയച്ച അപേക്ഷയുടെ മറുപടിയും വന്നുചേരുന്നു:

'പ്രിയപ്പെട്ട മിസ്റ്റർ കെ.' എന്ന് നിങ്ങളുടെ ഇഷ്ടൻ എഴുതുന്നു: 'നിങ്ങളുടെ കത്തു വായിച്ചപ്പോൾ അബ്രഹാം ലിങ്കന്റെ കാര്യമാണ് ഓർമ്മയിൽ വരുന്നത്. അദ്ദേഹം ഓരോ സന്ദർഭത്തിലും ഓരോ കഥ പറയാറുണ്ടായിരുന്നു, എന്നാണ് കോറൽ സാൻട്ബർഗ്ഗ് പറയുന്നത്. ആഭ്യന്തരയുദ്ധം നടന്നുകൊണ്ടിരുന്ന കാലത്ത് അപേക്ഷകളും ശുപാർശിക്കത്തുകളുമായി പല ഉദ്യോഗാർത്ഥികളും ലിങ്കനെ സമീപിച്ചു. അവരോട് പലതും പറഞ്ഞ കൂട്ടത്തിൽ ലിങ്കൺ ആയിടെ വായിച്ച ഒരു കഥയും പറഞ്ഞു. അതായത്: ഒരു രാജാവ് വേട്ടയാടാൻ പോയ സമയത്ത് "ഇന്ന് മഴ പെയ്യുമോ?" എന്ന് മന്ത്രിയോട് ചോദിച്ചു. നല്ലവണ്ണം തെളിഞ്ഞ ആകാശമായിരുന്നതുകൊണ്ട് മന്ത്രി പറഞ്ഞു, മഴപെയ്യുകില്ലെന്ന്. അതനുസരിച്ച് രാജാവും പരിവാരങ്ങളും വേട്ടയ്ക്കു പുറപ്പെട്ടു. വഴിക്കുവച്ച് കോവർകഴുതപ്പുറത്തു കയറി വരുന്ന ഒരു കൃഷകനെ കണ്ടു. അയാളോടും രാജാവ് ചോദിച്ചു, മഴ പെയ്യുമോ എന്ന്. കൃഷകൻ കോവർകഴുതയുടെ മുഖത്തുനോക്കി. അതു് ചെവികൾ രണ്ടും മുന്നോട്ട് നീട്ടിപ്പിടിച്ച് അനങ്ങാതെ നിൽക്കുന്നതുകണ്ട് കൃഷകൻ പറഞ്ഞു: "പൊന്നുതിരുമേനീ! ഇന്നു മഴ പെയ്യും." രാജാവ് ചിരിച്ചു. ബുദ്ധിമാനായ മന്ത്രിയേക്കാൾ അറിവ് ഈ കൃഷകനുണ്ടോ? അങ്ങനെ കാട്ടിലെത്തി വേട്ടയാരംഭിച്ചു. നിർഭാഗ്യമെന്നേ പറയേണ്ടു. ഇടിയും മിന്നലുമായി പൊടിപൂരമായ ഒരു മഴ പെയ്തു. നനഞ്ഞു നാശമായി രാജാവും പരിവാരങ്ങളും കൊ

ട്ടാരത്തിലെത്തി. മന്ത്രിയെ ഉടനെതന്നെ തൂക്കിക്കൊല്ലാൻ കല്പിച്ചു; തന്നെയുമല്ല, കഷ്കനെ ഹാജരാക്കാൻ കല്പനയും കൊടുത്തു. പട്ടാളക്കാരുടെ പല ദിവസത്തെ ശ്രമത്തിനുശേഷം കഷ്കനെ തിരുമുമ്പിൽ ഹാജരാക്കി. രാജാവു് ചോദിച്ചപ്പോൾ കഷ്കൻ വിടകൊണ്ടു:

"പൊന്നുതിരുമേനി! അടിയൻ അത്ര യ്ക്കു് ബുദ്ധിമാനൊന്നുമല്ല. എന്റെ കോവർകഴുതയാണു്. മഴ പെയ്യാൻ ഭാവിക്കുമ്പോൾ അതു് ചെവിരണ്ടും മുന്നോട്ടു തള്ളിപ്പിടിക്കും." ഇതു കേട്ടപ്പോൾ രാജാവിനു് സന്തോഷമായി. കഷ്കനെ പറഞ്ഞയച്ചിട്ടു് കോവർകഴുതയെ മന്ത്രിയാക്കി.

"അതിലാണു്" ലിങ്കൺ പറഞ്ഞു, "രാജാവു് തെറ്റു ചെയ്തതു്".

"അതെങ്ങനെ?" കൂട്ടത്തിൽ ഒരുവൻ ചോദിച്ചു, "രാജാവു് ബുദ്ധിപൂർവ്വമാണല്ലോ ചെയ്തതു്?"

"കാര്യംശരി. പക്ഷേ ആ സംഭവത്തിനുശേഷം എല്ലാ കോവർകഴുതകൾക്കും ഉദ്യോഗം വേണം. ശുപാർശക്കത്തുകളും അപേക്ഷകളുംകൊണ്ടു് എന്നെ വിഷമിപ്പിക്കുന്നു. മാന്യരെ! നിങ്ങളുടെ അപേക്ഷകൾ ഒക്കെ ഞാൻ വായിക്കാം. ഈ യുദ്ധം കഴിഞ്ഞു് വിവരം അറിയിക്കുകയും ചെയ്യാം."

*   *   *   *   *

ആ പതനത്തിലാണു് നിങ്ങളുടെ ഒരു ഇഷ്ടക്കാരിയുടെ കത്തു്:

'എന്റെ പ്രാണനാഥാ!' അങ്ങനെ വാവിട്ടു് നിലവിളിക്കുന്നതുപോലെയാണു്. 'അയ്യോ, എല്ലാം കുഴപ്പത്തിലായി. നിങ്ങൾ എനിക്കയച്ചിട്ടുള്ള പ്രണയലേഖനങ്ങൾ ഒക്കെ എന്റെ ഭർത്താവെന്നു പറയുന്ന ഈ ദ്രോഹി കണ്ടുപിടിച്ചു! ഇയ്യാളു് മുടിയ്ക്കു കുത്തിപ്പിടിച്ചു് എന്നെ വളരെ ഇടിച്ചു. ഇയ്യാളു് എന്നെ ഉപേക്ഷിക്കുമെന്നു പറയുന്നു. ഈ ആറു് അരുമക്കുഞ്ഞുങ്ങളും ഞാനും എന്താണു് ചെയ്യേണ്ടതു്? ഇവരെ ഇവിടെ ഇട്ടേച്ചു പോരണോ, അതോ കൂടെ കൊണ്ടുപോരണോ? വേഗം മറുപടി അയക്കണേ. ബോട്ടുകൂലിക്കു് കാശും അയക്കണം.

എന്നു് സ്വന്തം പ്രാണനാഥ.'

---

തപ്തഹൃദയം. 140-ാംപേജിൽനിന്നു്

ക്കൊണ്ടു് "പിന്നെവിടെ, പറയടി. രാക്ഷസി. എന്റെ തങ്കം എവിടെ? നീ അവളെ എന്തുചെയ്തു? പറ, പറ" എന്നു കോപാന്ധനായി നിലവിളിച്ച ഗോപുവിന്റെ പാദത്തിങ്കൽ വീണു്

"ക്ഷമിക്കണെ......തങ്കം......ഇല്ല...... തങ്കം......മരിച്ചുപോയി..................... ഭർതൃജീവനെ കൊതിച്ചു് പറയാതിരുന്നുപോയതാണെ..."എന്നു പറഞ്ഞു് ജാനകി ബോധരഹിതയായി.

ഗോപാലൻ എന്തിനെയൊ നോക്കുന്നതുപോലെ ഒരു നിമിഷം നിന്നു. അടുത്ത നിമിഷത്തിൽ "ഹാ!" എന്നൊരു അലച്ച് അവിടെ കേൾക്കുമാറായി.

# ഗർഭിണി

ഏ. കെ. ജി.

ഒരു സ്ത്രീ രാവിലെ എൻെറ മുറിയിലേക്ക് വന്നു. ഏകദേശം നാല്പത്തിഅഞ്ച് വയസ്സ് പ്രായം കാണും. തൻെറ തടിച്ച ദേഹത്തെ ഒരു സോഫയിൽ പതുക്കെ നിക്ഷേപിച്ച്, ശോകാവൃതമായ വദനത്തോടെ എന്നോട് പറഞ്ഞു:

"ഞാൻ നിസ്സഹായ ആണ്. ബോമ്പായിൽ ആരെയും ഞാൻ അറിയില്ല. എൻെറ ഭർത്താവു് ഒരു ഡോക്ടരായിരുന്നു. അദ്ദേഹം മരിച്ചു. ജനാർദ്ദനൻ എന്നായിരുന്നു പേരു്. ഭർത്താവു് എന്നു തന്നെയല്ല അദ്ദേഹം എൻെറ പിതാവും പ്രാണനാഥനും,.........അയ്യോ കഷ്ടം! അതൊക്കെ പറഞ്ഞിട്ടെന്താ കാര്യം."

ഞാൻ ആലോചനാശ്ശൂന്യമായ ആ മുഖം സൂക്ഷിച്ചുനോക്കി.

"എൻെറ ഭർത്താവിൻെറ മരണം എന്നെ തുണയില്ലാതാക്കി ........."

ഞാൻ അക്ഷമനായി അവരോടു പറഞ്ഞു:

"വളരെ ആളുകൾ എന്നെ കാത്തിരിക്കുന്നു. എനിക്ക് സമയമില്ല. എന്തു സഹായമാണ് ഞാൻ ചെയ്യേണ്ടതു്?"

"നിങ്ങൾ എന്നെ രക്ഷിക്കണം. എനിക്ക് പ്രസവം അടുത്തിരിക്കുന്നു. സ്വർഗ്ഗത്തിൽനിന്നും എൻെറ ഭർത്താവു എന്നെ നോക്കിക്കൊണ്ടിരിക്കുന്നു എന്നാണ് എൻെറ വിശ്വാസം. എൻെറ ആദ്യത്തെ കുട്ടിയാണ്. അതു് എൻെറ ജീവനാണ്. ഞാൻ എൻെറ ഭർത്താവിനെപ്പോലെ നിങ്ങളേയും വിശ്വസിക്കുന്നു. നിങ്ങളൊരു നായരല്ലേ. എനിക്ക് നായന്മാരെ വലിയ ഇഷ്ടമാണ്. ഞാൻ ഒരു തീയത്തിആണെങ്കിലും ആദ്യം ഒരു നായരെ സ്നേഹിച്ചു. പക്ഷെ ആ പ്രേമം നിലനിന്നില്ല നിങ്ങൾ ചെറുപ്പം' എൻെറഭർത്താവിനെപ്പോലെതന്നെ...അതേ, ആ മൂക്കും, കണ്ണും,..."

(സ്വല്പം ലജ്ജയോടെ പറഞ്ഞ ഈ വാക്കുകൾ ജനാർദ്ദനൻ സ്വർഗ്ഗത്തിൽ കേട്ടിരുന്നെങ്കിൽ ആ മനുഷ്യന് തീരെ മനസ്സമാധാനമുണ്ടാവില്ലായിരുന്നു.)

"ഞാൻ പ്രസവക്കേസുകൾക്കു പോകാറില്ല. എൻെറ ഒരു സ്നേഹിതന് എഴുത്തു് തരാം."

"അയ്യയ്യോ! അതു വേണ്ട! നിങ്ങൾതന്നെ മതി. എനിക്ക് വേറെ ആരെയും വിശ്വാസമില്ല. എന്ന് പ്രസവിക്കുമെന്നറിഞ്ഞുകൂടാ. ഇന്നുതന്നെ ആവാം. എന്നെ തള്ളിക്കളയരുതെ."

പ്രസവവേദന അടുത്തെന്ന് വിചാരിച്ച് പരിഭ്രമത്തോടെ ഞാൻ എഴുന്നേററു്.

"എന്നാൽ കാറിൽ നിങ്ങളുടെ വീട്ടിലേക്ക് പോകാം."

അപ്പോൾ ആ സ്ത്രീ അടക്കുവാൻ പാടില്ലാത്ത സങ്കടത്തോടെ വിങ്ങിവിങ്ങിക്കരഞ്ഞു. ദേഹം മുഴുവൻ ആലിലപോലെ വിറച്ചു. മുഖം വിളർത്തു. കൈകൾ വയററിന്നുമീതെ കെട്ടിപ്പിടിച്ചു.

എനിക്ക് പരിഭ്രമം പോയി ഭയമായി.

ഞാൻ ഒരു അവിവാഹിതൻ. വീട്ടിൽ സ്ത്രീകളില്ല ഞാൻ അവരെ പിന്നെയും സൂക്ഷിച്ചുനോക്കി.

"കണ്ണുതുടക്കുക." ആ സ്ത്രീ സാരികൊണ്ടു്, ഒഴുകിയിരുന്ന കണ്ണുനീർ തുടച്ചു. എൻെറ ചോദ്യങ്ങൾക്ക് ശരിയായ മറുപടി തന്നില്ല.

ഞാൻ പറഞ്ഞു: "നിങ്ങൾക്കു ഗർഭമില്ല."

അവൾ സോഫായിൽനിന്നും ചാടിഎഴുന്നേററു, പരുഷ സ്വരത്തിൽ ഗർജ്ജിച്ചു.

"എന്നെയും എൻെറ ഭർത്താവിനെയും അപമാനിക്കുകയൊ? എനിക്കു ഗർഭമില്ലെന്നോ? കൊള്ളാം. ഒരു ഡോക്ടർക്കു ചേർന്നതുതന്നെ." അവൾ മുറിയിൽനിന്നും ഓടിപ്പോയി.

ആ സ്ത്രീ ഉടൻതന്നെ ഡോക്ടർ സമീന്ദ്രൻെറ അടുക്കലേക്ക് പോയി എനിക്ക് പററിയ അബദ്ധം ബോമ്പായിലെല്ലാം പരന്നു. സകല ഡോക്ടർമാരും രോഗികളും അറിഞ്ഞു. എല്ലാ മലയാളികളും അറിഞ്ഞു. ആസ്പത്രികളിൽ അതുതന്നെ സംസാരം. പ്രസിദ്ധിയുള്ള ഒരു ഡോക്ടർ പത്തുമാസം ഗർഭം തികഞ്ഞ ഒരു സ്ത്രീയോട് ഗർഭമില്ലെന്നു പറഞ്ഞെന്നോ? ബോമ്പായിലെ മിക്ക ഡോക്ടർമാരും അവരുടെ രോഗികളും കെമിസ്റ്റ്സും എല്ലാവരും അഭിപ്രായപ്പെട്ടു, ആ സ്ത്രീ അടുത്തു പ്രസവിക്കുമെന്ന്.

ഡോക്ടർ സുരേഷ് ചന്ദ്രായുടെ അഭിപ്രായം ആ സ്ത്രീ രണ്ടു കുട്ടികളെ പ്രസവിക്കുമെന്നാണെന്ന് എൻെറ ശത്രുക്കൾ പറഞ്ഞു പരത്തി. എന്നെപ്പററിയുള്ള അപവാദം നാടെല്ലാം പരന്നതുകൊണ്ടു എൻെറ ചികിത്സക്ക് വരുന്ന രോഗികളുടെ എണ്ണം ചുരുങ്ങിത്തുടങ്ങി.

ഗർഭിണിയുടെ ഗൃഹത്തിൽ ഒരു വയററാട്ടിയെ കണ്ടപ്പോൾ എൻെറ സ്നേഹിതന്മാരും സംശയിച്ചു. കുട്ടിക്ക് ഒരു ഭംഗിയായ തൊട്ടി ആരൊ അയച്ചിരിക്കുന്നു എന്നു കേട്ടപ്പോൾ എനിക്കും ഭയമായി. സ്നേഹിതന്മാരുടെ ഉപദേശം ഞാൻ ബോമ്പെ വിട്ടു മറെറവിടെയെങ്കിലും പ്രാക്ടീസ് തുടങ്ങണമെന്നായിരുന്നു. ഒററ പ്രസവിക്കുമൊ, ഇരട്ട പ്രസവിക്കുമൊ? ഡോക്ടർമാർ പന്തയംവച്ചു. മലയാളികളിൽ ചില മാന്യന്മാർ എന്നെ കണ്ടാൽ മിണ്ടില്ലെന്നായി.

ഒരാഴ്ചക്കുശേഷം ആകാംക്ഷ വർദ്ധിച്ചു. ആ തൊട്ടിയേയും വരാൻപോകുന്ന കുട്ടിയേയുംപററി മാത്രമായിരുന്നു എല്ലാവരുടെയും ചിന്ത.

ഒരു ദിവസം മുപ്പതു വയസ്സു പ്രായമുള്ള ഒരു യുവാവു് എൻെറ മുറിയിലേക്ക് കടന്നുവന്നു. രണ്ടാഴ്ചമുമ്പു് ആ ഗർഭിണിയിരുന്ന സോഫായിൽതന്നെയിരുന്നു.

"നിങ്ങളുടെ സഹായം അഭ്യർത്ഥിച്ച ആ സ്ത്രീയുടെ സഹോദരനാണ് ഞാൻ. ഡോക്ടർ സമീന്ദ്രനു ന്യൂറപ്പിക കൊടുത്തു. അടുത്തെങ്ങാനും ഭ്രാന്തശാലയുണ്ടൊ?"

"ആക്കുവേണ്ടിയാണ്?"

"എൻെറ സഹോദരിയെ പാർപ്പിക്കാൻ"

"നിങ്ങടെ സഹോദരിക്ക് ഭ്രാന്തില്ല," എന്ന് ഞാൻ നിസ്സംശയം പറഞ്ഞു.

"അവൾക്ക് ഭ്രാന്തില്ലെങ്കിൽ പിന്നെ ആർക്കാണ് ഭ്രാന്തു്? അവളുടെ ഭർത്താവു് അറുപതു വയസ്സിലാണ് മരിച്ചതു്. ഒരു വർഷമായി ഭ്രാന്തിൻെറ ചില ചിഹ്നങ്ങൾ കണ്ടുതുടങ്ങിയിട്ടു്."

"ഡോക്ടർ സമീന്ദ്രനെ കുററം പറയാൻപാടില്ല. അദ്ദേഹത്തിൻെറ വിശ്വാസം അവക്ക് ഗർഭമുണ്ടെന്നാണ്. നിങ്ങളുടെ സഹോദരിക്ക് ഭ്രാന്തല്ല, ഹിസ്റ്റിറിയ ആണ്. കുട്ടികളില്ലാതെ നിരാശപ്പെടുന്ന സ്ത്രീകൾക്ക് ഗർഭമുണ്ടെന്നു തോന്നുന്നതു് അസാധാരണമല്ല"

"ഞാൻ എന്തു ചെയ്യണം?" എന്നായി ആ യുവാവു്.

"സാധിക്കുമെങ്കിൽ രണ്ടാമതൊരു ഭർത്താവിനെ അന്വേഷിക്കുക."




'പഞ്ച് ആൻഡ് ജൂഡി' മുതൽ 'പഞ്ച്' വരേയും റാബലേ തൊട്ടു വൊഡ് ഹൗസ്സ് വരേയുമുള്ള ഗുണഫലിത പഞ്ചാനനന്മാക്കു നമസ്കാരം. 'ബഹുരസം' തുടങ്ങി 'വിശ്വരൂപം' വരേയുണ്ടായിട്ടുള്ളതും ഉള്ളതുമായ സഹജീവികൾക്കും വന്ദനം. അനുകരണമാതൃകയ്ക്കായി 'കേസരി'യെ ഞാൻ ആദ്യം ആശ്രയിച്ചു. ടിയാന്റെ 'നാട്ടെഴുത്തച്ഛന്മാരെ' കണ്ടപ്പോൾ എന്തോ ചിലതു തോന്നി. വഴിക്കു 'സുകുമാര'ന്റെ 'കാക്ക'യേയും 'കുറുക്ക'നേയും ദർശിച്ചു. 'ചിരി'യ്ക്കാൻ വകയുണ്ടോ എന്നു ചിലക്കു ശങ്ക. 'ഈ. വി.' യെ അന്വേഷിച്ചു നാകലോകത്തു ചെന്നപ്പോൾ വെററില മുറുക്കിന്റെ തിരക്കുകൊണ്ടു ചിരിക്കാൻ സമയമില്ല പോൽ! 'കണ്ടക്ടർ കുട്ടി,' അവിടംചെന്നു പററിയാൽ 'ഈ. വി.' യ്ക്കു നേരംപോക്കിനു വഴിയായി.

* * * * *

റഷ്യാരംഗത്തിൽ ഹിററ്ലരുടെ പുതിയ കണ്ടുപിടിത്തം 'കുഴിയാനഗതി നയ'മാണത്രെ.

* * * * *

V. മുദ്രയുടെ പ്രചാരംകണ്ടു ഹിററ്ലർ. സ്വസ്തിക മുദ്ര ഭേദപ്പെടുത്താൻ കല്പന കൊടുത്തുവത്രെ. ഉണ്ടാക്കിവന്ന മുദ്ര D ആയിരിക്കുമെന്നു കേൾക്കുന്നു.

* * * * *

All Fools' War (എല്ലാ വിഡ്ഢികളുടേയും യുദ്ധം) എന്നു കഴിഞ്ഞ യുദ്ധത്തിനു കൊടുത്ത പേർതന്നെ ഈ യുദ്ധത്തിനും കൊടുപ്പാൻ എച്ച്. ജി. വെൽസ്സ് തീച്ചയാക്കിയിരിക്കുന്നു. കാരണം!

All Fools = All Dictators.

* * * * *

ഇന്ത്യൻ കാൎയ്യങ്ങളെപ്പററി ആഗസ്റ്റ് എട്ടാം തീയതിയിലെ നില മാററുകയില്ലത്രെ. എട്ടിൽ ചൊട്ടാണെന്നു ഓത്താൽ വേണ്ടില്ല.

* * * * *

തിരുവിതാംകൂറിൽ കണ്ടെഴുത്തിനു മൂന്നുകോടി രൂപാ ചെലവു വരുമെന്നു ദിവാനും ചീഫ് സെക്രട്ടറിയും പ്രസ്താവിക്കുന്നു. മലയാം പള്ളിക്കൂടങ്ങളിൽ തന്മൂലം 'കേട്ടെഴുത്തു' മതിയെന്നാക്കാൻ ഭാവമുണ്ടത്രെ.

* * * * *

വിവാഹം കഴിപ്പാൻ അനുവാദം സിദ്ധിച്ച കൊച്ചിയിലെ നർസ്സുമാരുടെ സൗകൎയ്യത്തിന് ചീഫ് മെഡിക്കൽ ആഫീസ്സർ, 11 മണിമുതൽ ഹേഡ് ഡ് ക്വാട്ടർസ്സിൽ ഹാജരാകുന്നതിനു പകരം, 9 മണിക്കാക്കിയാൽ നന്നായിരിക്കുമെന്നു ചിലക്കു അഭിപ്രായമുണ്ട്.

* * * * *

മൂത്തേടന്റെ ക്രൈസ്തവാവകാശഭേദഗതിബില്ലിന്റെ ഫലം കൊച്ചിക്കാരുടെ പണം തിരുവിതാംകൂറിലേക്കു ഒഴുകുമെന്നുള്ളതാണുപോൽ. പക്ഷേ ട്രാവൻകൂർ നാഷനൽ ആൻറ് ക്വയിലോൺ ബാങ്കിന്റെ ലിക്വിഡേഷനുശേഷം തിരുവിതാംകൂർകാർ കൊച്ചിയിൽ ധാരാളം കുടിയേറിപ്പാർക്കുന്നതിന്റെ ഫലം എന്താണ്?

* * * * *

മുന്നറിവ് കൊടുക്കാതെ ജാപ്പാൻ യുദ്ധം തുടങ്ങിയതിനാൽ, മുന്നറിവു കൊടുത്താലും ജാപ്പാൻ പ്രതിനിധിക്ക് ന്യൂയോ

ക്ക് പട്ടണം വിട്ടവാൻ നിവൃത്തിയില്ലാതാതായിരിക്കുന്നു.

*　*　*　*　*

"ഈ സെഷനിൽ നിങ്ങൾ വായ് തുറന്നിട്ടില്ലല്ലോ" എന്നു ഒരു എം. എൽ. സി. മറെറാരു എം. എൽ. സിയോട്.

"നിങ്ങളുടെ പ്രസംഗങ്ങൾ കേട്ട് ഞാൻ പല പ്രാവശ്യം കോട്ടുവായിട്ട കടവായ് വേദനിക്കുന്നു."

*　*　*　*　*

പള്ളിക്ക ഒരിക്കലും പോകാത്ത തോമയോട്ട അച്ചൻ ചോദിച്ചു:

"തോമാ, എപ്പോഴെങ്കിലും വേദപുസ്തകം വായിക്കാറുണ്ടോ?"

"അയ്യോ, അച്ചാ, എനിക്ക് വായിക്കാനറിയില്ലല്ലോ."

നിന്നെ സൃഷ്ടിച്ചതാരെന്നു അറിയാമോ?"

"ഇല്ലല്ലോ."

അപ്പോൾ ഒരു കുട്ടി ആ വഴിക്ക് പോയി.

കുട്ടിയോട്ട അച്ചൻ ചോദിച്ചു:

"നിന്നെ ആർ സൃഷ്ടിച്ചു?"

"ദൈവം."

"ആറു വയസ്സായ കുട്ടിയ്ക്കു അറിയുന്നതു അറുപതു വയസ്സായ തോമയ്ക്കു അറിയില്ലല്ലോ. കഷ്ടം!"

"അച്ചാ, കൊച്ചൻ ഇന്നലെ ജനിച്ചവനല്ലെ. അവൻ മറന്നിട്ടില്ല. പണ്ടു നടന്ന കാൎയ്യം ഞാൻ എങ്ങനെ ഓൎമ്മിയ്ക്കും?"

*　*　*　*　*

ഒരു കേസ്സില്ലാത്ത വക്കീൽ കോടതിയിൽ വക്കീൽമുറിയിൽ പത്രം വായിച്ചിരിക്കുകയായിരുന്നു.

ഗുമസ്തൻ ഓടിക്കിതച്ചുവന്നു "ഒരാൾ ഒരു വക്കാലത്തു കൊണ്ടുവന്നിരിക്കുന്നു."

വക്കീൽ ചാടി എഴുന്നേററു.

ഗുമസ്തൻ: "ബദ്ധപ്പെടേണ്ട. ഞാൻ അയാളെ മുറിയിൽ ഇട്ടു പൂട്ടിയിട്ടുണ്ട്."

*　*　*　*　*

ആതിഥേയൻ അതിഥിയോട്ട: "നിങ്ങൾ ഇനി ഒരിക്കലും വരില്ലല്ലൊ."

"സൗകൎയ്യമുള്ളപ്പോൾ ഞാൻ തീൎച്ചയായും വരാം."

"നിങ്ങൾ പോകുന്നില്ലെങ്കിൽ എങ്ങനെ വരും?"

*　*　*　*　*

എണ്പത്തിനാല വയസ്സുള്ള ഒരാൾ പതിനേഴ വയസ്സുള്ള ഒരു പെൺകുട്ടിയെ വിവാഹത്തിന്നായി ബലിപീഠത്തിൻെറ മുമ്പിലേയ്ക്കു കൊണ്ടുചെന്നു. അച്ചൻ പറഞ്ഞു: "മാമോദീസാത്തൊട്ടി പള്ളിയുടെ മൂലക്കലാണ്."

"എനിക്കെന്തിനാ മാമോദീസാത്തൊട്ടി?" എന്നായി വയസ്സൻ.

"ഈ കുട്ടിയെ നാമകരണത്തിന്നു കൊണ്ടുവന്നതല്ലേ?"

*　*　*　*　*

"പത്രോസിൻെറ അമ്മായിഅമ്മ പനിപിടിച്ചു കിടന്നു."

മത്തായിയുടെ സുവിശേഷം എട്ടാം അദ്ധ്യായം പതിന്നാലാം വാക്യത്തെ അടിസ്ഥാനപ്പെടുത്തി മൂന്നു ഞായറാഴ്ച ചാണ്ടികത്തനാർ പ്രസംഗിച്ചു.

മൂന്നാമത്തെ ഞായറാഴ്ചയ്ക്കുശേഷം പള്ളിയിലെ മണിനാദം കേട്ടപ്പോൾ തോമാ പൈലിയോട്ട: "പത്രോസിൻെറ ഭാൎയ്യയുടെ അമ്മയ്ക്കു പനിപിടിച്ചു കിടപ്പിലായിട്ടു മൂന്നാഴ്ചയായി. മരിച്ചെന്നു തോന്നുന്നു."

# കർണ്ണാടകസംഗീതം

സി. സി. എലിസബെത്ത്.

വിജൃംഭിതമായ ഹൃദയവികാരം അതിൻെറ സ്വാഭാവികഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നതാണ് സംഗീതം. സുകമാരകലകൾ പലതുണ്ട്. എന്നാൽ ആലോചനാമൃതമായ സാഹിത്യമോ പ്രകൃതിയുടെ പ്രതിഛായയായ ചിത്രകലയോ ഇത്രയധികം ആളുകളെ ക്ഷണനേരംകൊണ്ട് ദിവ്യമായ ആനന്ദാനുഭൂതിയിൽ ലയിപ്പിച്ച് നിർവൃതരാക്കാൻ പര്യാപ്തമാകുന്നില്ല. പര ഹൃദയങ്ങളെ ഹഠാദാകർഷിച്ച് നിരങ്കുശമായ ഒരു രസാനുഭൂതി അവരിൽ അങ്കരിപ്പിക്കുക എന്നുള്ളതാണ് സംഗീതത്തിൻെറ പരമലക്ഷ്യം. മനുഷ്യഹൃദയത്തിൽ തള്ളിക്കവിയുന്ന സന്തോഷം, പ്രത്യാശ, ഭക്തി, സ്നേഹം, സങ്കടം, വെറുപ്പ്, നൈരാശ്യം മുതലായ വിചാരവികാരങ്ങളെ നാദരൂപത്തിൽ വെളിപ്പെടുത്തുന്ന ഒരു ഉൽകൃഷ്ട കലയാണ് സംഗീതം, അഥവാ സംഗീതം വികാരോദ്വേഗത്തിൻെറ നാദരൂപത്തിലുള്ള ബഹിസ്ഫുരണംതന്നെയാണ്.

ഭാരതീയ സംഗീതത്തിന് വളരെ പ്രാചീനത്വമുണ്ട്. ക്രിസ്ത്വാബ്ദത്തിൻെറ ആരംഭത്തിൽ തന്നെ ഭാരതീയ സംഗീതം ശാസ്ത്രീയമായ രൂപത്തെ കൈക്കൊണ്ടിരുന്നു. ഭാരതത്തിൽ ഏകസ്വഭാവത്തിലുള്ള സംഗീതപദ്ധതി നടപ്പിലിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ കാലാന്തരത്തിൽ ഉത്തരഭാരതവും ദക്ഷിണഭാരതവും വിഭിന്നങ്ങളായ സംഗീതപദ്ധതികൾ സ്വീകരിച്ചു. ദക്ഷിണേന്ത്യയിൽ ഇന്ന്, പ്രചാരത്തിലിരിക്കുന്ന സംഗീതം കർണ്ണാടകസംഗീതം എന്നു വ്യവച്ഛേദിക്കപ്പെട്ടിരിക്കുന്നു. സകല സംഗീതത്തിൻെറയും അടിസ്ഥാനം ഷഡ്ജം, ഋഷഭം, ഗാന്ധാരം, മദ്ധ്യമം, പഞ്ചമം, ധൈവതം, നിഷാദം എന്നറിയപ്പെടുന്ന ഏഴ് സ്വരങ്ങളിലാണ്. കർണ്ണാടക സംഗീതത്തിൽ സ—രി—ഗ—മ—പ—ധ—നി എന്നാണ് ഈ സ്വരങ്ങളെ പാടി വരുന്നത്. ഈ സപ്തസ്വരങ്ങളിൽ സ. പ. ഒഴിച്ചുള്ള സ്വരങ്ങൾക്കൊക്കെയും ഓരോ പിരിവുകൾ കൂടിയുണ്ട്. ആ പിരിവുകളനുസരിച്ച് സപ്തസ്വരങ്ങളെ പന്ത്രണ്ട് സ്വരങ്ങളായി വ്യവഹരിച്ചുവരുന്നു. രാഗങ്ങളുടെ ക്രമീകരണ പദ്ധതിക്ക് ഉതകത്തക്കവിധത്തിൽ ഇവയോട് ശുദ്ധഗാന്ധാരം, ചതുശ്രുതിഋഷഭം, സാധാരണ ഋഷഭം, ചതുശ്രുതിധൈവതം എന്ന നാലു സ്വരങ്ങൾകൂടി ചേർത്ത് ഇവയെ പതിനാറായും പറഞ്ഞുവരാറുണ്ട്. സ്വരങ്ങളെ 'പ്രകൃതി' (Natural) എന്നും "വികൃതി" (Unnatural) എന്നും രണ്ടായി വിഭാഗിക്കാം. പ്രാചീന സംഗീതശാസ്ത്രകാരന്മാരുടെ അഭിപ്രായപ്രകാരം, ഷഡ്ജം, ശുദ്ധഋഷഭം, ശുദ്ധഗാന്ധാരം, ശുദ്ധമദ്ധ്യമം, ശുദ്ധധൈവതം, ശുദ്ധനിഷാദം എന്നീ സ്വരങ്ങൾ എല്ലാം പ്രകൃതിസ്വരങ്ങളും ശേഷമുള്ളവ വികൃതിസ്വരങ്ങളുമാണ്. ഈ തത്വമനുസരിച്ച് ഒന്നാമത്തെ മേളകർത്താ രാഗമായ കനകാംഗിയ്ക്ക് പ്രകൃതി സ്വരങ്ങൾമാത്രമേയുള്ളൂ. എന്നാൽ ആ

ധുനികശാസ്ത്രം പറയുന്നതു് സ. പ. അതായതു് പിരിവുകളില്ലാത്ത ഷഡ്ജം, പഞ്ചമം ഇവകൾ മാത്രം പ്രകൃതിസ്വരങ്ങളും ശിഷ്ടമുള്ളവയെല്ലാം വികൃതിസ്വരങ്ങളുമെന്നാണത്രേ.

കർണ്ണാടകസംഗീതത്തിൽ വാദി—സംവാദി—വിവാദി – അനുവാദി എന്നു് നാലു സ്വരങ്ങൾ ഉണ്ടു്. ഒരു രാഗത്തിൽ ഏററവും പ്രാധാന്യമുള്ളതു് 'വാദി' സ്വരത്തിനാണു്. ആ സ്വരം ആ രാഗത്തിൽ പല പ്രാവശ്യവും വ്യക്തമായി പ്രതിധ്വനിക്കുന്നു. ഓരോ രാഗത്തിന്റെയും രാജാവാണു് വാദിസ്വരം. ഇതിനെ 'അംശ'സ്വരം എന്നും 'ജീവ' സ്വരം എന്നും പറയാറുണ്ടു്. തോടിരാഗത്തിൽ ഗ— ധ— ഈ സ്വരങ്ങളും, ആരഭിയിൽ മ— ബേകടയിൽ നീ— ശഹനയിൽ രി— മുതലായവ വാദിസ്വരങ്ങളുടെ ഉദാഹരണങ്ങളാണു്. 'സംവാദി' സ്വരത്തിനു് വാദിയാകുന്ന രാജാവിന്റെ മന്ത്രിസ്ഥാനമാണുള്ളതു്. അതായതു്, ഒരു രാഗത്തിന്റെ ഭാവവും, രാഗലക്ഷണവും ശരിയായിപ്രത്യക്ഷപ്പെടുത്തുന്ന കൃത്യത്തിനു് സംവാദിസ്വരം വാദിസ്വരത്തിന്റെ സഹായകസ്വരമായി പ്രവർത്തിക്കുന്നു. (രണ്ടു സ്വരങ്ങൾക്കു് മദ്ധ്യത്തിൽ ഏക ശ്രുതി മാത്രം ഉണ്ടായിരിക്കുമ്പോൾ ആ സ്വരങ്ങൾ ഒന്നിനോടൊന്നു് വിവാദിത്വമുള്ളവയായിക്കാണുന്നു. ഉദാഹരണം ശുദ്ധരിഷഭവും, ശുദ്ധഗാന്ധാരവും, ശുദ്ധധൈവതവും, ശുദ്ധനിഷാദവും) വാദിയും വിവാദിയും സംവാദിയുമല്ലാത്ത സ്വരത്തിനു് 'അനുവാദി' എന്നുപേർ.

വെങ്കിടമഖി അദ്ദേഹത്തിന്റെ ചതുർദണ്ഡിക പ്രകാശികയിൽ രേഖപ്പെടുത്തുന്നതു് സാരംഗദേവനാൽ വിരചിതമായ 'സംഗീതരത്നാകരം' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്ന പത്തു ലക്ഷണങ്ങൾ ആധുനിക രാഗങ്ങളിൽ ദൃശ്യമാകുന്നില്ല; അവ പ്രാചീനരാഗങ്ങൾക്കു് മാത്രമേ ഉണ്ടായിരുന്നുള്ളു എന്നും ഇപ്പോൾ പ്രധാനമായുള്ളതു് ഗ്രഹം ന്യാസം അംശം എന്നു മൂന്നു ലക്ഷണങ്ങൾ മാത്രമാണെന്നുമാണു്. ഇതിൽ അംശസ്വരവും വാദിസ്വരവും ഒന്നുതന്നെ. ഏതൊരു സ്വരത്തോടുകൂടി ഒരു രാഗം ആരംഭിക്കുന്നുവോ, ആ സ്വരത്തിനു് ഗ്രഹസ്വരം എന്നു പറഞ്ഞുവരുന്നു. രാഗലക്ഷണങ്ങളെപ്പററി പ്രതിപാദിക്കുമ്പോൾ ഓരോ രാഗത്തിന്റെയും ഗ്രഹസ്വരം പറഞ്ഞിരിക്കണം. അപ്രകാരം കാണുന്നില്ലെങ്കിൽ, ആ രാഗത്തിന്റെ ഗ്രഹസ്വരം ഷഡ്ജമാണെന്നു് ധരിച്ചുകൊള്ളണം. ഏതൊരു സ്വരത്തോടുകൂടി ഒരു രാഗം അവസാനിക്കുന്നുവോ, ആ സ്വരത്തിനു് ന്യാസസ്വരമെന്നു പറയുന്നു.

സ്ഥായി. ഒരു സ്ഥായി എന്നതു് സപ്തസ്വരങ്ങളുടെ ഒരു പരമ്പരയാകുന്നു. സംഗീതത്തിൽ ശാസ്ത്രപ്രകാരം അനുമന്ദ്രസ്ഥായി— മന്ദ്രസ്ഥായി— മദ്ധ്യസ്ഥായി— താരസ്ഥായി— ആദി താരസ്ഥായി എന്നിങ്ങനെ അഞ്ചു സ്ഥായികൾ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ ആദ്യത്തേതും അവസാനത്തേതും മനുഷ്യസാദ്ധ്യതയ്ക്കു് അവിഷയങ്ങളായിരിക്കുന്നതിനാൽ അവ പ്രയോഗത്തിൽ അല്ല.

. . . . . . . .
സ രി ഗ മ പ ധ നി സ
താര സ്ഥായി.

സ രി ഗ മ പ ധ നി സ
മദ്ധ്യസ്ഥായി.

സ രി ഗ മ പ ധ നി സ
. . . . . . . .
മന്ദ്രസ്ഥായി.

രാഗങ്ങൾ. വാച്യമായി പറയുന്നപക്ഷം രാഗത്തിന് വികാരം എന്നാണത്ഥം. ഭാരതീയ സംഗീതത്തിലെ പലതരം രാഗങ്ങൾ വാസ്തവത്തിൽ ഏദയവികാരത്തിൻെറ വിവിധ രൂപങ്ങളെ നാദഭാഷയിൽ പ്രകാശിപ്പിക്കയാണ് ചെയ്യുന്നത്. ഹൈന്ദവ സംഗീത സമ്പ്രദായം ലോകത്തിൽ അനന്യദൃശ്യമായ ഒന്നാണ്. ഈ സംഗീതകല ഗായകൻെറ മനോധമ്മമനുസരിച്ച് രാഗങ്ങളെ വികസിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം അനുവദിക്കുന്നുണ്ട്. ഓരോ രാഗത്തിൻേറയും ആരോഹണാവരോഹണസ്വരത്തെ നിജപ്പെടുത്തിയതിനുശേഷം, ഗായകന് തൻെറ വികാരങ്ങളെ ഏററവും അനുയോജ്യമായ രൂപത്തിൽ പ്രകാശിപ്പിക്കുന്നതിനുള്ള ഗാനസ്വാതന്ത്ര്യം ഉണ്ട്. ഇതിനാണ് മനോധമ്മമെന്ന് പറയുന്നത്. മറെറാരു ദേശത്തെ സംഗീതകലയും മനോധമ്മമനുസരിച്ചുള്ള ഗാനാലാപം അനുവദിക്കുന്നില്ല. മനോധമ്മപ്രയോഗത്തിൽ നിശ്ചിതമായ സ്വരസ്ഥാനപദ്ധതിയെ അതിലംഘിക്കരുതെന്നുള്ള ഒരു നിബന്ധന അതിപ്രധാനവുമാണ്. യാതൊരു രാഗം ആലാപിക്കുന്നുവോ അതിൻെറ പ്രത്യേകലക്ഷണങ്ങൾ ആലാപിച്ച് രാഗം ശുദ്ധമായിതന്നെ പാടണം. സ്വരങ്ങളുടെ ചില പ്രത്യേക യോഗങ്ങൾ, ചില സ്വരങ്ങൾ കൊടുക്കുന്ന പ്രത്യേകശക്തി മുതലായവയാണ് പ്രസ്തുത ലക്ഷണങ്ങൾ. ഈ ലക്ഷണങ്ങൾ കൂടാതെ രാഗത്തിൻെറ ഭാവം ശരിയായി പ്രത്യക്ഷപ്പെടുന്നില്ല.

രാഗങ്ങൾ, ജനകരാഗങ്ങൾ, ജന്യരാഗങ്ങൾ എന്ന വിപുലമായ രണ്ടു വിഭാഗങ്ങളിലുൾപ്പെടുന്നു. ജനകരാഗങ്ങളെ സംപൂണ്ണരാഗങ്ങൾ, തരംഗരാഗങ്ങൾ, ധാതുരാഗങ്ങൾ, മാതൃരാഗങ്ങൾ, പ്രാഥമികരാഗങ്ങൾ എന്നൊക്കെ പറഞ്ഞുവരാറുണ്ട്. ഈ രാഗങ്ങളിൽ ആരോഹണത്തിലും അവരോഹണത്തിലും സപ്തസ്വരങ്ങൾ എല്ലാം അനുക്രമമായിട്ടാണ് ഉപയോഗിച്ചുവരുന്നത്. വെങ്കിടമഖിയുടെ അഭിപ്രായമനുസരിച്ച് എഴുപത്തിരണ്ട് സംപൂണ്ണരാഗങ്ങൾ ഉണ്ട്. അദ്ദേഹത്തിൻെറ വിഭജനപദ്ധതി കണക്കുശാസ്ത്രപരവും, സംഗീതശാസ്ത്രപരവും കൂടെയാണ്. വെങ്കിടമഖി ഈ രാഗങ്ങളെ ക്രമീകരിച്ചിരിക്കുന്നത് ഏററവും ഉത്തമമായ ഒരു രീതിയിലാണ്. "രാഗരാഗിണിപുത്ര" എന്ന നാമത്തിൽ അറിയപ്പെടുന്ന പ്രസ്തുത ക്രമീകരണപദ്ധതി ഉത്തര ഭാരതത്തിൽ ഇന്നും പ്രചുരപ്രചാരമായിത്തന്നെയിരിക്കുന്നു. ഇതു് 1660-ാമാണ്ട് വെങ്കിടമഖിയാൽ വിരചിതമായ 'ചതുർദണ്ഡിപ്രകാശിക' എന്ന ഗ്രന്ഥത്തിൽ കാണാൻ കഴിയും. പ്രസ്തുത മഹൽഗ്രന്ഥം വിവിധശ്രുതികൾ, സ്വരങ്ങൾ, മേളങ്ങൾ, രാഗങ്ങൾ, ആലാപനങ്ങൾ, ഗീതങ്ങൾ, പ്രബന്ധങ്ങൾ, താളങ്ങൾ മുതലായവയെക്കുറിച്ച് സംപൂണ്ണമായും സവിസ്തരമായും പ്രതിപാദിച്ചിരിക്കുന്നു. അന്നറിയപ്പെട്ടിരുന്ന രാഗങ്ങളുടെ ലക്ഷണങ്ങളെ അദ്ദേഹം പൂണ്ണമായി അഭ്യസിച്ച് അവയെ പരമ്പരകളായി വിഭജിച്ചു. ഈ ക്രമീകരണപദ്ധതിയിൽ അന്നറിയപ്പെട്ടിരുന്ന സംപൂണ്ണരാഗങ്ങൾ മാത്രമല്ല, പിന്നീട് ആ പന്ത്രണ്ട് സ്വരങ്ങളിൽനിന്നും ഉൽഭൂതമാകാവുന്ന മേളകത്താരാഗങ്ങളും അടങ്ങിയിരിക്കുന്നു. അദ്ദേഹത്തിൻെറ കാലത്ത് പത്തൊൻപതു് (19) മേളകത്താരാഗങ്ങൾ മാത്രമേ നടപ്പിലുണ്ടായിരുന്നുള്ളു. ഇവകൾ "പ്രസിദ്ധ മേളകത്താ" എന്നാണ് അറിയപ്പെട്ടിരുന്ന

ത്. അദ്ദേഹത്താൽ പ്രതിപാദിതമായ എഴുപത്തിരണ്ട് മേളകർത്താരാഗങ്ങൾ ക്രമാനുസരണമായി വിവരിക്കപ്പെട്ടിരിക്കുന്നു. എഴുപത്തിരണ്ട് രാഗങ്ങളെ ആറെണ്ണംവീതം അടങ്ങുന്ന പന്ത്രണ്ട് 'ചക്രങ്ങ'ളിലായി വിഭജിച്ചിരിക്കുന്നു. ചക്രങ്ങളെ 1 ഇന്ദു. 2 നേത്ര. 3 അഗ്നി. 4 വേദ. 5 ഋതു. 7 ഋഷി. 8 വസു. 9 ബ്രഹ്മ. 10 ദിശി. 11 രുദ്ര. 12 ആദിത്യ. എന്നിങ്ങനെ പേർ വിളിച്ചുവരുന്നു. ആദ്യത്തെ ആറു ചക്രങ്ങളിൽ അടങ്ങിയിരിക്കുന്ന ഒന്നു മുതൽ 36 വരെയുള്ള (6 × 6) മേളകർത്താരാഗങ്ങൾക്ക് 'ശുദ്ധ മദ്ധ്യമ'—അല്ലെങ്കിൽ പൂർവ്വാംഗ മേളകർത്താരാഗങ്ങൾ എന്നും ബാക്കിയുള്ളവയ്ക്ക് 'പ്രതിമദ്ധ്യമ' അല്ലെങ്കിൽ ഉത്തരാംഗമേളകർത്താരാഗങ്ങൾ എന്നും പറയുന്നു. ഈ രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള വ്യത്യാസം മദ്ധ്യമത്തിൽ ആണ്.

# താരങ്ങൾ

(കേക)

വിദ്വാൻ അടയത്തു കൃഷ്ണപിള്ള.

വിശ്വൈക മഹാശില്പി യത്നമാം നീലപ്പട്ടിൽ
ശാശ്വതമായിത്തങ്കക്കാശുകൾ നിരത്തുന്ന
ആശയാം കമനിതൻ വാർമുടിക്കെട്ടിൽ ചൂട-
മാശയൊത്തൊരു തങ്കപ്പൂക്കളുമാവാമിവ
വാനമാം നിലമേലാപ്പതിലങ്ങിങ്ങായ് മിന്നു-
മൂനമററതാം നല്ല കാഞ്ചന ഞ്ളോപ്പല്ലീ!
കാലമാം ഗണകാഗ്ര്യനംബരപ്പലകമേൽ
ചാലവേ നിരത്തുന്ന തുവെള്ളക്കവടിയോ?
ആകാശലക്ഷ്മിചാർത്തുമാകാമ്യ മാല്യം തന്നി-
ലേകൈകമായ് ത്തിളങ്ങും മുത്തുകളാകാം പക്ഷേ.
നാകത്തിൽ നാനാത്വങ്ങൾ തെളിപ്പാൻ ജഗദീശ-
നാകവേ കൊളുത്തിയ മണിദീപങ്ങളാവാം.
വ്യോമത്തിൽ ശീതാംശുവെ യെതിരേല്പാനായ് നിശാ-
കാമിനി തന്നാളികളേന്തും പൊൻ താലങ്ങളോ?
ലോകത്തിലഹോരാത്ര ഭേദ നിർണ്ണയം ചെയ്യു-
മാകമ്ര ദ്യുതിയാന്ന താരങ്ങളിവയെല്ലാം.

K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY MANNARGHAT

# * അന്ത്യം

[ ഓമനക്കുട്ടൻ ]

പെരുന്ന കെ. വി. തോമ്മസ്സ്.

പോകയാണമ്മേ! പോകയാണുഞാൻ
ശീതളഛായ തേടിടാൻ;
അന്ധകാരത്തിൻ പിന്നിൽ നിൽക്കുമാ-
കൈവിളക്കു കൊളുത്തുവാൻ;
സ്നേഹമില്ലാതെ മങ്ങി മങ്ങിയാ-
ദീപകയിതാ വീണുപോയ്
പോകയാണമ്മേ! പോകയാണുഞാൻ
താമസിച്ചീടാ തെല്ലുമേ.

സുപ്രഭാതത്തിൻ സുസ്മിതത്തിലാ-
ക്കൊച്ചുമെത്തയിലുണ്ണിയെ
തപ്പിനോക്കിയെന്നമ്മ നിത്യവും
ഞെട്ടി, ഞെട്ടിക്കരഞ്ഞിടും
പോകയാണമ്മേ, പോകയാണുഞാൻ
താമസിച്ചീടാ, തെല്ലുമേ!

മഞ്ഞു മാമലമേൽ ശയിക്കയിൽ
മന്ദ മാരുതനായി ഞാൻ;
അംബരാങ്കണ കേളിയാടിനി-
ന്നങ്കത്തിൽ വന്നുവീണിടും.
കിക്കിളിയിട്ടു മേനിയി, ലെൻെറ
കൊച്ചു കൈയാൽ തലോടിടും
പോകയാണമ്മേ പോകയാണുഞാൻ
താമസിച്ചീടാ തെല്ലുമേ!

വിൺപ്രഭാവതി, നീ കുളിക്കുമീ-
ഗംഗയാറിനെ നിത്യവും
കൊച്ചലയായി ചുംബനം ചെയ്യും,
യിഛപോൽ ധന്യനായിടാൻ
പോകയാണമ്മേ പോകയാണുഞാൻ
താമസിച്ചീടാ, തെല്ലുമേ

കൂരിരുട്ടിലേ മൗനഗാനത്തിൽ-
വാത്സ്യ, ഗൽഗദം ചേർക്കവേ,
മഞ്ഞുതുള്ളികൾ, മഞ്ജുഭാഷണം
മന്ദമായ് ച്ചെയ്തു, തീരവേ,
നിൻകിടക്കയിലേകനാമെൻെറ
മന്ദഹാസത്തെ കേട്ടിടും
പോകയാണമ്മേ! പോകയാണുഞാൻ
താമസിച്ചീടാ, തെല്ലുമേ!

* * * * *

ലോകമെല്ലാം നിശ്ശബ്ദതയിങ്കൽ
ലാലസിച്ചീടും നേരത്തിൽ;
ഉണ്ണിയാമെന്നെയോർത്തു നീയൊരു-
കണ്ണുനീർ തൂകും നേരത്തിൽ;
നിദ്രകിട്ടാതെ സ്വപ്നജാലത്തിൽ
ചിത്തമാണ്ടിടും നേരത്തിൽ
വെള്ളിത്താരമായ്, വാനിൽനിന്നുഞാൻ
നിന്നപദാനം, പാടിടും
"കണ്ണുപൂട്ടുക" ദേവി! നിർമ്മലേ!
മംഗളാഞ്ജലി നേരുന്നു
പോകയാണമ്മേ! പോകയാണുഞാൻ
താമസിച്ചീടാ തെല്ലുമേ.

* ടാഗോർ

# സമരയാത്ര

വൈദ്യൻ പി. എൻ. ദാമോദരൻനമ്പൂതിരി.

വിടതരികെനിക്കോമലേ വേഗമാ
പടനടുവിലേക്കെത്തുവാൻ നേരമായ്
ഭടരണയേണ്ട കാഹളം കേട്ട ഞാൻ
കടമ ചെയ്യാതെ ഭീരുവായ് വാഴ്കയോ?
മദമണക്കുമീ യൗവ്വന മാധുരി
മതികവരുന്നുവെങ്കിലുമോമനേ
ക്ഷതമിയന്ന സഹജർതൻ യാതനാ
രുദിതമെൻസിരാ ചൂടുപിടിപ്പിപ്പൂ.
പ്രണയനാടകമാടാൻതുടങ്ങവേ
ഭരതവാക്യം കഥിക്കേണ്ടിവന്നതിൽ
പരിഭവിക്കരുതെന്നുടെ ജീവിതം
പരസഹസ്രസംരക്ഷണം തന്നെയാം,
ചുടുനിണച്ചാലു് ചുററുമൊഴുകവേ
പടഹനിസ്വനം കാതിൽ മുഴങ്ങവേ
ഇവിടെ നാം നമ്മസല്ലാപലോലരായ്
മരുവിടുന്നതു പാതകമല്ലയോ?
കദനസിന്ധുവിലാന്നമൻമാതൃഭൂ
നയനബാഷ്പം തുടക്കേണ്ട കൈകളാൽ
മരണമാത്ര സഹജർതൻ തൃഷ്ണയാൽ
ജലമൊഴുക്കേണ്ടതാകുമീക്കൈകളാൽ
പരമോഹനേ നിന്നെത്തഴുകിയീ
കരമശുദ്ധമാക്കിടുക യോഗ്യമോ?
സഹജസംരക്ഷണാൽ സുകയാത്രയാൽ
നയനനീരാലമംഗളമാക്കൊലാ.

# Udayam Magazine,

Editors { M. P. Paul, M. A.
K. J. Joseph Therattil, M. A., B. L.


Single Copy 3 As.

മാസിക ഒററപ്രതിക്ക് മൂന്നണ.

Subscription in Advance.

വരിസംഖ്യ മുൻകൂർ.

Subscription Rates for A Year.

ഉദയംമാസിക—വരിസംഖ്യ ഒരുകൊല്ലത്തേക്ക്

അഞ്ചലിൽ (Anchal) Rs. 2—8—0 ക.

തപാലിൽ (Post) Rs. 2—12—0 ക.

ഇന്ത്യക്കു പുറമെ (Outside India) Rs. 5—0—0 ക.

പരസ്യനിരക്ക്. (ADVERTISEMENT RATES)

FULL COVER PAGE FOR ONE YEAR Rs. 200. മുഴവൻ കവർപേജ് ഒരുകൊല്ലത്തേക്കു 200ക

| | Months 12 മാസം | Months. 6 മാസം. | Months. 3 മാസം. | Single Insertion. ഒരു പ്രാവശ്യം. |
|---|---|---|---|---|
| Full page മുഴവൻ പേജ് | Rs. 100 ക. | Rs. 60 ക. | Rs. 40 ക. | Rs. 12 ക. |
| Half page അര പേജ് | Rs. 60 ക. | Rs. 40 ക. | Rs. 25 ക. | Rs. 8 ക. |
| Quarter page കാൽപേജ് | Rs. 36 ക. | Rs. 24 ക. | Rs. 15 ക. | Rs. 5 ക. |

എല്ലാ സ്ഥലങ്ങളിലും ഏജൻറന്മാരെ ആവശ്യമുണ്ട്.

ADDRESS:

*Udayam Office,*
*Ernakulam.*

അപേക്ഷിക്കേണ്ടും മേൽവിലാസം:

ഉദയം ആപ്പീസ്,
എറണാകുളം.


## M. P. PAUL'S COLLEGE,

**ERNAKULAM.**

**OFFERS INSERTION FOR THE FOLL:—**

City and Guilds (London) Examination in Radio communications.
Bombay Government Examination in Radio Engineering (R. E.)
City and Guilds Examination in Electrical Technology.
A. M. I. E. E. Examination of London.
Government of India Examination in Wireless Operators Test.
**B. A., B. Sc., Intermediate and Cambridge Senior.**

For details apply to:—

**M. P. PAUL M. .A,**
**PRINCIPAL.**

## സ്റ്റാലിൻ

തൊഴിലാളിപ്പതിപ്പ് തയ്യാറായിവരുന്നു.

വില. 1ണ. 6പൈ.

ഗ്രന്ഥകർത്താ:

കെ. ജെ. ജോസഫ് തേറാട്ടിൽ,
എം. എ., ബി. എൽ.
എറണാകുളം.

## ബാഷ്പധാര.

ശോകാത്മകമായ ഒരു ഖണ്ഡകാവ്യം.

(IN PRESS)

ഗ്രന്ഥകർത്താ:

സരസഗായകകവി
വിദ്വാൻ പുത്തൻകാവു് മാത്തൻതരകൻ,
ബി. ഒ. എൽ.



Edited, Printed and Published by K. J. JOSEPH THERATTIL, M. A., B. L.
at the Prakasam Printing Works, Broadway, Ernakulam.